**KOTTAYAM PUBLIC LIBRARY**

Call No. MAI  Acc. No. 21438

Author കൊച്ചുകുഞ്ഞുറൈട്ടർ കൊന്നയിൽ

Title ക്രിസ്തുവവേദചരിത്രം –
ഇരുപത്തിനാലുവൃത്തം

## ക്രൈസ്തവവേദചരിതം

# മുപ്പത്തിനാലുവൃത്തം

(പുതിയപതിപ്പ്)

21438

ഗ്രന്ഥകർത്താ,

**കൊന്നയിൽ കൊച്ചുകുഞ്ഞുറൈറ്റർ**

---

അവതാരികയും ടിപ്പണവും വിദ്വാൻ വി. റ്റി. അയ്പ്.

VIDYARTHI MITHRAM KOTTAYAM

MAI

ഒന്നാം പതിപ്പ്

കോപ്പി 1000

1955 May

# 34 വൃത്തത്തിലെ വൃത്തങ്ങൾ

| വൃത്തം No. | | വൃത്തനാമം | | 24 വൃത്തത്തിൽ |
|---|---|---|---|---|
| 1 | — | ഇന്ദുവദന. | — | 1-ാം വൃത്തത്തിൽ |
| 2 | — | സർപ്പിണി. | — | 2 ,, |
| 3 | — | കല്യാണി. | — | 5 ,, |
| 4 | — | കലേന്ദുവദന. | — | 3 ,, |
| 5 | — | മല്ലികാ. | — | 6 ,, |
| 6 | — | പഞ്ചചാമര. | — | 7 ,, |
| 7 | — | സമ്പുടിതം. | — | 8 ,, |
| 8 | — | മഞ്ജരി. | — | 10 ,, |
| 9 | — | അതിസമ്മത. | — | 11 ,, |
| 10 | — | സമാസമം. | — | 4 ,, |
| 11 | — | പല്ലവിനി. | — | 13 ,, |
| 12 | — | തരംഗിണി. | — | 14 ,, |
| 13 | — | അതിസ്തിമിത. | — | 17 ,, |
| 14 | — | സ്തിമിത. | — | 18 ,, |
| 15 | — | ശങ്കരചരിതം. | — | 20 ,, |
| 16 | — | സ്രഗ്വിണി, | — | 21-A ,, |
| 17 | — | മദനാർത്താ. | — | 23 ,, |
| 18 | — | ഉപസർപ്പിണി. | — | 22 ,, |

# അവതാരിക.

സുപ്രസിദ്ധമായ മുപ്പത്തിനാലുവൃത്തം, സുഭാഷിതം കിളിപ്പാട്ടു്, സ്തുതിപ്പുകൾ, അനുതാപകീൎത്തനങ്ങൾ, സങ്കീൎത്തനങ്ങൾ, അസംഖ്യം ക്രൈസ്തവഗീതങ്ങൾ എന്നിങ്ങനെ. വിവിധങ്ങളായ നിരവധി കവിതകളുടെ കൎത്താവായ ഒരു മഹാകവി ആയിരുന്നു വേളൂർ കൊന്നയിൽ പരേതനായ എൻജിനീയർ മി. സി. ജെ. മാണിയുടെ പിതാവായ കൊച്ചുകുഞ്ഞുറൈട്ടർ. അദ്ദേഹത്തിൻെറ കവിതകളിൽ പൂൎണ്ണങ്ങളും അപൂൎണ്ണങ്ങളും ആയ കൃതികൾ പലതും ഇന്നും അമുദ്രിതങ്ങളത്രേ. ഒരു ഇംഗ്ലീഷ്-മലയാള നിഘണ്ടുവും അക്കൂട്ടത്തിൽ ഉൾപ്പെടുന്നു. കാവ്യവ്യാപാരത്തിൽ കേരളീയ ക്രൈസ്തവർ പിന്നോക്കം ആണെന്നുള്ള അഭിപ്രായം ഇതുവരെ നിശ്ശേഷം നീങ്ങിയിട്ടില്ല. അതിൻെറ ഹേതുക്കൾ ഇവിടെ ചർച്ചാവിഷയമല്ല. ഓരോ കാലഘട്ടത്തിലും വാസനാസമ്പന്നരായ പല ക്രൈസ്തവ കവികളും കാവ്യാധ്വാവിൽ സഞ്ചരിച്ചു് വിജയശ്രീലാളിതരായിട്ടുണ്ടെങ്കിലും, ഇന്നത്തെ സാഹിത്യചരിത്രങ്ങൾ പലതും ഏതദ്വിഷയകമായി, വിദ്വജ്ജനഭൂഷണമായ "മൗനം" ഭജിച്ചിരിക്കയാണു്. സ്വസമുദായത്തിൽനിന്നും പ്രോത്സാഹനത്തിനുപകരം "നിരുത്സാഹന"മായിരിക്കാം അവർക്കു് ലഭിച്ചിരുന്നതു്. എന്നാൽ ഗദ്യസാഹിത്യത്തിനു് ഇന്നു കാണുന്ന അഭിവൃദ്ധിക്കു് അടിസ്ഥാനമിട്ടതു് "വൎത്തമാനപ്പുസ്തകം" മുതലായ ഗ്രന്ഥങ്ങൾ കൈരളിക്കു് സംഭാവന ചെയ്ത ക്രൈസ്തവരുടെ പരിശ്രമമാണെന്നുള്ള പരമാൎത്ഥം മറക്കാവുന്നതോ മറയ്ക്കാവുന്നതോ അല്ല.

ഒരു കവി എന്ന നിലയിൽ ഒട്ടും അപ്രധാനമല്ലാത്ത ഒരു സ്ഥാനത്തിനു അർഹനാണു ശ്രീ. കൊച്ചുകുഞ്ഞുറൈട്ടർ. ശ്രീയേശുവിജയം, വേദവിഹാരം, ഇസ്രായേൽവംശം മുതലായ ആധുനിക മഹാകാവ്യങ്ങളുടെ ഉത്ഭവത്തിനു പ്രേരകമായി ഭവിച്ചിട്ടുള്ളതു് ഇദ്ദേഹത്തിൻെറ കാവ്യങ്ങളാണെന്നു അനുമാനിക്കാവുന്നതാണു്.

ഏകദേശം 125 വർഷങ്ങൾക്കുമുമ്പ് വേളൂർ കൊന്നയിൽ കുടുംബത്തിൽ പ്രസ്തുത കവി ഭൂജാതനായി. കൊന്നയിൽ കുടുംബാംഗങ്ങൾ പലരും പരമ്പരയാ സംസ്കൃതപണ്ഡിതന്മാർ ആയിരുന്നു. മഹാകവിയുടെ പിതാവായ കൊന്നയിൽ മാണി അവർകൾ, അക്കാലത്തു ജീവിച്ചിരുന്ന സംസ്കൃതപണ്ഡിതന്മാരിൽ പ്രമുഖനായ ഒരുവനായിരുന്നത്രേ. സവർണ്ണഹിന്ദുക്കളിൽ പലരും അന്നു മി. മാണിയുടെ സന്തതസഹവാസം കാംക്ഷിച്ചിരുന്നതായി പറയപ്പെടുന്നു. ഹിന്ദുപുരാണങ്ങൾ, കാവ്യങ്ങൾ മുതലായവ വ്യാഖ്യാനിച്ച് ഹൈന്ദവ പണ്ഡിതന്മാരെ ആകർഷിക്കുന്നതിനുള്ള പാണ്ഡിത്യം അദ്ദേഹത്തിനുണ്ടായിരുന്നു. തന്മൂലം സമീപമുള്ള ക്ഷേത്രത്തിലെ കളിത്തട്ടിൽ മി. മാണിയുടെ സാന്നിദ്ധ്യം ഉണ്ടായെന്നു കേട്ടാൽ, ഒരു വലിയ സംഘം ഹിന്ദുജനത അവിടെ വന്നുകൂടുക സാധാരണമായിരുന്നു. ഹിന്ദുമര്യാദകളിലും ആചാരങ്ങളിലും ഈ പണ്ഡിതന് നിസ്സീമമായ ഒരു താല്പര്യം ഉണ്ടായിരുന്നതായി പറയപ്പെടുന്നു. പുത്രനായ കവി ചെറുപ്പത്തിൽ ഹിന്ദുക്കളെപ്പോലെ കുടുമ്മ വളർത്തിയിരുന്നുവത്രെ.

കൊച്ചുകുഞ്ഞുറൈട്ടർ ആംഗലഭാഷാഭ്യസനം നിർവഹിച്ചതു് കോട്ടയം സി. എം. എസ്സ്. ഹൈസ്കൂളിലായിരുന്നു. അവിടത്തെ ഗ്രാമർസ്കൂളിൽ മൂന്നുനാലു വർഷം പഠിച്ചശേഷം റവ: പീററ സായ്പിന്റെ കീഴിലുണ്ടായിരുന്ന പഴയസെമ്മനാരിയിൽ ചെന്നുചേർന്നു. അവിടെ അന്നു നാൽപ്പതോളം ശെമ്മാശന്മാരും വേറെ പത്തുപന്ത്രണ്ടു കുട്ടികളും പഠിച്ചിരുന്നു. ശെമ്മാശന്മാരിൽ പ്രധാനി മാരാമണ്ണ് പാലക്കുന്നത്തു് മാത്യൂസ് ശെമ്മാശൻ (കാലംചെയ്ത വലിയ മാത്യൂസ് മാർ അത്തനാസ്യോസ് തിരുമേനി) ആയിരുന്നു. കോളജ് ആരംഭിച്ച കുറെ കഴിഞ്ഞപ്പോൾ, മദ്രാസ് ബിഷപ്പ് സ്പെൻസർ കോളജ് സന്ദർശിക്കയും കുട്ടികളെ പരീക്ഷിച്ച് വിദ്യാർത്ഥികളായിരുന്ന ഇട്ടൂപ്പിനും (പ്രസിദ്ധ സുറിയാനിസഭാ ചരിത്രകാരനായിത്തീർന്ന ഇട്ടൂപ്പ്റൈട്ടർ) കൊന്നയിൽ ജോൺ എന്ന കുട്ടിക്കും (പ്രസ്തുത മഹാകവി) മൂന്നുരൂപാവീതം സഹായധനം (സ്കോളർഷിപ്പ്) അനുവദിക്കുകയും ചെയ്തു. തമിഴ്, സംസ്കൃതം തുടങ്ങിയ ഇതര ഭാഷകളിലും കഥാപുരുഷൻ പ്രാവീണ്യം സമ്പാദിച്ചു. സ്വന്തം കൈയ്യക്ഷരത്തിൽ

പകർത്തിയ നിരവധി സംസ്കൃതകാവ്യങ്ങൾ, അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളുടെ കൈവശം ഇപ്പോഴുമുണ്ടു്.

സംസ്കൃത ഭാഷാഭ്യസന വൈമുഖ്യമാണു് കേരളീയ ക്രൈസ്തവരെ കവിതാലോകത്തിൽനിന്നും അകററിനിർത്തിയിരിക്കുന്നതു് എന്നുള്ളതു് നിസ്സംശയമാണു്. ശ്രീയേശുവിജയം കാവ്യത്തിന്റെ അവതാരികയിൽ ഉള്ളൂർ മഹാകവി പറഞ്ഞിരിക്കുന്നതു് ശ്രദ്ധേയമത്രെ. "ക്രിസ്ത്യാനികൾക്കു ഭാഷാസാഹിത്യസാമ്രാജ്യത്തിൽ അവർ അർഹിക്കുന്ന സ്ഥാനം ഇന്നും ലഭിക്കാത്തതു്, അവർക്കു് സംസ്കൃതഭാഷാഭ്യസനത്തിലുള്ള ശോചനീയമായ വൈമുഖ്യം നിമിത്തമാണെന്നതു് അനപലപനീയമായ വാസ്തവവും അസംഖ്യം പ്രസംഗമണ്ഡപങ്ങളിൽ നിന്നുകൊണ്ടു് ഞാൻ തന്നെ പ്രഖ്യാപനം ചെയ്തു് അവരെ സമ്മതിപ്പിച്ചിട്ടുള്ളതുമാണു്. സംസ്കൃത സാഹിത്യധർമ്മങ്ങളെ യഥാവിധം ഗ്രഹിച്ചു് കാളിദാസാദി മഹാകവികളുടെ പാവനപാദമുദ്രകളെ അഭിവീക്ഷിച്ചു് കാവ്യാദ്ധ്വാവിൽ സഞ്ചരിക്കുവാൻ കഴിയാത്ത ഭാഷാകവിയശഃപ്രാർത്ഥി, ആംഗല സാഹിത്യത്തിലോ ടാഗോർ സാഹിത്യത്തിലോ, എത്രതന്നെ വിദഗ്ദ്ധനായാലും അവനെ വിജയലക്ഷ്മി സ്വയംവരണം ചെയ്യുമെന്നു് സ്വപ്നത്തിൽപോലും ശങ്കിക്കേണ്ടതില്ല. ഇന്നത്തെ കാലാവസ്ഥയ്ക്കു് പാശ്ചാത്യസാഹിത്യത്തിലും പൌരസ്ത്യസാഹിത്യത്തിലും ഒന്നുപോലെ അഭിനിവേശമുണ്ടായിരിക്കേണ്ടതു് ആവശ്യമാണെന്നുമാത്രം പക്ഷേ ഉപന്യസിക്കാം. അതുകൊണ്ടു് പൌരസ്ത്യസാഹിത്യസൗധത്തിന്റെ അസ്ഥിവാരമായ സംസ്കൃത സാഹിത്യത്തിന്റെ അപേക്ഷണീയതയ്ക്കു് യാതൊരു ഹാനിയും തട്ടുന്നതുമല്ല. ശ്രീമാന്മാരായ ഐ. സി. ചാക്കൊ,പൊയ്യാനിൽവൈദ്യൻ, ടി. കെ. ജോസഫ് മുതലായി സംസ്കൃതത്തിൽ അഗാധജ്ഞാനം സമ്പാദിച്ചിട്ടുള്ള അനേകം ക്രിസ്തീയ സഹോദരന്മാരെ ഞാൻ നല്ലപോലെ അറിയും. അവർക്കു് ആ ജ്ഞാനം ഒരു അനർഘമായ ഭൂഷണമാണെന്നു് അവരും മററുള്ളവരും സമ്മതിക്കുകയും ചെയ്യും. ഈ വിഷയത്തിൽ എന്റെ അവതാരിക വായിക്കാൻ ഇടയാകുന്ന ക്രിസ്തീയ മാതാപിതാക്കന്മാരുടെ ശ്രദ്ധ പ്രത്യേകമായി പതിയണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് ഞാൻ പ്രാസംഗികമായി ഇത്രയും പ്രസ്താവിച്ചതു്."

കൊച്ചുകുഞ്ഞു റൈട്ടർ തിരുവനന്തപുരം നക്ഷത്രബംഗ്ലാവിൽ ഹെഡ്റൈട്ടരായിട്ടാണു് ജീവിതത്തിൽ അധികഭാഗവും നയിച്ചതു്. ഈ ജോലിയിൽ ഇരിക്കുന്ന കാലത്താണു് പ്രധാന കവിതകൾ പലതും എഴുതിയതു്. ആയില്യം, വിശാഖം, ശ്രീമൂലം ഈ മൂന്നു തിരുമേനിമാരുടെയും ഭരണകാലത്തു് അവർ ആഴ്ചതോറും നക്ഷത്രബംഗ്ലാവിൽ വരികയും കൊച്ചുകുഞ്ഞു റൈട്ടരോടു കല്പിച്ചു പലതും സംസാരിക്കുകയും ചെയ്തിട്ടുണ്ടു്. ഈ തിരുമേനിമാരിൽനിന്നും കഥാപുരുഷനു പല പാരിതോഷികങ്ങളും ലഭിച്ചിട്ടുമുണ്ടു്.

കൊച്ചുകുഞ്ഞു റൈട്ടർ അക്കാലത്തെ സ്ഥിതിക്കു നല്ല സ്വാധീനശക്തിയുള്ള ഒരാളായിരുന്നു. കാര്യസാദ്ധ്യങ്ങൾക്കായി ശുപാർശക്കുവേണ്ടി പലരും മഹാകവിയെ സമീപിച്ചിരുന്നു. നക്ഷത്രബംഗ്ലാവിൽ ജോലിയിലിരിക്കുന്ന കാലത്തുതന്നെ കവി അകാലചരമം പ്രാപിക്കയാണുണ്ടായതു്.

സ്വവർഗ്ഗിയരായ ക്രൈസ്തവർക്കു് സാഹിത്യപരമായുള്ള അനാസ്ഥ മററു പലർക്കും എന്നപോലെ പണ്ഡിതകവിക്കും ഹൃദയശല്യം ഉണ്ടാക്കിയിരുന്നു. ഹിന്ദുക്കൾക്കു് എന്നപോലെ ക്രൈസ്തവർക്കും ഭക്തിജനകങ്ങളും നിത്യപാരായണാർഹങ്ങളുമായ കവിതകൾ ഉണ്ടാകാത്തതു് ഇതിനൊരു കാരണമായി അദ്ദേഹത്തിനു ബോധപ്പെട്ടിരിക്കണം. ചൂപ്പത്തിനാലുവൃത്തം മുതലായവ ഈ ചിന്താഗതിയുടെ പരിണതഫലങ്ങൾ ആണെന്നുള്ളതിനു സംശയമില്ല. ആധുനികനായ ഒരു ക്രൈസ്തവ മഹാകവി പറയുന്നതു നോക്കുക.

"എല്ലാവരിലുമെന്നപോലെ കവിതയുടെ വിത്തു സർവ്വേശ്വരൻ ക്രൈസ്തവഹൃദയങ്ങളിലും വിതച്ചിട്ടുണ്ടു്. എന്നാൽ അവ മുളച്ചു വളരുന്നതിനുള്ള സാഹചര്യങ്ങൾ അവരുടെ ഇടയിൽ അധികമില്ലെന്നു ദുഃഖപൂർവ്വം പറയേണ്ടിയിരിക്കുന്നു. തന്നിമിത്തം ഉൽകൃഷ്ട മതസാഹിത്യഗ്രന്ഥമുദിരങ്ങളിൽനിന്നും ഗാനമാധുര്യമാകുന്ന കുളസ്വനത്തോടുകൂടി കവിതാവൃഷ്ടി ചെയ്യുന്നപക്ഷം ക്രൈസ്തവരുടെ ഹൃദയക്ഷേത്രത്തിൽ ജന്മനാ വിതയ്ക്കപ്പെട്ടിട്ടുള്ള നിദ്രാണബീജത്തെ ഉണർത്തിമുളപ്പിക്കാൻ കഴിയുമെന്നുള്ളതിനു് യാതൊരു സംശയവുമില്ല." ഈ വിശ്വാസം മഹാകവി കൊച്ചുകുഞ്ഞുറൈട്ടർക്കും നിശ്ചയമായും ഉണ്ടായിരുന്നിരിക്കണം.

ഒരു ശതവർഷത്തിലധികം പഴക്കമുള്ള പ്രശസ്തമായ ഒരു ക്രൈസ്തവകൃതിയാണ് മുപ്പത്തിനാലുവൃത്തം. കുറെക്കാലം മുൻപുവരെ ക്രൈസ്തവ വിദ്യാർത്ഥികൾക്ക് ഇതു മനഃപാഠം ആയിരുന്നു.

"ആദപിഴയാലുദിതപാപമതൊഴിപ്പാൻ
മേദിനിയിൽ ബേതലപുരേയവതരിച്ചോൻ
വേദനിധിയായ പരനേശുമിശിഹാതാൻ
വേദനയകററുക നമുക്കു ഗുണനാഥ"

എന്നിങ്ങനെ ആരംഭിക്കുന്ന അതിലെ പല പദ്യങ്ങളും ഓർമ്മയിലുള്ള ക്രൈസ്തവവൃദ്ധന്മാരെ ഇന്നും മദ്ധ്യതിരുവിതാംകൂറിലെ നാട്ടുമ്പുറങ്ങളിൽ അങ്ങുമിങ്ങും കാണാവുന്നതാണ്—എന്നാൽ ഇന്നാകട്ടെ പ്രസ്തുത കാവ്യം വിസ്മൃതകോടിയിൽ ആയിപ്പോയി—രാമായണസംഗ്രഹമായ 24 വൃത്തം, ഭാരതസംഗ്രഹമായ 34 വൃത്തം തുടങ്ങിയ ഹൈന്ദവകൃതികൾ വായിക്കുന്ന ഒരു ക്രിസ്ത്യാനിക്ക്, അവയെ അനുകരിച്ച് ഒരു "വേദപുസ്തകസംഗ്രഹകാവ്യം" ഉണ്ടാകുന്നതിന് സ്വാഭാവികമായി ഒരു താല്പര്യം സംജാതമാകാവുന്നതാണ്.—ഒരു പക്ഷെ വാസനയുള്ള പല ക്രൈസ്തവരും, അതിനു വേണ്ടി ശ്രമിക്കുകയോ പ്രേരിപ്പിക്കയോ ചെയ്തിട്ടുമുണ്ടായിരിക്കണം — ഏതായാലും അപ്രകാരമുള്ള ഒരു ശ്രമത്തിൽ നിന്നുമാണ് മുപ്പത്തിനാലുവൃത്തം ഉടലെടുത്തതെന്നുള്ളതിന് സംശയമില്ല. എന്നാൽ പ്രസ്തുത കൃതിയുടെ കർത്താവിന്, വിധിവൈപരീത്യം മൂലം കാവ്യം മുഴമിക്കുന്നതിനു സാധിക്കാതെപോയി—പതിനെട്ടു വൃത്തങ്ങൾ മാത്രമേ എഴുതിത്തീർത്തു പ്രസിദ്ധപ്പെടുത്തിയിട്ടുള്ളു. പാഠ്യപുസ്തക പരസ്പര മത്സരത്തിൽ, മുപ്പത്തിനാലുവൃത്തത്തെ ഉയർത്തിനിർത്തി പ്രദർശിപ്പിക്കുന്നതിനു ആളില്ലാതെ വന്നു. പഞ്ചതന്ത്രാദികളുടെ കഥകൂടി പഴങ്കലിൽ ആയിപ്പോയിരിക്കുന്ന സ്ഥിതിക്ക്, ഇതിൽ അത്ര അത്ഭുതപ്പെടുവാനുമില്ല.

24 വൃത്തത്തിലെയും 34 വൃത്തത്തിലെയും പ്രഥമവൃത്തം ഇന്ദുവദന തന്നെ. ഒന്നു രാമായണസംഗ്രഹമെങ്കിൽ, മറേറതു് വേദചരിതസംഗ്രഹമെന്നേ വ്യത്യാസമുള്ളു. "വെണ്മതികലാഭരണൻ" തുടങ്ങിയവർ നന്മകൾ വരുത്തണമെന്നു ഹൈന്ദവകവി പ്രാർത്ഥിച്ചപ്പോൾ "വേദനിധിയായ പരനേശുമിശിഹാതാൻ, വേദനയകററണ" മെന്നു ക്രൈസ്തവകവിയും

പ്രാർത്ഥിക്കുന്നു. പ്രഥമവൃത്തപദ്യങ്ങൾ എല്ലാം ഒന്നിൽ "ഹരി രാമ" ശബ്ദം കൊണ്ടവസാനിക്കുമ്പോൾ മററതിൽ "ഗുണനാഥ" ശബ്ദം കൊണ്ടു പരിസമാപിക്കുന്നു. ഭക്തനായ കവിയുടെ ഹൃദയം തുറന്നു കാണിക്കുന്ന ഒന്നാണു ദ്വിതീയപദ്യം.

"വേദചരിതം സമുചിതം പറവതിന്നും
ആദിതിരുനായക വിലാസമറിവാനും
മോദമിയലുന്നൊരടിയൻെറ ഹൃദയത്തിൽ
ആദിവചനം കരുണ ചെയ്ക ഗുണനാഥ"

സുദീർഘമായ ഒരു കഥ സംഗ്രഹിക്കുമ്പോൾ, അതിൽ കാവ്യഗുണം കലർത്തുക എന്നുള്ളതു് ശ്രമസാദ്ധ്യമായ ഒരു കാര്യമാണു്. അനുഗ്രഹീതരായ മഹാകവികൾക്കല്ലാതെ അതു സാദ്ധ്യമല്ല. അതിദീർഘമായ വേദഗ്രന്ഥത്തെ നാതിദീർഘമായ കാവ്യഖണ്ഡത്തിൽ ഒതുക്കി നിർത്തുന്നതിനു സാഹസപ്പെട്ട കവികളിൽ പലരും ദയനീയമാം വണ്ണം പരാജയപ്പെട്ടതിനു ആധുനിക ദൃഷ്ടാന്തങ്ങൾ തന്നെ നിരവധിയുണ്ടു്. ഈ ദോഷം മുപ്പത്തിനാലു വൃത്തത്തെയും ബാധിച്ചിട്ടില്ലെന്നു പറവാൻ തരമില്ല. എന്നാൽ പലപ്പോഴും പ്രസ്തുത കവി

"പന്നഗമണഞ്ഞു നരഭാര്യയുടെ മുമ്പിൽ
തന്മധുരമണി വിഭവേന വശമാക്കി
തിന്നരുതിതെന്നു പരനേകിയ ഫലത്തെ
ത്തിന്നു മുടിവാനിടവരുത്തി ഗുണനാഥ."

ഏവംവിധം ക്ലേശരഹിതമായി ഇങ്ങനെയുള്ള ദുരിതഘട്ടം തരണം ചെയ്യുന്ന രീതി അസൂയാർഹമായിരിക്കുന്നു. ലളിതകോമളമായ ഒരു മണിപ്രവാളരീതിയാണു് കവി പൊതുവെ സ്വീകരിക്കുന്നതു്. എന്നാൽ "സഞ്ചരണമുള്ള വിഹഗാനപി സസജ്ജ" എന്നും "ദീപ്തിപ്രഥമേഹ്യപരിശുനൃതപരേദ്യു" എന്നും മററുമുള്ള കഠിനസംസ്കൃതഭാഗങ്ങൾ "ആപദിഭജന്തിനഭജന്തിസുലഭേ/ത്ഥേ" എന്ന 24 വൃത്തത്തിലും "കോസലേന്ദ്രസുരാമസ്യ ഭൂതോ/ഹം" എന്ന രാമായണം കിളിപ്പാട്ടിലും ഉള്ള ഭാഗങ്ങളെ അനുസ്മരിപ്പിക്കുന്നവയാണു്.

അബ്രഹാം ഇസഹാക്കിനെ ബലി കഴിക്കുവാൻ സന്നദ്ധനായ ഘട്ടം, മഹാകവി സൈമൺ വേദവിഹാരത്തിൽ വർണ്ണി

ച്ചിരിക്കുന്ന "മേഷമൊന്നുണ്ടൊരു വള്ളി തന്നിൽ—കൊമ്പു കുരുങ്ങിക്കിടക്കുന്നു–സന്തോഷസംഭ്രമത്തോടവിടെത്തിയബ്രാം– ആടിനെ മോചിച്ചുകൊണ്ടു വന്നദ്ധ്വരം—വേദിയിൽവച്ചു ബലി കഴിച്ചു—"എന്ന ഭാഗവും, കട്ടക്കയത്തിൽ ചെറിയാൻമാപ്പിള ശ്രീയേശു വിജയത്തിൽ പ്രസ്തുത ഭാഗം വർണ്ണിച്ചിരിക്കുന്ന

വിറകേററമടുക്കിവെച്ചതിന്മേൽ
മുറപോലാത്മജനെക്കിടത്തിധന്യൻ
ഉറതന്നിലിരുന്നകത്തിവേഗം
വിറകൂടാതെ വലിച്ചെടുത്തുകൈയ്യാൽ.

മനതാരിലന്തനീശനേത്താൻ
മനനംചെയ്തു വിശിഷ്ടനാമനുഷ്യൻ
തനയന്റെ കഴുത്തുലാക്കുവച്ചാ–
ക്കനമേറീടിനകത്തിപൊക്കിവാനിൽ.

ഹേനന്റെ ശിഖയ്ക്കുതുല്യമപ്പോ–ാറ
വിഹരിച്ചർദ്ധനിമേഷമംബരത്തിൽ
സഹസാരുചിരാംഗനായുവാവേ–
നിഹനിക്കുന്നതിനായതാഞ്ഞുതാണു.

അരുണന്നുമിളപ്പമേകുവോരാ
പ്പുരുതേജസ്സവിടെച്ചൊരിഞ്ഞുമോദാൽ
ഒരു വാനവവര്യനാഗമിച്ചി
"ട്ടരുതെ"ന്നോതിയടുത്തുടൻതടുത്തു.

അടവററനിജക്രിയയ്ക്കുിവണ്ണം–
തടവുണ്ടായതുകൊണ്ടതൃപ്തിയോടും
പിടയുംമനമോടുമാമഹാത്മാ–
വുടനാ വാനവനെത്തിരിഞ്ഞുനോക്കി.

അജമൊന്നിത ഞാൻ തരുന്നുയാഗം–
വിജയംപൂണ്ടിതുകൊണ്ടുചെയ്യണം നീ
അജശാസനമാണിതെന്നുമിപ്പോ–ാറ
സുജനോത്തംസ! ഭവാനറിഞ്ഞിടേണം.

എന്ന ഭാഗവും, പ്രസ്തുത കാവ്യത്തിൽ കാണുന്ന

"ഇഷ്ടാത്മജൻതന്നെഹോമിപ്പതിന്നായ്
വെട്ടീടുവാൻഖഡ്ഗമോങ്ങുംദശായാം

പെട്ടെന്നു കേൾക്കായൊരുനാദമപ്പോൾ
വെട്ടൊല്ല നീയെന്നു—സർവ്വേകനീശോ-
ട്ടെത്തിത്തിരിഞ്ഞത്ര നോക്കുന്നനേരം
കാട്ടിൽപടപ്പേല്പടക്കികിടക്കും
മുട്ടാടിനെക്കണ്ടെടുത്തുബലിയായി
വെട്ടീസുതംപ്രതി—സർവ്വേകനീശോ."

എന്ന ഭാഗവും താരതമ്യപഠനത്തെ അർഹിക്കുന്നവയാണ് — നല്ല പദസ്വാധീനമുള്ള ഒരു കവിയായിരുന്നു കൊച്ചുകുഞ്ഞുറൈട്ടർ എന്നു 34 വൃത്തവും അദ്ദേഹത്തിന്റെ ഇതര കൃതികളും വ്യക്തമാക്കുന്നുണ്ട് — കീർത്തനങ്ങൾ എന്ന പേരിൽ പ്രസിദ്ധീകൃതമായിട്ടുള്ള പ്രസ്തുത കവിയുടെ സ്തുതിപ്പുകളിലെ ഒരു ഭാഗം ഉദ്ധരിച്ചുകൊള്ളട്ടെ

"ഇടികൾ വസന്തകൾപഞ്ഞങ്ങൾ-കുടിലതയുള്ളൊരുപടകളുടെ
മുടിവുകൾനീക്കിപ്പാലിച്ചോ-രുടയവനെ സ്തുതി ചെയ്യുന്നേൻ
അന്നം വസനാദികളുംത-ന്നന്നെന്നേപ്പോററിയൊരു
ഉന്നതനാമെൻ കർത്താവേ-നിന്നെസ്തുതി ഞാൻ ചെയ്യുന്നേൻ:—"

ഒരു സങ്കീർത്തനഭാഗം കവിപദ്യരൂപേണ പരാവർത്തനം ചെയ്തിരിക്കുന്നതു നോക്കുക.

"അവനില്ലവനാം ദേവനിലെന്നു-നിവദിക്കുന്നവർ പലരുണ്ടാം
മമ രിപു കുന്നമടിച്ചവരാ-മാമപിപാലിച്ചീടുകനീ
പാതകപല്ലുതകർത്ത പരാ—പാലയ പാലയ പരമപരാ-"

പ്രസ്തുത കവിക്കു് 34 വൃത്തം മുഴുമിക്കാൻ സാധിക്കാതെ പോയതു് കേരളീയർക്കും വിശിഷ്യ, ക്രൈസ്തവർക്കും ഒരു തീരാനഷ്ടം തന്നെയാണു്.

പ്രസ്തുത കൃതിയുടെ മുദ്രിതങ്ങളായ കോപ്പികൾ തുലോം ദുർല്ലഭവും ആവശ്യക്കാർ സുലഭവും ആയിരിക്കുന്ന ഇക്കാലത്തു് അത്യാവശ്യമുള്ള ടിപ്പണിയോടുകൂടി ഒരു പുതിയ പതിപ്പു് ഭംഗിയായി മുദ്രണം ചെയ്തു പ്രസിദ്ധപ്പെടുത്തുവാൻ സന്നദ്ധമായ വിദ്യാർത്ഥിമിത്രം പ്രസിദ്ധീകരണശാലയുടെ ഈ സദുദ്യമം സർവ്വഥാ അനുമോദനാർഹവും അഭിനന്ദനാർഹവും ആണെന്നുള്ളതിനു സംശയമില്ല.

പാമ്പാടി
1-2-55

വിദ്വാൻ, V. T. Eipe

# ക്രൈസ്തവ വേദചരിതം.

## മുപ്പത്തിനാലുവൃത്തം

പിത്രേച പുത്രായ സദാത്മനേച
സത്ത്യൈകദേവായ നമോസ്തു നിത്യം.

### ഒന്നാം വൃത്തം

(ലോകസൃഷ്ടി, പാപം, ജലപ്രളയം, ബാബേൽപുരം.)

1 ആദപിഴയാലുദിത പാപമതൊഴിപ്പാൻ
മേദിനിയിൽ ബെതലപുരേയവതരിച്ചോൻ
വേദ നിധിയായ പരമേശ്വ മശിഹാ താൻ
വേദനയകററുക നമുക്കു—ഗുണനാഥ.

2 വേദചരിതം സമുചിതം പറവതിന്നും
ആദിതിരുനായക വിലാസ മറിവാനും
മോദമിയലുന്നൊരടിയൻെറ ഹൃദയത്തിൽ
ആദിവചനം കരുണ ചെയ്ക—ഗുണനാഥ.

---

പിതാവും പുത്രനും പരിശുദ്ധാത്മാവും ആയ സത്യൈക ദൈവത്തിന്ന എന്നും നമസ്കാരം ഭവിക്കട്ടെ.

ഒന്നാംവൃത്തത്തിലെ വൃത്തം ഇന്ദുവദനയാകുന്നു ഇരുപത്തിനാലുവൃത്തം പ്രഥമവൃത്തത്തിലും ഇന്ദുവദന തന്നെയാണുപയോഗിച്ചിരിക്കുന്നതു്.

1. ആദപിഴ = ആദാമിൻെറ തെററു്, ഉദിതം = ഉൽഭവിച്ച, മേദിനി = ഭൂമി—ഇരുപത്തിനാലുവൃത്തം പ്രഥമവൃത്തത്തിൻ എല്ലാപദ്യങ്ങളും "ഹരിരാമ" എന്നവസാനിക്കുന്നതുപോലെ, ഈ വൃത്തത്തിലെ എല്ലാ പദ്യങ്ങളും "ഗുണനാഥ" എന്നാണവസാനിക്കുന്നതു്.

3 ആദ്യന്തമനാദ്യന്തമനന്ത പൊരുളായോൻ
ആദ്യമൊരു വാക്കു ഭുവനത്തിനു നിദാനം
ആർത്തുദയതാരഗണമൊത്തു പരമേശം
വാഴ്ത്തിയവർ സ്തോത്രമലർത്തുകി—ഗുണനാഥ.

4 ക്രൂരിരുളടഞ്ഞ ജലമണ്ഡലമതിന്റെ
വാര്യുപരി ചെന്നു വിഹരിച്ചു പരമാത്മാ
കാരണ പരോക്തഗിരമേററഖിലഭൂതം
ചാരുതരരൂപ ധൃതരായി—ഗുണനാഥ.

5 ദീപ്തിപ്രഥമമഹ്ന്യ പരിശൂന്യത പരേദ്യു
തീർത്തു പുനരബ്ധി, കര, ഭൂമി, തരുജാലം
ചേർത്തു കിരണാദിശശി താരഗണമെല്ലാം
ചേർത്തിവകളെ ദിവിതലേഷു—ഗുണനാഥ

6 പഞ്ചമദിനേ ജലചരങ്ങളേയുമൂർദ്ധ്വം
സഞ്ചരണമുള്ള വിഹഗാനപിസസർജ്ജ

---

3. ആദ്യന്തമനാദ്യന്തം=ആദിയും അനാദിയും ആയവൻ, നിദാനം=ആദികാരണം, താരഗണം=നക്ഷത്രക്കൂട്ടം, പരമേശം=പരമദൈവത്തെ, സ്തോത്രമലർ=സ്തുതികളാകുന്ന പുഷ്പങ്ങൾ.

4. വാര്യുപരി = വെള്ളത്തിനു മീതെ, വിഹരിച്ചു = വിലസി, കാരണ..........ധൃതരായി = സർവ്വത്തിനും കാരണമായ ദൈവത്താൽ പറയപ്പെട്ട വാക്കിനാൽ സർവ്വഭൂതങ്ങളും മനോഹരരൂപം ധരിച്ചു.

5. ദീപ്തിപ്രഥമമഹ്നി=പ്രകാശം ഒന്നാംദിവസം, പരിശൂന്യത=ഒന്നുമില്ലായ്മ. (ആകാശം), പരേദ്യു=പിറേറദിവസം, പുനരബ്ധി..........തരുജാലം=പിന്നെ സമുദ്രം, കരഭൂമി, വൃക്ഷക്കൂട്ടം, കിരണാദിശശിതാരഗണം=പ്രകാശങ്ങൾ, ചന്ദ്രൻ, നക്ഷത്രം, ദിവിതലേഷു=ആകാശത്തിൽ.

6. പഞ്ചമദിനേ=അഞ്ചാംദിവസം, ജലചരങ്ങൾ = ജലജന്തുക്കൾ, ഊർദ്ധ്വസഞ്ചരണമുള്ള=മേൽഭാഗത്തു (ആകാശവിതാനത്തിൽ) സഞ്ചരിക്കുന്ന, വിഹഗാൻ=പക്ഷികളെ, അപി=ഉം, സസർജ്ജ—

അഞ്ചിത പരപ്പൊരുൾ ജഗാദപരമേതാൻ
സഞ്ചയ വിവർദ്ധനമതിന്നു—ഗുണനാഥ.

7 വന്യമൃഗ ധേനു ഫണി മുഖ്യ വിവിധാം
വന്നുളവതായി ദിനമാറിലഖിലേശൻ
നന്നിവകളൊക്കെയുമിതെന്നരുളിയ ദൈവം
പിന്നെ നരസർഗ്ഗമതിനാഞ്ഞു—ഗുണനാഥ.

8 ഷഷ്ഠദിന സൃഷ്ടികളിലഗ്ര്യതമമാദം
ക്ലിഷ്ട പരമോന്മുഖ വിശിഷ്ടമസൃജൻ
തുഷ്ടപരമാത്മസദൃശാകൃതിയിലന്നു
സൃഷ്ടനരനിൽ ശ്വാസനമിട്ടു—ഗുണനാഥ.

9 നാമകരണത്തിന്നു മൃഗാദികളെയെല്ലാം
മാനവമുഖേഝടുതി വെച്ചു പരമേശൻ
മാനവനീജാതിയജമാനനിവ നൽകി
നാമമുടനെ വകതിരിച്ചു—ഗുണനാഥ.

10 നിദ്രയിൽ നൃപാർശ്വഭവമസ്ഥിയെയെടുത്തു
ഭദ്രമുഖി ഹാവയെ മനഞ്ഞവനു നൽകി

---

സൃഷ്ടിച്ചു, പരപ്പൊരുൾ=ഈശ്വരൻ, ജഗാദ=പറഞ്ഞു-പരമേ........
........മതിൻ=ഇവയുടെ കൂട്ടം വർദ്ധിക്കുന്നതിന്നു,

7. വന്യമൃഗം=കാട്ടുമൃഗം, ധേനു=പശു. (കന്നുകാലി) ഫണി=സർപ്പം, നരസർഗ്ഗം=മനുഷ്യസൃഷ്ടി,

8. ഷഷ്ഠദിനസൃഷ്ടികൾ=ആറാംദിവസത്തെ സൃഷ്ടികൾ, അഗ്ര്യതമം=ഏററം ശ്രേഷ്ഠം, തുഷ്ടപരൻ=സന്തുഷ്ടനായ ഈശ്വരൻ, ആത്മസദൃശാകൃതി = തനിക്കു തുല്യമായ ആകൃതി, ശ്വാസനമിട്ടു = ശ്വാസം ഉളവാക്കി.

9. മാനവമുഖേ=മനുഷ്യന്റെ മുമ്പിൽ.

10. നൃപാർശ്വഭവമസ്ഥി=നരന്റെ പാർശ്വത്തിൽ സ്ഥിതി ചെയ്യുന്നആസ്ഥി, ഭദ്രമുഖി=മംഗളമുഖി (സുന്ദരി), പറുദീസേത്യപനവ

ചിത്രതരമാം പറുദീസേത്യുപവനത്തിൽ
തത്രപിതരൌകുടിയിരുത്തി—ഗുണനാഥ.

11 സപ്തമദിനേ പരമ സ്വാസ്ഥതയിൽ വാണു.
സ്വാസ്ഥ ദിനമാക്കി നിയമിച്ചഖില നാഥൻ
സപ്തദിവസങ്ങളിതിനാലെയൊരുവാര
പ്രാപ്തമിതിഹന്ത ഭുവനേഷു—ഗുണനാഥ.

12 ഏദനിലുദ്യാനപറുദീസയതിരമ്യം
കാന്തതരമായ വിഭവങ്ങളുടെ കാമ്യം
മോദകരമാമ്മധുര ചാരുതരു വൃന്ദം
സാദരമതിൽ ബഹുലമുണ്ടു—ഗുണനാഥ.

13 ഇമ്പമൊടു നാലു നദിയുണ്ടതു നനപ്പാൻ
സംപദതുലം പറുദീസായതിൽ വസിപ്പാൻ
ദംപതികളാദി പിതരൌപരമനേകി
സംവിദമുവാചനരനോടു—ഗുണനാഥ.

14 ഇന്നിഹ സുഖാദ്യഫലപാദപഫലങ്ങൾ
നന്നിവകളൊന്നൊഴികെയാകവെ ഭുജിക്കാം.
തിന്നരുതു നീ സദസബോധന ഫലത്തെ
തിന്നുകിലുടൻ മൃതിനിനക്കു—ഗുണനാഥ.

---

ത്തിൽ=പറുദീസാ എന്ന ഉദ്യാനത്തിൽ, പിതരൌ=പിതാക്കളെ (ആദിമാതാപിതാക്കളെ.)

11. സപ്തമദിനേ = ഏഴാം ദിവസം, വാരേ = ആഴ്ചയിൽ, ഭുവനേഷു = ലോകങ്ങളിൽ.

12. കാന്തതരം=ഏററം മനോഹരം, കാമ്യം = ആഗ്രഹിക്കത്തക്കതു്, ചാരുതരുവൃന്ദം=മനോഹരവൃക്ഷക്കൂട്ടം, ബഹുലം=ധാരാളം.

13. സംപദതുലം = അതുല്യമായ സമ്പത്തു്, ദംപതികളാദി പിതരൌ=ആദിപിതാക്കളായ ഭാൎയ്യാഭൎത്താക്കന്മാർ, ഉവാച=പറഞ്ഞു.

14. പാദപഫലങ്ങൾ=വൃക്ഷത്തിന്റെ ഫലങ്ങൾ, ഭുജിക്കാം= ഭക്ഷിക്കാം, സദസ..........ഫലത്തെ=നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിൻ ഫലത്തെ, മൃതി=മരണം

15 ഭക്തിമതിശ്ശുദ്ധി പരമാൎത്ഥമൊടുനി മൽ
കല്പനകൾ കാക്കുമളവിപ്പദവികൾക്കു
അല്പകുറവും നഹിഭവേദതിനൊരീടായി
കല്പതരു ജീവതരുകാൺക—ഗുണനാഥ.

16 ഇത്ഥമരുൾ ചെയ്തു ഗുണനാഥനെ വണങ്ങി
സ്വസ്ഥതയൊടന്നവർ വസിച്ചു ഗുണരാശൌ
അസ്ഥിരരമൎത്ത്യഗണമൊന്നിനതിമോഹാൽ
നാസ്തി സുരലോകസുഖമായി—ഗുണനാഥ.

17 വന്നരകവാസികൾ പിശാചഗണമൊത്തു
വഞ്ചതിവു ചെയ്തു നരജാതിയെ മുടിപ്പാൻ
പന്നഗരിലേകമവരാത്മവശമാക്കി
തന്നുടയകത്തവനൊളിച്ചു—ഗുണനാഥ.

18 പന്നാഗമണഞ്ഞു നരഭാൎയ്യയുടെ മുമ്പിൽ
തന്മധുരവാണിവിഭവേന വശമാക്കി
തിന്നരുതിതെന്നു പരനേകിയ ഫലത്തെ
തിന്നു മുടിവാനിട വരുത്തി—ഗുണനാഥ.

---

15. ഭക്തിമതി..........പരമാൎത്ഥമൊടു= ഭക്തിയും മനശ്ശുദ്ധിയും സത്യസന്ധതയും കലൎന്നു, മൽകല്പനകൾ=എന്റെ കല്പനകൾ, നഹിഭവേത് = ഭവിക്കയില്ല. കല്പതരുജീവതരു = കല്പവൃക്ഷമായ ഈ ജീവവൃക്ഷം.

16. ഇത്ഥം=ഇപ്രകാരം, ഗുണരാശൌ=ഗുണനിധികളായ അവർ ഇരുവരും [ആദാമും ഹൌവ്വായും], അസ്ഥിര..........സുഖമായി= ദേവഗണങ്ങളിൽ സ്ഥിരതയില്ലാത്ത ഒരു കൂട്ടൎക്കു അതിമോഹം നിമിത്തം സ്വൎഗ്ഗലോകസുഖം ഇല്ലാതായി.

17. പന്നഗരിലേകം = പാമ്പുകളിൽ ഒന്നിനെ, ആത്മവശമാമാക്കി=സ്വാധീനപ്പെടുത്തി.

18. തന്മധുരവിഭവേന=തന്റെ മധുര വാക്കുകളാകുന്ന വിഭവത്താൽ.

19 തോട്ടമതിൽ മേവുമഖിലേശ പദശബ്ദം
കേട്ടു നരരോടി വിടപങ്ങളിലൊളിച്ചു
കേട്ടുപുനരാദമെവിടെ ത്വമിതിനാദം
വാട്ടമുഖനായ് പ്രതിവദിച്ചു—ഗുണനാഥ.

20 ശബ്ദമഖിലേശ തവ കേട്ടതി ഭയന്നു
നഗ്നനഹമാകയിലൊളിച്ചു വദനീശൻ
നഗ്നനിതി കോവദനഹോകനിഭുജിച്ചോ
ഭുക്തിയരുതെന്നഹമുരച്ചു—ഗുണനാഥ.

21 തന്നുതുണയാവതിനു തന്നാ തരുണീഞാൻ
തിന്നുനരവാക്കിതവളൊടരുളി ദൈവം
കിന്നുതവ കർമ്മമിതുരച്ചവൾ ഫണീന്ദ്രൻ
വഞ്ചതിവിലായ,ഹമശിച്ചു—ഗുണനാഥ

22 സർവ്വഗനവോച, ദഹിനീച കുമതേത്വം
സർവ്വ മൃഗജാതികളിച്ചും ശപനയുക്തൻ
ഉർവ്വിയിലിഴഞ്ഞു വയറാൽ പൊടിഭുജിച്ചു
ദർവ്വിതമതേയനുവസിക്ക—ഗുണനാഥ.

---

19. മേവും = വസിക്കുന്ന, അഖിലേശപദശബ്ദം = ഈശ്വരന്റെ പാദധ്വനി. വിടപങ്ങളിൽ = വൃക്ഷങ്ങളുടെ ഇടയിൽ, കേട്ടുപുന..........നാദം = ആദാമേ, നീ എവിടെ എന്ന ശബ്ദം, വാട്ടമുഖൻ = വാടിയ മുഖത്തോടുകൂടിയവൻ, പ്രതിവദിച്ചു = മറുപടിപറഞ്ഞു.

20. ശബ്ദ..........ഭയന്നു = സർവ്വനാഥ, അങ്ങയുടെ ശബ്ദം കേട്ട് ഏററം ഭയന്ന്, നഗ്നനഹം = നഗ്നനായ ഞാൻ, നഗ്നനിതികോവദൻ = നഗ്നനാണെന്നു നിന്നോട്ട് ആരു പറഞ്ഞു, ഭുക്തി = ഭക്ഷണം.

21. കിന്നുതവകർമ്മം = നീ ഈ ചെയ്ത കർമ്മം എന്താണ്, ഫണീന്ദ്രൻ = സർപ്പശ്രേഷ്ഠൻ, .വഞ്ചതിവിലായഹമശിച്ചു = വൻചതിവിൽ പെട്ട് ഞാൻ ഭക്ഷിച്ചുപോയി.

22 സർവ്വഗൻ = സർവ്വാന്തർയാമി (ഈശ്വരൻ), അവോചത് = പറഞ്ഞു, അഹിനീയ..........ശപനയുക്തൻ = നീചനും ദുർബ്ബുദ്ധിയും ആയ സർപ്പമേ, നീ സർവ്വമൃഗജാതികളിലും ശാപയോഗ്യനായി ഭവിച്ചു, ഉർവ്വി = ഭൂമി, ദർവ്വിതമതേ = അഹംകാരബുദ്ധിയുള്ളവനേ.

 21438

23 ദ്വേഷമിടയിൽ തവ ചയോഷയുടെയും ഞാൻ
സന്തതികൾ തമ്മിലുമിരിപ്പതിനു വയ്പൻ
നിന്തല ചതച്ചുതകൎക്കുമഥ നീയും
തങ്കുതികടിക്കുമിതിഹന്ത—ഗുണനാഥ.

24 നാരിയിൽ നരാകൃതി ധരിച്ചു മരണത്തിൻ
ഗൗരതയൊഴിച്ചടിമയെ അടിമയാക്കി
വൈരിയെ ജയിച്ച നരസൂനുവിനുചേരും
സാരമിതു വീണ്ടുമരുൾ ചെയ്തു—ഗുണനാഥ.

25 നാരിയുടെ വാക്കനുസരിച്ച നരനേനിൻ
കാരണമഹോധരണി ശാപധരയായി
പാരധികകണ്ടകികളാൽ നിറക സസ്യം
ആയുരളവേയനുഭവിക്ക—ഗുണനാഥ.

26 മൺപൊടി നീ ധൂളിയൊടു ചേരുവതു യുക്തം
മണ്ണിനൊടു മണ്ണുതവ ദേഹമതു ചേരും
അന്നുവരെയും മുഖവിയർപ്പിനൊടുകൂടി
ട്ടുണ്ണണമിവണ്ണമരുൾ ചെയ്തു—ഗുണനാഥ.

27 ഇത്ഥമവദൽ പ്രഭു മൃഗത്തൊലിയുടുപ്പി
ച്ചത്ര ചബഹിൎന്നരരെ വിട്ടുപരിചോടെ.
പൃത്ഥ്വിയിലലഞ്ഞുദരപൂർത്തിയെ വരുത്തി
തത്വഗതിയെത്തിടുവതിന്നു—ഗുണനാഥ.

---

23. ദ്വേഷമിടയിൽ..........വയ്പൻ = നിന്റെയും സ്ത്രീയുടെയും സന്തതികൾ തമ്മിൽ ഞാൻ ശത്രുത്വം ഉളവാക്കുന്നതാണ്, തങ്കുതി = അവന്റെ കുതികാൽ.

24. വൈരി = ശത്രു; നരസൂനു = മനുഷ്യപുത്രൻ.

25. ധരണി = ഭൂമി; ശാപധരയായി = ശാപം ധരിച്ചവളായി; പാര് = ഭൂമി: കണ്ടകികൾ = മുള്ളുകൾ; ആയുരളവേ = ആയുസ്സുമുഴുവൻ.

26. ധൂളി = പൊടി; തവ = നിന്റെ.

27. അവദത് = പറഞ്ഞു; അത്ര ച..........പരിചോടെ = മനുഷ്യരെ അവിടെനിന്നും ബഹിഷ്കരിച്ചു. പൃത്ഥ്വി = ഭൂമി.

28 ഹന്ത കനി തിന്നവർ പിഴച്ചതു നിമിത്തം
സന്തതികളന്ധതയിൽ വെന്തുഴലുമാറായ്
വന്തിരകളുള്ള ദുരിതാബ്ധിയുടെ മദ്ധ്യേ
നീന്തി വലയുന്നു പുനരിന്നു—ഗുണനാഥ.

29 ജന്മദുരിതം നരനൊഴിപ്പതിനു ദൈവം
തന്മകനെയന്നഭയമേകി മനുജാനാം
തന്മരണമേകശരണം നരകുലാനാം
നന്മകൾ ഭവിപ്പതിനു മേലിൽ—ഗുണനാഥ.

30 ഘോരതരമാം കലുഷബാധ പടിപെട്ടു
നേരുവിനയാദികളകന്നു ബഹുദൂരം
നേരെ സുതരായവരിലാദമതു കണ്ടു
മാരണമിതാദി ദുരിതങ്ങൾ—ഗുണനാഥ.

ആദിയിൽ ജനിച്ച നരർ കായനുമാബേലും
സാദരമണച്ചുബലിപൂജയതിൽ ഭക്തൻ
സോദരനു കിട്ടി വരമെന്നതു നിമിത്തം
സോദരനെയന്നു കൊല ചെയ്തു—ഗുണനാഥ.

32 നിഗ്രഹ പ്രതിക്രിയ ലഭിച്ചു പരശാപം
വ്യഗ്രമനസ്സോടവസനിക്കുടില ചിത്തൻ

---

28. ദുരാതാബ്ധി = ദുരിതക്കടൽ.

29. ജന്മദുരിതം = ജന്മപാപം; അഭയം = രക്ഷ; മനുജാനാം = മനുഷ്യർക്ക്; നരകുലാനാം = മനുഷ്യവർഗ്ഗങ്ങൾക്ക്.

30. ഘോരതരം = ഏററം ഭയങ്കരം; കലുഷബാധ = പാപബാധ; നേരുവിനയാദികൾ = സത്യം, വിനയം മുതലായവ; സുതർ = മക്കൾ; മാരണം = മരണം.

31. സാദരം = ആദരവോടെ; വരം = അനുഗ്രഹം

[കായേൻഹാബേലിനെ വധിച്ചു.]

32. നിഗ്രഹ.........പരശാപം = സോദര വധത്തിനു ഈശ്വര ശാപമാകുന്ന പ്രതികാരം ലഭിച്ചു വ്യഗ്രമനസ്സോടെ = ദുഃഖിതനായ്;

തൻ കുലജരൊക്കെ ബഹുദുഷ്കൃതഗണങ്ങൾ
ദുഷ്കൃതി ചരിത്രരവരത്രെ—ഗുണനാഥ.

33 മന്നതിൽ ജനിച്ചു പുനരാദ്യനരസൂനു
ധന്യനൊരു മാനവശെതാഖ്യഗുണശീലൻ
തന്നുടെ കുലോത്ഭവരനന്ത ഗുണമാൎഗ്ഗേ
നന്ദികലരുംപടിനടന്നു—ഗുണനാഥ.

34 ഉത്തമകുലോത്ഭവർ പദംപ്രതിപിരിഞ്ഞു
സത്വഗതി വിട്ടു ഗുണനാഥനെ മറന്നു
ഉദ്ധതകുലപ്രഭവകാമിനികളെക്ക
ണ്ടത്തലകതാരിലുളവായി—ഗുണനാഥ.

35 സുന്ദരിജനങ്ങളെ വരിച്ചവരിൽ നിന്നു
നന്ദനഗണങ്ങളുളവായി ഭുവനത്തിൽ
ഉന്നതമതായ ദുരിതങ്ങളിൽവളൎന്നി
ട്ടന്നവർ പരാക്രമികളായി—ഗുണനാഥ.

36 ദുഷ്ടതവളൎന്നഖിലഭൂമിയിൽ നിറഞ്ഞു
ശിഷ്ടനരനഷ്ടതഭവിച്ചു ഭുവനത്തിൽ
നഷ്ടത വരുത്തുമഹമെന്നു നിയമിച്ചി
ട്ടിഷ്ടപരനിത്ഥമരുൾ ചെയ്തു—ഗുണനാഥ.

---

അവസൻ=വസിക്കുന്നവൻ; കുടിലചിത്തൻ=ദുർബുദ്ധി; കുലജർ=കുലത്തിൽ ജനിച്ചവർ; ദുഷ്കൃതം=പാപം.

33. ആദ്യനരസൂനു = ആദിമനുഷ്യനായ ആദാമിന്റെ പുത്രൻ; ധന്യനൊരു..........ശീലൻ=ഒരു ധന്യമനുഷ്യനായ ശേത് എന്നു പേരുള്ള സദ്ഗുണ സ്വഭാവമുള്ളവൻ; കുലോൽഭവർ = കുലത്തിൽ നിന്നും ഉൽഭവിച്ചവർ.

34. സത്വഗതി=സത്സ്വഭാവം (നല്ലനടപ്പ്); ഉദ്ധതകുലപ്രഭവകാമിനികൾ = ഉദ്ധതരുടെ കുലത്തിൽ ജനിച്ച സുന്ദരികൾ; അത്തൽ=ദുഃഖം (കാമവികാരം; അകതാരിൽ=മനസ്സിൽ.

35. നന്ദനഗണങ്ങൾ=പുത്രന്മാർ; ഭുവനത്തിൻ=ഭൂമിയിൽ.

36. ശിഷ്ടനരനഷ്ടത=യോഗ്യന്മാരായ മനുഷ്യരുടെ നഷ്ടം.

37 താപമകതാരിലുദിതം നരവിധാനാൽ
പാപവുമവൎക്കു ദിവസം പ്രതി വളൎന്നു
താപമതൊഴിപ്പതിന്നു ദേഹികളെയെല്ലാം
കേവലമൊടുക്കുമഹമാശു—ഗുണനാഥ.

38 സേത്തുകുലജാതവരനാം ധനികനേകൻ
നീതിപതിനോഹിന്നു കൃപാബലമുദിച്ചു.
സാദരമുരച്ചവനോടീശനൊരുപോതം
ഗോവൎത്തരുകൊണ്ടു പണി ചെയ്ക—ഗുണനാഥ

39 പോതമതിലേറുക കുടുംബമൊടു നീതാൻ
സാദരമെടുക്ക പ്രതിജാതി മൃഗവൎഗ്ഗാൽ
സപ്തമിഥുനാനി ശുഭവൎഗ്ഗമതിലീര
ണ്ടത്രയുഗളാന്യശുഭജാതി—ഗുണനാഥ.

40 ആൎദ്രവചനങ്ങളരുൾ ചെയ്തുളവു യാന
പാത്രമതിലേറിയ വരായിരമൊടബ്ദേ
ആറുശതമഞ്ചു ദശമഞ്ചതിൽ ധരിത്ര്യാം
ആറുകൾ വളൎന്നു മഴകൊണ്ടു—ഗുണനാഥ.

---

37. താപ............വിധാനാൽ = മനുഷ്യസൃഷ്ടിമൂലം താപം മനസ്സിൽ ഉദിക്കുന്നു. ദേഹികൾ = ജീവികൾ.

38. സേത്തുകുലജാതൻ = ശേത്തിന്റെ കുലത്തിൽ ജനിച്ചവൻ; നീതിപതി = നീതിമാൻ; പോതം = ജലവാഹനം (പെട്ടകം) ഗോവൎത്തരു = ഗോഫ്ര്മരം.

39. പ്രതിജാതിമൃഗവൎഗ്ഗാൽ = ഓരോജാതിമൃഗവൎഗ്ഗത്തിൽ നിന്നും, സപ്തമിഥുനാനി ശുഭവൎഗ്ഗമതിൽ = ശുദ്ധിയുള്ള വൎഗ്ഗത്തിൽ നിന്നും ആണും പെണ്ണുമായി ഏഴേഴും, ഈരണ്ടത്രയുഗളാന്യ ശുഭജാതി = അശുദ്ധിയുള്ള വൎഗ്ഗത്തിൽ നിന്നും ആണും പെണ്ണുമായി ഈരണ്ടും.

40. ആൎദ്രവചനങ്ങൾ = അലിവുള്ള വാക്കുകൾ, യാനപാത്രം = ജലവാഹനം, ആയിരമൊടബ്ദേ ആറുശതം അഞ്ചു ദശം അഞ്ചതിൻ = 1655-ാം വൎഷത്തിൽ [ആദാമിന്റെ ജനനശേഷം 1655 വൎഷം കഴിഞ്ഞാണ് ജലപ്രളയം ഉണ്ടായതു്; നോഹയ്ക്കു് അപ്പോൾ 600 വയസ്സുണ്ടായിരുന്നു.] ധരിത്ര്യാം = ഭൂമിയിൽ.

41 കഷ്ടതരമായി ജലധാരകൾ ചൊരിഞ്ഞു
വർഷജലദങ്ങളുമയച്ചവനിതന്നിൽ
വർഷബഹുവാരികൾ പൊഴിഞ്ഞധികമായി
കർഷമൊടു നാല്പതു ദിനങ്ങൾ — ഗുണനാഥ.

42 വിശ്വനിധിനോഹിനൊടു കൂടിയവരെന്നീ
നിശ്വസിത ദേഹികൾ നശിച്ചിതു ധരായാം
വിശ്വമതിൽ നിന്നു പതിനഞ്ചുമുഴമാകെ
വിശ്വമതിൽ വെള്ളമതുയർന്നു — ഗുണനാഥ.

43 ഷഷ്ടിശതമേകമതിൽ നോഹിനുടെ കാലം
പെട്ടിയതുറച്ചു മുകളദ്രിയററാത്തിൽ
എട്ടുനരരും മൃഗഗണങ്ങളുമശേഷം
പെട്ടിയതു വിട്ടുഭുവി വന്നു — ഗുണനാഥ.

44 മർത്ത്യനിധിനോഹുമൊരു വേദിയതു തീർത്തു
നിത്യപദതാരടി വണങ്ങിവഴിപോലെ
ശുദ്ധമൃഗപക്ഷിതര മൊക്കെയതിൽ നിന്നു
ശുദ്ധമതി പൂജകളണച്ചു — ഗുണനാഥ.

45 ഗന്ധമിളിതം പരിമളം വിലസിനപ്പോൾ
ബന്ധുപരമൻ പുനരിവണ്ണമരുൾ ചെയ്തു .

---

41. വർഷജലദം=കാർമേഘം, അവനി=ഭൂമി, വാരി=ജലം.

42. വിശ്വനിധി=ലോകനിധി, നിശ്വസിത ദേഹികൾ=നിശ്വസിക്കുന്ന ജീവികൾ (സർവ്വജീവികളും), ധരായാം=ഭൂമിയിൽ, [ഏററവും ഉയന്ന പവ്വതത്തിൽ നിന്നും 15 മുഴംകൂടി വെള്ളം ഉയന്നു]

43, ഷഷ്ടിശതമേകം.=601-ാം വർഷത്തിൽ, അദ്രിയററാത്തിൻ=അരരാത്ത് പവ്വതത്തിൽ

44. വേദി=യാഗപീഠം, നിത്യപദതാർ=നിത്യനായ ഈശ്വരൻെറ പാദപത്മം.

45. ഗന്ധമിളിതം=സുഗന്ധം കലന്ന, പരിമളം=സൗരഭ്യം.

ഹന്തനരദോഷമതിനാൽ ഭുവനനാശം
ചിന്തനയില്ലം പെട്ടകയില്ല — ഗുണനാഥ.

46 കൊയിത്തുവിത രാത്രി പകലുഷ്ണമൊടുശീതം
ധാത്രിയതിൽ വർഷമൊടു വേനലുമിതെല്ലാം
ധാത്രിതലമുള്ള ദിവസങ്ങളിവയൊന്നും
പേർത്തൊഴികയില്ല ഭുവനേഷു — ഗുണനാഥ.

47 നോഹിന്റെ പൂജയതുമൂലമൊരുരക്ഷ
ദേഹികളിലെത്തിയതിനൊത്തുമശിഹാടെ
സാഹസിക മധ്യകൃതമാം സ്വബലിമൂലം
ഐഹികഗണങ്ങളുയിർ പെട്ടു — ഗുണനാഥ.

48 സർവ്വ നരജാതികളശേഷമിതുകാലം
സർവ്വഗുണനോഹസുതസന്തതികളത്രെ
പൂർവ്വമതുകൊണ്ടു പ്രളയോത്ഭവ പുരാണം
സർവ്വകുലകീർത്തിതമിഹാപി — ഗുണനാഥ.

49 പൃഥ്വിയുഴുതിട്ടു കൃഷിമുന്തിരിവളർത്തി
തല്ഫലരസങ്ങളുപഭുജ്യജനകൻ താൻ
മത്തമതിയായ് വസനഹീനതധരിച്ചു
• നഗ്നതകിനാന്റെ ഗുരുകണ്ടു — ഗുണനാഥ.

---

46. ധാത്രി=ഭൂമി, ഭുവനേഷു=ലോകത്തിൽ

47. ദേഹികൾ=ജീവികൾ (മനുഷ്യർ), ഐഹികഗണങ്ങൾ=ഇഹലോക വാസികൾ, ഉയിർപെട്ടു=ജീവൻ പ്രാപിച്ചവരായി.

48. പ്രളയോൽഭവപുരാണം=ജലപ്രളയത്തിന്റെ ഉൽഭവമാകുന്ന പൂർവ്വചരിതം

49. പൃഥ്വി=ഭൂമി, തത്ഫലരസങ്ങൾ=മുന്തിരിച്ചാറ്, ഉപഭുജ്യ=പാനം ചെയ്തിട്ട്, ജനകൻ=അച്ഛൻ (നോഹ), മത്തമതി=മദിച്ചവൻ, വസനഹീനത=വസ്ത്രമില്ലായ്മ (നഗ്നത), കിനാന്റെ ഗുരു=കനാന്റെ അച്ഛൻ (നോഹയുടെ പുത്രനായ ഹാം )

50 ദുർജ്ജന വിനാശനമറിഞ്ഞു ഖലനാമും
ലജ്ജകൈവെടിഞ്ഞു നിജതാതനെ ഹസിച്ചു
ആജ്ഞയൊടടുത്ത പരരും ജനകപാദൗ
ലജ്ജയെ മറച്ചവർ വണങ്ങി — ഗുണനാഥ.

51 ധർമ്മമതിനോഹിനുടെ ചിത്തനയനത്താൽ
കർമ്മഗതി കണ്ടു നിജപുത്രരുടെയെല്ലാം
കർമ്മമതിനൊത്ത ഫലമെന്നു നിയമിച്ചു
ധാർമ്മികനവർക്കു വരമേകി — ഗുണനാഥ.

52 ശാപധരനായ്‌വരിക ഹാമിനുടെ പുത്രൻ
ദാസനുടെ ദാസനവനാകസഹജർക്കു
ഷേമിനുടയ പരനനുഗ്രഹമുടയോൻ
ഹാമജനവനാടിമയാക — ഗുണനാഥ.

53 നിത്യപരനുന്നതിയാപ്പേത്തിനുവരുത്തും
സത്യമിവൻ ഷേംപടഗൃഹേകുടിയിരിക്കും
ഭൃത്യവരനായ്‌വരിക കനാനിവനെന്നും
സത്യവ്രതനിങ്ങനെ പറഞ്ഞു — ഗുണനാഥ.

54 അന്നവനുരച്ച മൊഴിസന്തതി കുഡുംബേ
ചേർന്നതുനിവിത്തി വരുവാനുഴറി കാലം

---

50. ഖലനാമും=ഖലനായ (ദുഷ്ടനായ) ഹാം, ഹസിച്ചു=പരിഹസിച്ചു, അപരർ = മററവർ (ശേം, യാഫെത്ത് എന്ന നോഹയുടെ മററു രണ്ടു മക്കൾ), ജനകപാദൗ=അപ്പന്റെ പാദങ്ങളിൽ.

51 ചിത്തനയനത്താൽ=മനക്കണ്ണിനാൽ

52. സഹജർ=സഹോദരങ്ങൾ, ഷേമിനുടയ പരനനുഗ്രഹമുടയോൻ=ശേമിന്റെ ദൈവമായ യഹോവാ സ്തുതിക്കപ്പെട്ടവൻ (ഉല്പ: 9, 26), ഹാമജൻ=ഹാമിന്റെ പുത്രൻ (കനാൻ).

53. പടഗൃഹേ=കൂടാരത്തിൽ.

ഇന്നുമതു നീക്കുവതിനാർക്കു മതിയാവു
തീൎന്നു വരുവാൻ കരുണചെയ്ക — ഗുണനാഥ.
55 ഷേമിനുടെ സന്തതിയിൽ ദേവനവതീർണ്ണൻ
തന്മതഗൃഹത്തൊടിടചേൎന്നനുജവംശം
ഹാമിനുടെ വംശമൊരു പാത്രമടിമയ്ക്കു
സാമ്യമിതിനെന്തു പറയുന്നു — ഗുണനാഥ.
56 നീതിപതിതാൻ നിജകുഡുംബമൊടുകൂടി
സാദരമിരുന്നുശതമാണ്ടവനിതന്നിൽ
ആദിനമനല്പഗണമായ് മനുജ വംശം
വേദവിഭവങ്ങളു മുയർന്നു — ഗുണനാഥ.
57 തിങ്ങിവളരുന്നനരവൃന്ദമതിൽനിന്നു
അങ്ങുനടകൊണ്ടുദയഭാഗമൊരുസംഘം
ഇംഗിതമതൊത്തുദിശി ഷീനർ വെളിയിങ്കൽ
ഭംഗിയൊടിരുന്നിട മുരച്ചു ഗുണനാഥ.
58 പോരികൊരുഗോപുരമുയൎത്തുവതിനിന്നു
ചേരുമളവംബര മുയർത്തിടുക വേണം
പാരതിലലഞ്ഞു പതറാതിടുക വേഗം
പേരുമിടുകേകമിതിനേതി — ഗുണനാഥ.
59 താതപിതൃശാപമതൊഴിപ്പതിനു വേണ്ടി
ഭീതിയൊടു ഭീമകരനായ നിമ്രോദും

---

55. ദേവനവതീൎണ്ണൻ = യേശുദേവൻ അവതരിച്ചവനായി.

56. ആ ദിനമനല്പഗണമായ് മനുജവംശം = അക്കാലത്തു് മനുഷ്യവംശം അസംഖ്യമായി പെരുകി.

57. ഉദയഭാഗം = കിഴക്കുദിക്കിലേക്കു്, ഇംഗി........ ...വെളിയിങ്കൽ = അഭിലാഷം അനുസരിച്ചു ശീനാർ സമഭൂമിയിൽ.

58. അംബരം = ആകാശം.

59. താതപിതൃശാപം = പിതാമഹന്റെ ശാപം (നോഹയുടെ ശാപം), ഭീമകരൻ = ഭയങ്കരൻ, പാതക വിചാരം = പാപചിന്ത.

ജാതിയിൽ മുത്തുന്ന ഗൃഹമൊന്നിതു ചമയ്പാൻ
പാതകവിചാരമിതു പോലെ — ഗുണനാഥ

60 ഊഴിയതിൽനിന്നു വഴിനാകമതിലാവാൻ
പൂഴിയതു കൊണ്ടു പണിചെയ്‌വതിനുറച്ചു
ഭോഷരൊരു കൂട്ടമൊരുമിച്ചു പണിചെയ്തു
പാഴിൽ വരുമെന്നു നിനയാതെ—ഗുണനാഥ.

61 സ്വൎഗ്ഗമതിൽ നിന്നു കരുണാകരനുണൎന്നു
ദുൎഗ്ഗതനരാധമർ തുനിഞ്ഞതുമറിഞ്ഞു
നിൎഗ്ഗുണികളെ പല വഴിക്കു ചിതറിപ്പാൻ
സൽഗുണനുറച്ചിട മുതിൎന്നു — ഗുണനാഥ.

62 ഇന്നു ഭുവിമാനുഷസമൂഹമിതൊന്നു
നന്നിവരുരയ്ക്കുമൊരു ഭാഷയുമതൊന്നു
മന്നിലവരുന്നിയതു നിഷ്ഫലമതാവാൻ
ഭിന്നത വരുത്തുമഹമാശു — ഗുണനാഥ.

63 നിത്യപരമൻ പുനരിവണ്ണമരുൾചെയ്തു
മൎത്ത്യപരിഷയ്ക്കിട വരുത്തി പദഭേദം
മൎത്ത്യനൊരുവന്റെ ഗിരമന്യനറിയാതെ
അത്തൽ പിടിപെട്ടവർ വലഞ്ഞു — ഗുണനാഥ

64 ഭാഷ വിഭജിച്ച പുരമെന്നതു നിമിത്തം
ഊഴിയതിൽ ബാബേൽ പുരമെന്നതു പ്രസിദ്ധം

---

60. ഊഴി=ഭൂമി, നാകം=സ്വൎഗ്ഗം, പൂഴി=മണ്ണു്.

61. ദുൎഗ്ഗതനരാധമർ=ദുഷ്ടരായ നീചമനുഷ്യർ, നിൎഗ്ഗുണികൾ=നിൎഗ്ഗുണന്മാർ.

62. മന്നിൽ=ഭൂമിയിൽ, ഉന്നിയതു്=ഉദ്ദേശിച്ചതു്, ഭിന്നത=ഭേദബുദ്ധി, അഹം=ഞാൻ, ആശു=വേഗം.

63. മൎത്ത്യപരിഷ=മനുഷ്യ സമൂഹം, പദഭേദം=ഭാഷാഭേദം, ഗിരം=വാക്കു്, അത്തൽ=ക്ലേശം

ഭാഷകൾ പരസ്പരമറിഞ്ഞ ഗണമൊത്തു
ശേഷവിഷയങ്ങളിൽ ഗമിച്ചു — ഗുണനാഥ

65 പാരിലതു കൊണ്ടു നരജാതികൾ പരന്നു
ചാരുതരമാം പുരികൾ തീൎന്നു പലദിക്കിൽ
പൂൎവ്വമതിലായി ബബിലോൻെറ പുരിപിന്നെ
പാരിൽ മിസറേൻെറ പുരമത്രേ — ഗുണനാഥ

66 മായകൾ നിറഞ്ഞ ഭുവിമാനുഷർ ചരിക്കും
ആയതപഥേ നിറയുമാശര പിശാചിൻ
മായകളറുത്തു തവജ്ഞാനമതുദിപ്പാൻ
നായകനെ നീ കരുണ ചെയ്ക — ഗുണനാഥ

67 ദേഹമഴിയുന്നതിനു മുമ്പു തവസത്യം
ദേഹികളിലുൾപതനമാക്കിടണമീശോ
പാഹികരുണേശ പരിപാഹി ദുരിതാൎത്താൻ
പാഹിപരിതാപഹരപാഹി — ഗുണനാഥ.

---

64. പുരം=പട്ടണം, ശേഷവിഷയങ്ങളിൽ = അന്യരാജ്യങ്ങളിൽ, ഗമിച്ചു=പോയി.

65. ചാരുതരം=അതിമനോഹരം, പുരി=പട്ടണം.

66. അപഥേ=ദുർമ്മാർഗ്ഗത്തിൽ.

67. ദേഹം അഴിയുന്നതിനുമുമ്പെ = മരണത്തിനുമുമ്പെ, ദേഹികളിൽ=മനുഷ്യരിൽ, ഉൾപതനം=ബോധം, പാഹി=പാലിച്ചാലും, കരുണേശ = കാരുണ്യത്തിനു നാഥ, പരിപാഹി = പരിപാലിച്ചാലും, ദുരിതാർത്താൻ =ദുരിത പീഡിതരെ, പരിതാപഹര=ദുഃഖം നശിപ്പിക്കുന്നവനെ.

# രണ്ടാം വൃത്തം

**അബ്രഹാം – ലോത്തു – ഇഷ്മായേൽ – ഇസഹാക്ക**

1 പാരിലെല്ലാം പരന്ന മഹാജനം
ഭൂരിസൗഖ്യം ലഭിച്ചോരനന്തരം
പരമാത്മാവരൂപിയാം ദൈവത്തെ
ആരാധിപ്പാൻ മറന്നുപോയ് —ക്രിസ്തുവെ

2 വിഗ്രഹങ്ങൾ ചമച്ചു ഗൃഹങ്ങളിൽ
വ്യഗ്രതാഹീന മർച്ചിച്ചു സേവിച്ചു
ആഗ്രഹങ്ങൾക്കനുചിത കർമ്മങ്ങൾ
ജാഗ്രതയോടു ചെയ്തവർ — ക്രിസ്തുവെ

3 മുന്നമേ നോഹുതൻെറ സുതന്മാരി
ലുന്നതനായ ഷേമിൻ കുഡുംബത്തിൽ
വന്നുളവായി മന്നവന്മാർ പലർ
എന്നതിൽ ഹീബർ മുഖ്യനായ് — ക്രിസ്തുവെ

4 ഹീബറിൻെറ കുഡുംബേ ജനിച്ചൊരു
അബ്രഹാമിൻ പരമ്പരയാകയാൽ
എബ്രായെല്ലാരെന്നുള്ളൊരു നാമവു
മിസ്രായേല്ലാർക്കു വന്നിതു — ക്രിസ്തുവെ

5 കാലം കൊണ്ടുമറന്നു പരാപരം
മാലോകർക്കു വളർന്നു പരിതാപം

---

ഇരുപത്തിനാലു വൃത്തത്തിൻ എന്നപോലെ ഇതിലെ രണ്ടാം വൃത്തത്തിലെ പദ്യങ്ങൾ എല്ലാം സപ്പിണീ വൃത്തമാകുന്നു.

1. ഭൂരിസൗഖ്യം = ധാരാളമായ സുഖം, പരമാത്മാവരൂപിയാം = പരമാത്മാവും രൂപമില്ലാത്തവൻമായ.

2. വ്യഗ്രതാഹീനം = വ്യാകുലമില്ലാതെ, അർച്ചിച്ചു = പൂജിച്ചു.

5 പരാപരം = ഈശ്വരനെ.

ആലോകർ പലഭാഷയിൽ രൂപങ്ങൾ
ചാലവെ പരിസേവിച്ചു — ക്രിസ്തുവെ

6 ലോകതാപമൊഴിപ്പാനവനിയിൽ
ലോകപാലൻ വരവിങ്ങറിയിപ്പാൻ
ലോകരിലേകജാതിയെ പാലിപ്പാൻ
ലോകനാഥൻ നിയോഗിച്ചു — ക്രിസ്തുവെ

7 തേറാതൻെറ സുതനായൊരബ്രാഹം
സേറയാം നിജഭാര്യയോടും കൂടെ
ആറാനെന്ന പുരിയിൽ വസിക്കുമ്പോൾ
മാറാൻ പ്രത്യക്ഷനായ് വന്നു — ക്രിസ്തുവെ

8 അത്രനിന്നു ഗമിക്കബ്രഹാം തവ
മിത്രവർഗ്ഗങ്ങളേയും ത്യജിക്ക നീ
ഭദ്രമാം പരദേശത്തെ കാണിപ്പാൻ
യാത്രയാകവിടെക്കു നീ — ക്രിസ്തുവെ

9 നിന്നിൽ നിന്നൊരു ജാതിവളൎത്തുവൻ
നിന്നുടെ നാമധേയ മുയൎത്തുവൻ
മന്നിൽ നീയൊരനുഗ്രഹമായ് വരും
നിന്നെ ഞാൻ ധന്യനാക്കുവൻ — ക്രിസ്തുവെ

10 നിന്നെയേവനനുഗ്രഹം ചെയ്യുമോ
തന്നെ ഞാനുമനുഗ്രഹിച്ചീടുവൻ
നിന്നെയാരോ ശപിക്കുമാ മർത്ത്യനെ
പിന്നെ ഞാനും ശപിക്കുമെ — ക്രിസ്തുവെ

---

7. തേറാ = തേരഹ്, ആറാൻ എന്നപുരിയിൽ = ഹാരാൻ പട്ടണത്തിൽ., മാറാൻ = ദൈവം.

8. ഭദ്രം = മംഗളപ്രദം.

9 നാമധേയം = പേരു്, മന്നിൽ = ഭൂമിയിൽ.

11 നിന്നിലാനന്ദ വാഴ്വു ലഭിച്ചിടും
മന്നിലുള്ള കുഡുംബമശേഷവും
എന്നു നാഥനരുൾ ചെയ്ത നേരത്തു
അന്നരനും പുറപ്പെട്ടു — ക്രിസ്തുവെ

12 ആൎയ്യസോദരപുത്രനൊരുത്തനും
ഭാൎയ്യസേറാ സുമുഖിയൊരുത്തിയും
സാരവസ്തുസമസ്തവും സംഭരി -
ച്ചാറാനിൽ നിന്നു പോയവർ — ക്രിസ്തുവെ

13 യാനഞ്ചെയ്തു കനാന്റെ ദിശിപുക്കു
താനും തന്മേഷക്കൂട്ടത്തല്പാലരും
കാനാദേശത്തിലന്നവർ പാർക്കുമ്പോൾ
താനഖിലേശനെക്കണ്ടു — ക്രിസ്തുവെ

14 തത്രരാജ്യമവനിലുളവാകും
പുത്രജാതിക്കു നല്കുമെന്നുള്ളൊരു
കൎത്തൃകൎത്താനിദേശം ശ്രവിക്കയിൽ
ചിത്തമോദാൽ സ്തുതിച്ചവൻ — ക്രിസ്തുവെ

15 വൃദ്ധരായുള്ള ദമ്പതികൾക്കൊരു
പുത്രനില്ലാതിരിക്കും ദശാന്തരേ
ആൎത്തിതീർക്കുന്ന ദേവന്റെ വാക്കുകൾ
വ്യൎത്ഥമെന്നു നിനച്ചീല — ക്രിസ്തുവെ

---

12. ആൎയ്യസോദരപുത്രൻ = ജ്യേഷ്ഠസഹോദരപുത്രൻ (ലോത്തു്), സുമുഖി=സുന്ദരി, സമസ്തവും=സൎവ്വവും, സംഭരിച്ചു്=ശേഖരിച്ചു്.

13. തന്മേഷക്കൂട്ടം= തന്റെ ആട്ടിൻകൂട്ടം, തത്പാലകരും = അതിന്റെ പാലകന്മാരും (ആട്ടിടയരും)

14. കൎത്തൃകൎത്താനിദേശം= ദൈവകല്പന.

15. വ്യൎത്ഥം=നിഷ്ഫലം, നിനച്ചീല=വിചാരിച്ചില്ല.

16 ആട്ടുമാട്ടുമിടയരും ഭൃത്യരും
കൂടവെ പടശാലകളോട്ടുമായ്
നാട്ടുതോറും നടന്നു കനാൻദിശി
തേടിനാൻ ഗതി പൂജയാൽ — ക്രിസ്തുവെ

17 ക്ഷാമമേറിച്ചമകയാലേകദാ
ധീമതാംവരൻ പോയി മിസ്രേൻ പുരെ
ക്ഷാമമാറിയ കാലംകനാനെന്ന
ഭൂമിയിൽ വന്നു പാർത്തവൻ — ക്രിസ്തുവെ

18 വാദിച്ചാരന്നിടയരതിന്മൂലം
ഖേദിച്ചങ്ങകററീടിനാൻ ലോത്തിനെ
മേദിനിയിൽ സോദോമിൻെറ ചാരത്തു
മോദിച്ചു വാണു ലോത്തന്നു — ക്രിസ്തുവെ

19 തത്രരാജ്യം ഭരിക്കുന്ന ഗോപരിൽ
മിത്രഭേദങ്ങളുണ്ടാകകാരണം
ശത്രുവന്നൊരിമ്പെട്ടു സന്നദ്ധരായ്
യുദ്ധമുണ്ടായി തങ്ങളിൽ — ക്രിസ്തുവെ

20 തോററുപോയങ്ങു നാലു നൃപരോടു
ഏറെറത്തുത്തൊരു പഞ്ചരാജാക്കളും
തോററുപോയദിഗപ്പാസികളെത്തദാ
മാററലർകൊള്ളയിട്ടന്നു—ക്രിസ്തുവെ.

---

16. പടശാല=കൂടാരം.

17. ഏകദാ=ഒരിക്കൽ, ധീമതാംവരൻ = ബുദ്ധിമാന്മാരിൽ ശ്രേഷ്ഠൻ.

18. മേദിനി=ഭൂമി.

19. മിത്രഭേദം=പിണക്കം, ഗോവർ=രാജാക്കന്മാർ.

20. പഞ്ചരാജാക്കൾ=അഞ്ചു രാജാക്കന്മാർ, മാററലർ=ശത്രുക്കൾ.

21 കൊണ്ടുപോയോരടിമ ജനങ്ങളിൽ
ഉണ്ടല്ലോത്തന്നു കേട്ടബ്രഹാമുടൻ
മങ്ങിനാൻനിജഭൃത്യരുമായ് ചെന്നു
വീണ്ടെടുത്തിങ്ങുപോന്നവൻ—ക്രിസ്തുവെ.
22 വീണ്ടെടുത്തിങ്ങു പോരുന്ന മാർഗ്ഗത്തിൽ
കണ്ടു സാലേംസമാധാനഭൂപനെ
ഇണ്ടലെന്നിയെ തന്റെ വരങ്ങളെ
കൊണ്ടുതാനും പ്രഹൃഷ്ടനായ്—ക്രിസ്തുവെ.
23 ചിന്മയ വേദശാസ്ത്രങ്ങളിൽ ജനി
ജന്മവംശങ്ങൾ അസ്പഷ്ടമാകയാൽ
ജന്മമൃത്യു ജനകജനനിക
ളിമ്മഹീപതിക്കില്ലപോൽ—ക്രിസ്തുവെ.
24 പത്തിലൊന്നു കൊടുത്തവനബ്രഹാം
പത്തനം പ്രതിപോയ് ചെന്നനന്തരം
നിത്യദേവന്റെ വാക്കുകൾ കേൾക്കായി
ശുദ്ധനാമബ്രഹാമിന്നു—ക്രിസ്തുവെ.
25 ഭീതികൂടാതിരിക്കബ്രഹാമെ നീ
ആധിപോക്കുന്ന ദൈവമഹം തവ
സാദരം പാരിതോഷികരൂപമാം
നീതിയുള്ള പരിച ഞാൻ—ക്രിസ്തുവെ.

---

22. സാലെം സമാധാന ഭൂപൻ=ശാലേം രാജാവായ മെൽക്കിസദേക്ക്, ഇണ്ടൽ=ദുഃഖം, പ്രഹൃഷ്ടൻ=സന്തുഷ്ടൻ.

23. ചിന്മയവേദശാസ്ത്രം=സത്യവേദപുസ്തകം, ജനിജന്മവംശങ്ങൾ=ജനനമോ, ജനിച്ചവംശമോ; ജന്മമൃത്യുജനകജനനികൾ=ജനനം, മരണം, അച്ഛൻ, അമ്മ, ഇമ്മഹീപതി=ഈ രാജാവു്

24. പത്തനം=പട്ടണം.

25. ദൈവമഹംതവ=ഞാൻ നിന്റെ ദൈവം, പാരിതോഷിക.........പരിച ഞാൻ=ഞാൻ നിന്റെ പരിചയും നിന്റെ അതിമഹത്തായ പ്രതിഫലവും ആകുന്നു [ഉല്പ: 15; 1]

26 പുത്രതാപം മുഴുത്ത നിനക്കുമേൽ
ഗാത്രജാതനായുണ്ടാമൊരു സുതൻ
ഗോത്രങ്ങൾക്കുമധിപനാകുമവൻ
ഗോത്രതാത ഗ്രഹിക്കനീ—ക്രിസ്തുവെ.

27 മിന്നും താരങ്ങളുംകടൽ സൈകതം
മന്നിടത്തിലെവന്നുമെണ്ണാവതോ
എന്ന പോൽ തവ പുത്രഗണങ്ങളും
മന്നിടത്തിലസംഖ്യമാം—ക്രിസ്തുവെ.

28 അന്യദേശേ വസിക്കുമൊരന്യനായ്
അന്യരെ സേവിച്ചിട്ടുംനിജസൂനു
അന്യ പീഢകൾ നാന്തുറുവത്സരം
മാന്യന്മാർക്കു ഭവിക്കുമേ—ക്രിസ്തുവെ.

29 ആ ജനങ്ങളെ ശിക്ഷിച്ചു പിന്നെഞാ-
നീജനത്തെ വരുത്തുമിവിടെക്കു
ആനന്ദം വന്നുകൂട്ടും നിനക്കുമേൽ
ആനന്ദപ്രദനാമഹം—ക്രിസ്തുവെ.

30 കാനായാദികൾ വാസം ചെയ്തീടുന്ന
നാനാദേശങ്ങളും തവസന്തതി-
ക്കൂനമെന്നീതരുന്നു ഞാനിന്നു നീ
ദീനമെന്നീവസിച്ചാലും—ക്രിസ്തുവെ.

---

26. പുത്രതാപം = പുത്രദു:ഖം, ഗാത്രജാതൻ = സ്വന്തം ശരീരത്തിൽനിന്നും ജനിച്ചവൻ, സുതൻ = പുത്രൻ, ഗോത്രതാത = ഗോത്രപിതാവേ

27. താരങ്ങൾ = നക്ഷത്രങ്ങൾ., സൈകതം = മണൽ.

28. നിജസൂനു = തന്റെ പുത്രൻ.

29, ആനന്ദപ്രദനാമഹം = ഞാൻ ആനന്ദം പ്രദാനം ചെയ്യുന്നവനാണ്.

31 ഏവമാദേശസാരം ഗ്രഹിച്ചുടൻ
ദേവനെ സ്മരണം ചെയ്തു ഭക്തിയാൽ
ദൈവവിശ്വാസിനാം പിതാവദ്വയ
സേവകാഗ്രേസരൻ വാണു—ക്രിസ്തുവെ.

32 നാരിമാർമണിയായൊരു ഭാര്യതാൻ
ചാരവെവന്നുണർത്തിയൊരു ദിനം
പാരമാധി മുഴക്കുന്നു ഭർത്താവെ
പാരിൽ പുത്രനില്ലായ്കയാൽ—ക്രിസ്തുവെ.

33 ആളിമാരിലഴകുള്ളൊരാഗറെ
മേളമോടെ പരിഗ്രഹിക്കഭവാൻ
ആളിതന്നിലുല്പന്നനാമർഭകം
പാലിപ്പൻ മമപുത്രനായ്—ക്രിസ്തുവെ.

34 എന്നപോതബ്രഹാമങ്ങാഗറിനെ
നന്ദിയോടെ പരിഗ്രഹിച്ചീടിനാൻ
അന്നു ഗർഭം ധരിച്ചോരാഗേറിനു
നിന്ദാഭാവം കലന്നുപോൽ—ക്രിസ്തുവേ.

35 ചേടിഭാവം വെടിഞ്ഞു പുനരതി
പ്രൗഢഭാവം നടിച്ചു തുടങ്ങിനാൾ

---

30. കാനായാദികൾ = കാനായക്കാർ തുടങ്ങിയവർ, ഊനമെന്നി = കുറവുകൂട്ടാതെ, ദീനമെന്നി = ദുഃഖമില്ലാതെ.

31. ആദേശസാരം = കല്പനയുടെ സാരം, സ്മരണം ചെയ്തു = ഓർത്തു, ദൈവവിശ്വാസിനാം പിതാവ് = വിശ്വാസികളുടെ പിതാവ്, അദ്വയസേവകാഗ്രേസരൻ = ദൈവ ഭക്തരിൽ അഗ്രഗണ്യൻ.

32. നാരിമാർമണി = സ്ത്രീരത്നം, ചാരവെ = സമീപത്തിൽ.

33. ആളിമാർ = തോഴികൾ, ഉല്പന്നനാം = ഉണ്ടാകുന്ന, അർഭകം = പുത്രനെ, പാലിപ്പൻ = വളർത്താം, ആഗർ = ഹാഗാർ

34. എന്നപോത് = അപ്പോൾ.

35. ചേടിഭാവം = ദാസീഭാവം.

പീഡിപ്പിച്ചാളതുകൊണ്ടുസാറാതാനും
പീഡകൊണ്ടാഗറോടിനാൾ—ക്രിസ്തുവെ.

36 പാരമാധി മുഴുത്തു വലഞ്ഞൊരു
നാരിയാൾ ദൈവദൂതനിയോഗത്താൽ
നീരസാഗ്രഹം പ്രാപിച്ചു പിന്നെയും
സ്വൈരിണ്ണിയെ വണങ്ങിനാൾ—ക്രിസ്തുവെ.

37 പുത്രനും പിറന്നിഷ്മയെലന്നവൻ
ഉഗ്രനായിവനചരനായവൻ
ധാത്രിയിൽ പന്തിരണ്ടുഗോത്രങ്ങൾതൻ
ഗാത്രജാതന്മാരായ് വന്നു—ക്രിസ്തുവെ.

38 കാലമങ്ങുഴറാതബ്രഹാമിൻെറ
മാലകററാനുഴറിപരാപരൻ
മേലുമബ്രഹാദികൾക്കാചാരമായ്
ചേലാകർമ്മം നിയോഗിച്ചു—ക്രിസ്തുവെ.

39 ആദിനത്തിലതീവ പാപങ്ങളാൽ
സാദമുംഗമൊറായും നിറകയാൽ
ആദിഭൂതനവരെയൊട്ടുക്കമെ
നാദിവ്യനോടറിയിച്ചു—ക്രിസ്തുവെ.

---

36. നീരസാഗ്രഹം..........വണങ്ങിനാൾ = വീണ്ടും ഗൃഹത്തിലെത്തി സാറയെ കീഴ് വണങ്ങി.

37. വനചരൻ=കാട്ടിൽ ചരിക്കുന്നവൻ, ധാത്രിയിൽ............വന്നു=ഇഷ്മായേലിനും പന്ത്രണ്ടു പുത്രന്മാർ ഉണ്ടാകയും അവരിൽനിന്നു പന്ത്രണ്ടുഗോത്രങ്ങൾ ഉൽഭവിക്കുകയും ചെയ്തുവത്രെ.

38. മാലകററാൻ=ദു;ഖം നീക്കുവാൻ, ഉഴറി = തിടുക്കപ്പെട്ടു, പരാപരൻ= ദൈവം.

39. ആദിഭൂതൻ=ദൈവം.

40 കേട്ടനേരമുണർത്തിനാനബ്രഹാം
ദുഷ്ടരെപ്രതിദേശംമുടിക്കുമമ്പാറം
ദുഷ്ടരോടൊരുമിച്ചു നിൻ ഭക്തരാം
ശിഷ്ടരേയും മുടിക്കുമോ—ക്രിസ്തുവെ.

41 പാപിയായൊരടിയൻെറ വാക്കിനു
കോപമേതുമുണ്ടാകൊലദൈവമേ!
കേവലമടിയൻ പൊടിയെങ്കിലും
കേവലാനന്ദനല്ലോ നീ—ക്രിസ്തുവെ.

42 അൻപുള്ള ജനമൻപതുണ്ടെങ്കിലും
അഞ്ചതിൽ കുറഞ്ഞീടിലും നാല്പതോ
മുപ്പതോ രണ്ടു പത്തുപത്തെങ്കിലും
അമ്പരെ നീ മുടിക്കുമോ—ക്രിസ്തുവെ.

43 ഇത്തരം വാക്കിനുത്തരമായുടൻ
സത്വരമരുളീടിനാനീശ്വരൻ
ഇത്തരം കൃത്യമെങ്കലുണ്ടെന്നുനിൻ
ചിത്തതാരിൽ നിനയ്ക്കേണ്ട—ക്രിസ്തുവെ.

44 ദുഷ്ടരോടൊരുമിച്ചു മൽഭക്തരെ
നഷ്ടമാക്കുമോ സത്യദൈവമഹം
വിഷ്ടപാധിപന്മാർപോലും നീതിയെ
സ്പഷ്ടമായ് ചെയ്വതില്ലയോ—ക്രിസ്തുവെ.

45 പത്തുപേർ നീതിമാന്മാരുണ്ടെങ്കിലാ
പത്തനത്തെ നശിപ്പിക്കയില്ലഹം

---

40. ദുഷ്ടരെപ്രതി=ദുഷ്ടർമൂലം, ശിഷ്ടർ=ഭക്തർ.

42. അൻപുള്ള=നന്മയുള്ള, അമ്പതോ, നാല്പത്തഞ്ചോ, നാല്പതോ, മുപ്പതോ, ഇരുപതോ, പത്തോ ഭക്തർ ഉണ്ടെങ്കിൽ.

43. സത്വരം=വേഗം, ചിത്തതാരിൽ=മനസ്സിൽ.

44. വിഷ്ടപാധിപന്മാർ=രാജാക്കന്മാർ.

ഇത്തരങ്ങൾ പറഞ്ഞോരനന്തരം
സത്വരം മറഞ്ഞവ്യയൻ—ക്രിസ്തുവെ.

46 നാശകാലമടുത്തപുരെയധി
വാസനാകമാലോത്തിനെപാലിപ്പാൻ
ഈശ്വര ചാരകന്മാരിരുവർ വ-
ന്നാശു തൻഗൃഹം പ്രാപിച്ചു—ക്രിസ്തുവെ.

47 ആർത്തട്ടത്തവരെ പിടികൂടുവാൻ
ധൂർത്തരാം മർത്ത്യക്കൂട്ടങ്ങളപ്പൊഴെ
ഊർദ്ധ്വമായി സംഭവിച്ചവർ ദൃഷ്ടികൾ
ആർത്തരായിവലഞ്ഞേററവും— ക്രിസ്തുവെ.

48 ആടൽകൂടാതട്ടത്തൊരു ദിക്കിലേ-
ക്കോടുവാനായി നിയോഗിച്ചു ലോത്തിനെ
ഓട്ടം നേരത്തു പിന്തിരിഞ്ഞിങ്ങനോ-
ക്കീടരുതെന്നു കല്പിച്ചു—ക്രിസ്തുവെ.

49 അപ്പൊഴാകാശഗന്ധകാഗ്നി ചൊരി-
ഞ്ഞപ്രദേശം ദഹിച്ചുതുടങ്ങിപോൽ
അപ്പുറെതിരിഞ്ഞൊന്നു ലോത്തിൻ പ്രിയാ
ഉപ്പുകല്ലായ് ചമഞ്ഞുപോയ്—ക്രിസ്തുവെ

---

45. സത്വരം=വേഗം, അവ്യയൻ=നാശമില്ലാത്തവൻ (ദൈവം)

46. അധിവാസൻ = അധിവസിക്കുന്നവൻ, ഈശ്വരചാരകന്മാർ= ദൈവദൂതന്മാർ, ആശു=വേഗം.

47. ധൂർത്തർ=അഹങ്കാരികൾ, മർത്ത്യക്കൂട്ടം=മനുഷ്യർ, ഊർദ്ധ്വമായിസംഭവിച്ചവർ ദൃഷ്ടികൾ = കാഴ്ച നഷ്ടപ്പെട്ട, ആർത്തരായി = ദുഃഖിതരായി.

48. ആടൽ=ക്ലേശം, ദുഃഖം.

50 ഏവമെല്ലാം ദുരിതവിനാശന
ദേവദേവനിലുററൊരു ഭക്തിയാൽ
ദൈവഭൃത്യനബ്രാഹമാദേശത്തിൽ
ദേവസേവകനായി വാണു—ക്രിസ്തുവെ

51 ഏറിയകാലംകൊണ്ടവനിൽ പരൻ
ഏറെ വിശ്വാസം കണ്ടുതെളികയാൽ
ഏറെനാളാശകൊണ്ടതിന്റെ ഫലം
സാറാ ഗർഭണിയായ്ക്കണ്ടു—ക്രിസ്തുവെ

52 പൂർണ്ണകാലം തികഞ്ഞിതിരുപനാം
ഉണ്ണിയെ പ്രസവിച്ചു കുതൂഹലാൽ
പൂർണ്ണമോദം തികഞ്ഞിരുവർക്കു മാ
പൂർണ്ണചന്ദ്രാനനനെക്കണ്ടു—ക്രിസ്തുവെ

53 പുത്രനു പേർവിളിച്ചിസഹാക്കെന്നു
ഭദ്രമായ് ചേലയും ചെയ്തെട്ടാംദിനേ
എത്രയും പരിതോഷിച്ചനുദിനം
ചിത്രമോദാൽ വസിച്ചവർ—ക്രിസ്തുവെ

54 വത്സനാമിസഹാക്കു കുമാരനെ
കുത്സനഞ്ചെയ്തോരാഗറിൻ പുത്രനെ
തത്സമീപത്തിൽ നിന്നകററിത്തദാ
ഉത്സുകാനന്ദനായ് വാണു—ക്രിസ്തുവെ

---

50.1 ദുരിതവിനാശനദേവദേവൻ= ദുഃഖം നശിപ്പിക്കുന്നവനായ ദൈവം.

52. പൂർണ്ണചന്ദ്രാനനൻ= പൂർണ്ണചന്ദ്രതുല്യമുഖൻ, പൂർണ്ണേന്ദുമുഖദർശനം=പൂർണ്ണചന്ദ്രതുല്യമുഖദർശനം.

53. ചേല=പരിച്ഛേദനകർമ്മം, പരിതോഷിച്ച്=സന്തോഷിച്ച്, ചിത്രമോദാൽ=അതിസന്തോഷത്തോടെ.

54. വത്സൻ=വാത്സല്യമുള്ളവൻ (ശിശു) കുത്സനംചെയ്തു=നിന്ദിച്ചു, ഉത്സുകൻ=താല്പര്യമുള്ളവൻ.

55 കാമദനാം കരുണാകരൻ പരൻ
ആമയഹീനനന്നാബ്രഹാമിനു
കാമിതം പോലനുകൂലനാകയാൽ
ആമോദാബ്ധൗനിമഗ്നനായ്—ക്രിസ്തുവെ

56 പാഹിമാം പരമാംപരദൈവമെ
പാഹിമാം കരുണാലയ ക്രിസ്തുവെ
പാഹിമാം പരിതാപഹരപര
പാഹിമാമെമ്മാനുവേലേ—ക്രിസ്തുവെ

---

55. കാമദൻ = ആഗ്രഹങ്ങളെ ദാനംചെയ്യുന്നവൻ, കരുണാകരൻപരൻ = കരുണാനിധിയായ ദൈവം, ആമയഹീനൻ = ദുഃഖരഹിതൻ, കിമിതം = ആഗ്രഹം, ആമോദാബ്ധൗ = സന്തോഷസമുദ്രത്തിൽ, നിമഗ്നൻ = മുഴുകിയവൻ.

56. പാഹിമാം = എന്നെ പാലിച്ചാലും, കരുണാലയ = കരുണയ്ക്കു ഇരിപ്പിടമേ, പരിതാപഹര = ദുഃഖം നശിപ്പിക്കുന്നവനേ, എമ്മാനുവേൽ = രക്ഷകൻ (ദൈവം നമ്മോടുകൂടിയുണ്ട്).

## മൂന്നാം വൃത്തം.

അബ്രഹാമിൻെറ പരീക്ഷയും- ഇസ്സഹാക്കിൻെറ വിവാഹവും-
അബ്രഹാമിൻെറ മരണവും.

1 വിശ്വേശനക്കാലമാത്മപ്രിയൻെറ
വിശ്വാസനിഷ്ഠാ പരീക്ഷിച്ചുറപ്പാൻ
വിശ്വാസിതാതാബ്രഹാമോടുചൊന്നാൻ
ആശ്വാസഹീനോക്തി—സർവ്വൈകനീശാ.

---

ഇരുപത്തിനാലുവൃത്തത്തിലെ അഞ്ചാംവൃത്തത്തിൽ പ്രയോഗിക്കുന്ന കല്യാണി എന്ന വൃത്തമാണ് ഇതിൽ ഉപയോഗിച്ചിരിക്കുന്നത്.

1. വിശ്വേശൻ = ലോകനാഥൻ, ആത്മപ്രിയൻ = തൻെറ ഭക്തൻ, വിശ്വാസിതാതാബ്രഹാം = വിശ്വാസികളുടെ പിതാവായ അബ്രഹാം, ആശ്വാസഹീനോക്തി = ആശ്വാസമില്ലാത്ത (ദുഃഖകരമായ) വാക്ക്

2 പുത്രം നിനക്കദ്വയന്തം കുമാരം
ക്ഷിപ്രം നയിക്ക മൌരാഗ്രപ്രദേശേ
തത്രവധിച്ചുബലിനൽകിനിക്കെ
ന്നാത്രൈവ കേൾക്കായി—സർവ്വേകനീശോ.

3 ഗൂഢസ്ഥവാക്യങ്ങളേവം ഗ്രഹിച്ചും
ഗാഢം വളർന്നുള്ള താപം മറെച്ചും
ചേടദ്വയത്തോടുമാത്മജനോടും
കൂടിപ്പുറപ്പെട്ടു—സർവ്വേകനീശോ.

4 ദൂരത്രയോവാസരങ്ങൾ കടന്നാ
പാരൊത്തദേശമകം പുക്കനേരം
ദൂരത്തു പാർപ്പിച്ചനുചാരവർഗ്ഗം
ചാരത്തണഞ്ഞാശു—സർവ്വേകനീശോ.

5 പൂജക്കൊരുമ്പെട്ടു പോകും കുമാരൻ
പൂജ്യൻ പിതാവോടുണർത്തിച്ചിതപ്പോൾ
ഹേതാതവിറകൊണ്ടു തീയൊണ്ടുകയ്യിൽ
പൂജാർത്ഥമാടെങ്ങു—സർവ്വേക നീശോ.

6 ഏററം മുഴുത്തുള്ള താപേന താതൻ
മുററും സുതനോടു ചൊന്നാൻ സുതാ കേൾ
കുററങ്ങളറേറാരു കുഞ്ഞാട്ട്ദൈവം
തെററന്നീനൾകുമേ—സർവ്വേകനീശോ.

---

2. അദ്വയന്തം കുമാരം = ഏകനായ ആ കുമാരനെ, ക്ഷിപ്രം = വേഗം, മൌരാഗ്രപ്രദേശേ = മോറിയാദേശത്തുള്ള ഉയൎന്ന സ്ഥലത്തു്, അത്രൈവ = അവിടെ തന്നെ.

3. ഗൂഢസ്ഥൻ = ദൈവം, ചേടദ്വയം = രണ്ടുഭൃത്യന്മാർ; ആത്മജൻ = പുത്രൻ.

4. ത്രയോവാസരങ്ങൾ = മൂന്നുദിവസം, അനുചാരവർഗ്ഗം = ഭൃത്യവർഗ്ഗം, ചാരത്തു് = സമീപത്തു്.

5 പൂജാർത്ഥം = പൂജക്കായിട്ടുള്ള.

7 ഇത്ഥം പറഞ്ഞാശു ശൈലാഗ്രമേറി
തീൎത്തങ്ങു പീഠം വിറകുമടുക്കി
പുത്രംപ്രിയം തത്ര ബന്ധിച്ചിരുത്തി
കൎത്താവിനായ്ക്കൊണ്ടു—സൎവ്വൈകനീശൊ.

8 ഇഷ്ടാത്മജൻ തന്നെ ഹോമിപ്പതിന്നായ്
വെട്ടീടുവാൻ ഖൾഗമോങ്ങും ദശായാം
പെട്ടെന്നു കേൾക്കായൊരു നാദമപ്പോൾ
വെട്ടാല നീയെന്നു—സൎവ്വൈകനീശൊ.

9 ഞെട്ടിത്തിരിഞ്ഞത്ര നോക്കുന്നനേരം
കാട്ടില്പടപ്പേല്പുടക്കിക്കിടക്കും
മുട്ടാടിനെക്കണ്ടെടുത്തു ബലിയായി
വെട്ടിസുതംപ്രതി—സൎവ്വൈകനീശൊ.

10 അക്കാലമപ്പൈതൽ മാതാമരിച്ചു
ദുഃഖാൎത്തനായിട്ടിരുന്നു പിതാവും
മാക്പീലയെന്ന ഗുഹക്കുള്ളിൽ ദേഹം
ദുഃഖിച്ചടക്കിനാർ—സൎവ്വൈകനീശൊ.

11 നല്ലോരു ശീലനിസ്ഹാക്കുമാരൻ
കല്യാണകാലമതിക്രമിച്ചപ്പോൾ
ഉല്ലാസമോടേകിതാതൻ തദീയം
ചൊല്ലാൎന്ന ഭൃത്യംതു—സൎവ്വൈകനീശൊ.

---

7. ശൈലാഗ്രം=പൎവതമുകളം, പുത്രംപ്രിയം=പ്രിയനായപുത്രനെ, തത്ര=അവിടെ.

8. ഇഷ്ടാത്മജൻ=ഇഷ്ടപുത്രൻ, ഖൾഗം=വാൾ; ദശായാം=അവസരത്തിൽ, നാദം=ശബ്ദം.

9. സുതംപ്രതി=പുത്രനുവേണ്ടി.

11 നല്ലോരുശീലൻ=സൽസ്വഭാവി, അതിക്രമിച്ചു=കടന്നു, തദീയംഭൃത്യം=അവന്റെ ഭൃത്യനെ.

12 പുത്രന്നുഭാൎയ്യക്കു ബന്ധുക്കളിൽ നി-
ന്നത്രെ വരുത്തേണ്ടു നീ ബാലികയെ
സത്യം കഴിച്ചിങ്ങു ശീഘ്ര്യം തിരക്ക
ചിത്തം തെളിഞ്ഞങ്ങു—സൎവ്വേകനീശോ.

13 ദാസൻ പുറപ്പെട്ടു നാഹോരുപാൎക്കും
ദേശം കടന്നൊരു കൃപസമീപേ
ഈശപ്രിയഭൃത്യനമ്പോടിറങ്ങി-
ട്ടീശാൎച്ചനം ചെയ്തു—സൎവ്വേകനീശോ.

14 കാരുണ്യവരാന്നിധേ കാട്ടുകെന്നിൽ
കാരുണ്യലേശേന ലക്ഷ്യപ്രമാണം
കാരുണ്യമെൻനാഥനിൽ കാട്ടുവാനായ്
സ്ത്രീരത്നലാഭേത്ര—സൎവ്വേകനീശോ.

15 അംഭസ്സിനായിപ്പുരം തന്നിൽ നിന്നു
കുംഭംവഹിച്ചു വരും നാരിമാരിൽ
മുമ്പങ്ങൊരുത്തിയോടംഭസ്സിരപ്പേൻ
കമ്പംവെടിഞ്ഞിന്നു—സൎവ്വേകനീശോ.

16 പുഷ്ടപ്രമോദാലടുത്തിങ്ങുവന്നൊ
ന്നുഷ്ട്രസ്യപാനീയമമ്പിൽ കൊടുക്കും
മട്ടോൽമൊഴിമേപ്രഭോ പുത്രദാരം
ഇഷ്ടേയമേകീട്ടു—സൎവ്വേകനീശോ.

---

13 കൃപസമീപേ = ദൈവഭക്തനായ അബ്രഹാമിന്റെ ഭൃത്യൻ, ഈശാൎച്ചനം = ദൈവപൂജ.

14 കാരുണ്യവാരാന്നിധേ = കരുണാസമുദ്രമേ; ലക്ഷ്യം = അടയാളം, സ്ത്രീരത്നലാഭേ = സ്ത്രീരത്നത്തെ ലഭിക്കുന്നവിഷയത്തിൽ.

15 അംഭസ്സ് = ജലം, കുംഭം = കുടം, ഇരപ്പേൻ = യാചിക്കും.

16 പുഷ്ടപ്രമോദാൽ = അതിസന്തോഷത്താൽ, ഉഷ്ട്രസ്യ = ഒട്ടകത്തിനു, പാനീയം = ജലം, മട്ടോൽമൊഴി = സുന്ദരി, പുത്രദാരം = പുത്രഭാൎയ്യ

17 എന്നാശു ദാസനപേക്ഷിച്ച നേരം
വന്നാൾ ജലത്തിന്നൊരുത്തി പുറത്തു
കന്യാംഗനാതാനവനൊത്തതെല്ലാം
നന്നായനുഷ്ഠിച്ചു—സർവ്വേകനീശോ.

18 ചോദിച്ചറിഞ്ഞാൻ കുലചാർച്ചബന്ധം
ബോധിച്ചുകൊണ്ടുററബാലാംഗനേതി
മോദിച്ചവൾക്കു കൊടുത്താഭരണം
ശോഭിച്ച സ്വർണ്ണങ്ങൾ—സർവ്വേകനീശോ.

19 ഗാത്രങ്ങൾ തോറും പരിഷ്കാരമേഷാ
ചേർത്തങ്ങു ചെമ്മേ മനോജ്ഞാംഗി വേഗാൽ
മോദേന പോയാത്മഗേഹത്തിലെത്തി-
ട്ടെത്തിച്ചു തദ്വാർത്ത—സർവ്വേകനീശോ-

20 ഭ്രാതാവുലാബാനറിഞ്ഞൊരു നേരം
ആ ദാസനെച്ചെന്നുകൊണ്ടിങ്ങു പോന്നു
ആചാരമോടാശു ഭക്ഷ്യങ്ങളെല്ലാം
മോദേന താൻ നൽകി—സർവ്വേകനീശോ

21 ഭുക്തിക്കുമുന്നം പറഞ്ഞൊക്കെ ദൂതൻ
യുക്തിക്കു ചേരുംപടി വന്ന കാര്യം
ശക്രേശനാൽ ദത്തലക്ഷ്യാത്ഭുതഞ്ച
ഭക്ത്യാകഥിച്ചന്നു—സർവ്വേകനീശോ.

---

17 കന്യാംഗനാ=കന്യകയായ സ്ത്രീ.

18 ഉററബാലാംഗനേതി=ചേർന്നയുവതിയാണ് എന്നപ്രകാരം.

19 ഗാത്രം=ശരീരം; ഏഷാ=ഇവൾ, മനോജ്ഞാംഗി=സുന്ദരി, ആത്മഗേഹം=സ്വന്തംഗൃഹം, തദ്വാർത്ത=ആവൃത്താന്തം.

20 ഭ്രാതാവു=സഹോദരൻ.

21 ഭുക്തി=ഭക്ഷണം, ശക്രേശൻ=ദൈവം, ദത്തലക്ഷ്യാത്ഭുതംച=നല്കിയഅടയാളവും അൽഭുതവും, ഭക്ത്യാകഥിച്ചു=ഭക്തിയോടെപറഞ്ഞു.

22 ഇത്ര്യാത്മപത്ഥ്യമറിയിച്ചു ഭൃത്യൻ
പ്രത്യേകമന്നു സുഖിച്ചേവരുമായി
നൽത്തേൻമൊഴിയാളിസഹാക്കിനെ താൻ
ചിത്തേവരിച്ചന്നു—സർവ്വൈകനീശൊ.

23 പിററേദിനംതന്നെ പോവാൻമുതുക്കം
കററക്കുഴലാൾക്കനുജ്ഞ കൊടുപ്പാൻ
ഉററവർ പെററവർ മററുള്ളവരും
തെറെറന്നുകൂടിനാർ—സർവ്വൈകനീശൊ.

24 ആളീജനം നല്ലദാസീജനവും
നാളീകലോചനയാൾക്കു കൊടുത്തു
മേളം കലൎന്നാശിഷം നൾകിവേഗാൽ
വേളിക്കയച്ചന്നു—സർവ്വൈകനീശൊ.

25 പ്രാപിച്ചിസഹാക്കു ഗേഹംരബുക്കാ
പൂരിച്ചുദംപതിമാൎക്കു പ്രമോദം
പാരിച്ച സന്തോഷ സിന്ധൌപതിച്ചു
പാരിൽ സുഖംവാണു—സർവ്വൈകനീശൊ.

26 സാറാമരിച്ചന്തരേയബ്രഹാമിൻ
വേറേവരിച്ചോരു നാരീസുതന്മാർ
ആറിന്നുമത്ഥങ്ങളിഷ്മായലിന്നും
വെവ്വേറെ നൾകിനാൻ—സർവ്വൈകനീശൊ.

---

22. ഇത്ര്യാത്മപത്ഥ്യം=ഇപ്രകാരം സഹിതം, നൽത്തേൻമൊഴിയാൾ=മധുവാണി (സുന്ദരി), ചിത്തേ=മനസ്സിൽ.

23. മുതുക്കം=ഒരുങ്ങുന്ന, കററക്കുഴലാൾ=സുന്ദരി, അനുജ്ഞ=അനുവാദം, തെറെറന്നു=പെട്ടെന്നു്.

24. ആളീജനം=തോഴിമാർ, നാളീകലോചന=താമരക്കണ്ണി (സുന്ദരി), ആശിഷംനല്കി=ആശിസ്സുനല്കി, വേളിക്കു്=വിവാഹത്തിനു്

27 പുത്രനോടുംപുത്രിയോടും സമൂഹ
ചിത്രംസുഖിച്ചുവസിച്ചാൻ ചിരായ
വൃദ്ധത്വവുംവന്നണഞ്ഞുപിതാവും
മൃത്യുഭവിച്ചങ്ങു—സർവ്വൈകനീശോ.

28 വിശ്വാസിതാതൻ മരിച്ചോരുനേരം
ഈസാക്കുദുഃഖിച്ചടക്കിച്ചുദേഹം
ആശ്വാസമീശാല്പ്രതിപന്നനായി-
ട്ടൈശ്വൎയ്യവാനായി—സർവ്വൈകനീശോ.

29 സത്യസ്വരൂപസമസ്തപ്രഭോനിൻ
സത്യംതെളിയിക്ക ഞങ്ങൾക്കിദാനീം
നിത്യം പദത്താർവണങ്ങുന്നനിന്നെ
സത്യപ്രകാശനാം—സർവ്വൈകനീശോ.

---

25. ഗേഹം=ഗൃഹം, പൂരിച്ചു=നിറഞ്ഞു; ദംപതിമാർ=ഭാൎയ്യാഭൎത്താക്കന്മാർ, പ്രമോദം=സന്തോഷം, സന്തോഷസിന്ധൗ=ആനന്ദസമുദ്രത്തിൽ.

27. ചിരായ=ദീർഘകാലം.

28. ഈശാല്പ്രതിപന്നൻ=ഈശ്വരനിൽനിന്നും ലഭിച്ചവൻ.

29. സമസ്തപ്രഭോ=സർവ്വനാഥ, പദത്താർ=പാദപത്മം.

# നാലാം വൃത്തം

## യാക്കോബും—ഏശാവും.

1 തദനുനിജതാതനൊടുസദൃശമവനീശപദ
മ്മതിതളിരിലാക്കിഹൃദിമുദിതമതിവാണുഭുവി
മൃദുലളിതഗാത്രിയൊടുമൃദുഹസിതമോദകര
മദകളികൾതേടിഹൃദി—പരമപരമാത്മജയ.

2 മലടിമടർമാതതിന്നുമന്നുജവരനീശന്നുടെ
മലരടിയിൽ വീണുബഹുമതിതപിതനായളവു
കരുണയുടയോനവളിലിരുപ്രജകളാകയെന്നു
വരമരുളിയാദിഗുരു—പരമപരമാത്മജയ.

3 ജഠരെയിരുബാലരതികലഹരുചിതേടുവതി-
നിടവരുവതെന്തു ബഹുകരുണയിതിനാരിമണി
തരമിതിരുജാതിതവജഠരമതിൽപൂവ്ജന
വരുമന്നുജനാദ്യനപി—പരമപരമാത്മജയ.

4 പ്രസവസമയേയമലസുതരഭവതാംപ്രഥമൻ
അതിചുവന്നലോമശവസനമിവതന്നുവിനൊടും
പാദധൃതസോദരനുമതിമൃദുലദേഹമൊടു
പൃഥ്വിയതിലായ്‌വിളങ്ങി—പരമപരമാത്മജയ.

5 ബാലരവരൊരുമയൊടുബാലകളികളിൽ വളൎന്നു
ബാലതകൾകഴിഞ്ഞു രണ്ടുവേലകളിലുയൎന്നുമതി

---

ഇരുപത്തിനാലുവൃത്തം മൂന്നാംവൃത്തത്തിൽ ഉപയോഗിച്ചിരിക്കുന്ന കലേന്ദുവദനയാണ് ഇതിലെ വൃത്തം.

1. തദനു=അനന്തരം, സദൃശം=തുല്യം, ഈശപദം=ഈശ്വരപാദം, മതിതളിരിൽ=തളിർതുല്യമായ മനസ്സിൽ, ഹൃദി=ഹൃദയത്തിൽ, മുദിതമതി=സന്തുഷ്ടമാനസൻ. ഭുവി=ഭൂമിയിൽ, മൃദുലളിതഗാത്രി=സുന്ദരി; മൃദുഹസിതം=മന്ദസ്മിതം, മദകളികൾ=കാമലീല

2. മലടി=മച്ചി, മടർമാത്=സുന്ദരി, മലരടി=പാദപത്മം, മതിതപിതൻ=ദുഃഖമാനസൻ; ആദിഗുരു=ഈശ്വരൻ.

3. ജഠരേ=ഉദരത്തിൽ, പൂർവജൻ=ജ്യേഷ്ഠൻ [മൂത്തവൻ ഇളയവനെ സേവിക്കും] [ഉല്പ: 25, 23]

4 അമലസുതരഭവതാം=നിർമ്മലരായ രണ്ടുമക്കൾഉണ്ടായി, ലോമശവസനമിവതന്നുവിനൊടും=രോമനിർമ്മിതമായ വസ്ത്രം പോലുള്ളശരീരത്തോടെ, പാദധൃതസോദരൻ=പാദത്തിൽപിടിച്ചിരുന്ന സഹോദരൻ(യാക്കോബ്), പൃഥിവി=ഭൂമി.

കാടകങ്ങൾതിരഞ്ഞുമൃഗയാനിപുണനേശാവുമൊ
രാട്ടിടയനായനുജൻ—പരമപരമാത്മജയ.

6 പായസങ്ങൾപചിച്ചനുജൻമേവുമൊരു സമയമേശാ
കായവിവശതയിൽവന്നുപായസമ്മേതരികയെന്നാൻ
സ്വീയജനനാഗ്രജത്വം തരികിലിതുതരുവനെന്നു
സോദരനുവാചസുഖം—പരമപരമാത്മജയ.

7 അഗ്രജനുമുടനൊഴിഞ്ഞുഅഗ്രജത്വംകൊടുത്തുനിജ
വിഗ്രഹത്തെകരുതിവയർനിറച്ചുവരവ്യഞ്ജനേന
ത്രയൊരു തരുണിയെയുംവരിച്ചുപിതൃജനത്തിനുടെ
ഹൃത്തിനത്തൽവളത്തിയവൻ-പരമപരമാത്മജയ.

8 പിതൃവഴികളതിൽനടന്നുപിതുർവരനുബലികഴിച്ചു
ഭൂതഗുണവുമനുഭവിച്ചുവസിച്ചിരുന്നുറബ്ബക്കാപതി
വയൽകൃഷികൊണ്ടൊരിക്കലതിമുദിതമതിൻശതമിരട്ടി
ഫലംതരുന്നഗുണമറിഞ്ഞു—പരമപരമാത്മജയ.

9 കാട്ടുമൃഗംവധിച്ചുനായാട്ടിറച്ചികൊടുക്കുമൊരു
ജ്യേഷ്ഠനഭിലഭിച്ചുനിജപാട്ടിൽജനകാഭിമതം
ആട്ടിടയൻകനിഷ്ഠനിലൊക്കൂട്ടിസമപ്രിയജനനി
കാട്ടിയതിനുടെഫലങ്ങൾ—പരമപരമാത്മജയ.

---

5. ഒരുമ=ഐക്യം, മൃഗയാനിപുണൻ=നായാട്ടിൽസമർത്ഥൻ.

6. കായവിവശത=ശരീരക്ഷീണം, സ്വീയജനനാഗ്രജത്വം=സ്വന്തംജ്യേഷ്ഠാവകാശം, ഉവാച=പറഞ്ഞു.

7. വിഗ്രഹം=ശരീരം; വരവ്യഞ്ജനേന=നല്ലകറിയോടുകൂടെ, ഹൃത്തിനു=മനസ്സിന്, അത്തൽ=ദുഃഖം

9. ജനകാഭിമതം=പിതാവിന്റെ ആഗ്രഹം, കനിഷ്ഠൻ=ഇളയവൻ, സമപ്രിയജനനി=തുല്യംപ്രിയമുള്ളമാതാവ്.

10 ഭവിച്ചനരജരയവനനിലച്ച ദൃഷ്ടിനയനങ്ങളിൽ
വിളിച്ചു നിജപ്രിയസുതനോടുരച്ചു പിതാവിദമൊരിക്കൽ
മരിച്ചുപോകുന്നതിന്നുമുമ്പെവരിച്ചുകൊൾകവരമതിന്നു
ചമച്ചുതരികിറച്ചിമമ—പരമപരമാത്മജയ.

11 കേട്ടയുടൻ എടുത്തുശരം കാട്ടിലങ്ങുനടന്നുവന
വേട്ടവിധം തുടൎന്നിതെന്നു കേട്ടറിഞ്ഞു ജനനിനിജ.
പാട്ടിലുള്ള സുതന്നു ജനകാശീൎവ്വാദം ലഭിപ്പതിന്നു
കൂട്ടിവഴിയുടനവളും—പരമപരമാത്മജയ.

12 ആട്ടിനെകൊന്നൊരുക്കിനല്ലകൂട്ടുകറിചമച്ചുപിന്നെ
ആട്ടുതുകലറുത്തുകെട്ടി ഗാത്രമൃദുലതമറച്ചു
ജ്യേഷ്ഠന്നുടെയുടുപ്പെടുത്തുപാട്ടിൽവിളിച്ചുടുത്തുനിന്നു
വാട്ടമെന്നീകനിഷ്ഠനന്നു—പരമപരമാത്മജയ.

13 വിളിച്ചുനിൽക്കും സുതനോടാരെന്നുരച്ചുപിതാ
വുടനവനും
വചിച്ചു സുതനഹമേശാവെന്നുറയ്ക്കമമജനക തവ
അനുജ്ഞയനുസരിച്ചുകറിചമച്ചുവന്നേനതിന്നുനീയും
അനുഗ്രഹത്തെതരികമമ—പരമപരമാത്മജയ.

14 ലഭിച്ചതിത്രനിമിഷമേതുവിധത്തിലെന്നുജനകന്നുടൻ
ഗ്രഹിക്കതെവപരനിനിക്കു വരുത്തിയെന്നുതരത്തിൽമകൻ
അടുത്തുവരികിനിക്കുനിന്നെ ക്കരത്തിനെത്തുന്ന
തിന്നുയാക്കോ
അടുത്തുടനെ തടഞ്ഞുതാതൻ-പരമപരമാത്മജയ.

---

10 നിലച്ചദൃഷ്ടിനയനങ്ങളിൽ=കണ്ണുകളിൽകാഴ്ചകുറഞ്ഞു.
12. ഗാത്രമൃദുലത=ശരീരമാർദ്ദവം.

15 സ്വരങ്ങളിളയവൻെറയതിന്നാട്ടുക്കമെന്നാങ്ങിരിക്കിലുമീ
കരങ്ങളേശാവവൻെറയെന്നങ്ങുറച്ചുരോമനിരപ്പുകണ്ടു
ഒരുക്കിവച്ചോരിറച്ചിവീഞ്ഞും ഭുജിച്ചുമനം
തെളിഞ്ഞുതാതൻ
ഉരച്ചുവരംവരിക്കെയെന്നു—പരമപരമാത്മജജയ.

16 അണഞ്ഞുതാതമനുജ്ഞയൊടു പുണർന്നു
നില്ക്കും സുതൻെറവസ്ത്രാ
മണങ്ങൾപാർത്തിട്ടനച്ചുകൊണ്ടുപറഞ്ഞു
താതനതിമോദേന
ഗ്ഗുണക്കടലിൻറനുഗ്രഹങ്ങൾക്കിടങ്ങൾ വയൽ
സ്ഥലങ്ങളുടെ
മണങ്ങളിതിമകൻെറമമ—പരമപരമാത്മജജയ.

17 നഭസ്സിൽനിന്നു സമൃദ്ധിമഞ്ഞും ധരിത്രിയുടെ
കൊഴുപ്പുകളും
പ്രവൃദ്ധധാന്യമധുക്കൾ വീഞ്ഞുമധികംതരുംനിനക്കുപരൻ
സമസ്തജനം വണങ്ങിമലരടിപണിയുന്നിനക്കവരും
പ്രഭുതമുടപ്പിറപ്പുമേലും—പരമപരമാത്മജജയ.

18 ജാതികളുമനുദിനം വന്നാശ്ശുനിനക്കടിവണങ്ങും
മാതൃസുതരഖിലം തവപാദപണിക്കന്നെസ്രിക്കും
ശാപം തരുന്നവനുതവശാപമണഞ്ഞിരിക്കുമെന്നും
വാഴ്ത്തരുന്നവനുവാഴ്—പരമപരമാത്മജജയ.

---

16. അണഞ്ഞുതാതം = അപ്പനെ സമീപിച്ചു; അനുജ്ഞ = അനുവാദം, പുണർന്നു = ആലിംഗനം ചെയ്തു.

17. നഭസ്സ് = ആകാശം, പ്രവൃദ്ധം = വർദ്ധിച്ച, പ്രഭുതമുടപ്പിറപ്പുമേലും = സഹോദരങ്ങൾക്ക് പ്രഭുവായിഭവിക്കു.

18. വാഴ്ത്തരുന്നവനുവാഴ് = നിന്നെ അനുഗ്രഹിക്കുന്നവൻ അനുഗ്രഹിക്കപ്പെട്ടവനായിരിക്കും.

19 ഇത്ഥംപിതൃവരങ്ങൾ ചതിവെട്ടത്തുവശ
പ്പെട്ടത്തിക്കൊണ്ടു
സത്വരമായ് നടന്നുപിതൃസ്സവിധംവിട്ടുമറഞ്ഞളവു
അഗ്രജനുമുടനെവന്നു ചമച്ചുകറിഎടുത്തുചെന്നു
ഉഗ്രവേഗം ജനകപദേ—പരമപരമാത്മജയ.

20 താതനുണർന്നിരുന്നുമമ സ്വാദുകറിഭുജിച്ചുമമ
മോദകരമിയറുകുടനാശിർവാദമടിയനിദം
ആദരവൊട്ടുണർത്തിനിൾക്കുമേശാവിനൊടാരുനീയെ
ന്നാധിയോട്ടുപറഞ്ഞുതാതൻ–പരമപരമാത്മജയ.

21 ആത്തമോദം ജനകനുടെകാൽത്തളിരിൽവണങ്ങിനിജ
മൂത്തമകനഹമെന്നൊരുവാത്ത പറഞ്ഞറിഞ്ഞുപിതാ
ആത്തിപൂണ്ടുപറഞ്ഞുമുന്നാംപൂത്തിമമ വരുത്തിവരം
ചേർത്തുകൊണ്ടുഗമിച്ചതാരോ – പരമപരമാത്മജയ.

22 പിതൃവചനം ശ്രുവിച്ചവനുമതിവിലാപംതുടന്നിനിക്കു
മൊരുവരംനീ തരികയെന്നുകരഞ്ഞുപറഞ്ഞുടക്കുമപ്പോൾ
തവസഹജൻചതിച്ചുതവവരമടക്കിയതിനു നീയും
തപിക്കിലൊന്നുംഫലിക്കയില്ല–പരമപരമാത്മജയ.

23 യാക്കൊവെന്നുവിളിച്ചപേരുമൊക്കുമിവനതിവഞ്ചകൻ
മൂപ്പുമെൻറതടക്കിമുന്നംഭോഷ്ക്കുകൊണ്ടുവരമിപ്പഴും
കേൾക്കമമജനകവരമാത്രമേകം തരികിൽമമ
പോക്കുമഴൽസതതമഹൊ—പരമപമരാത്മജയ.

---

19. പിതൃസ്സവിധം = പിതൃസമീപം.
21. ആത്തമോദം = വർദ്ധിച്ചസന്തോഷത്തോടെ.
22. ശ്രുവിച്ച് = കേട്ട്, സഹജൻ = സഹോദരൻ.
23. പോക്കുമഴൽ = ദുഃഖംനീങ്ങും.

24 മതിതപിതനായി ബ്രഹ്മമുറവിളികൾതേടുമൊരു
സുതനിലതിപ്രീതികൊണ്ടുജനകനരുൾ ചെയ്തുടനെ
അനുജനവനെന്നിനക്കുപ്രഭുവിമതനാക്കി ബ്രഹ്മ
വരമവനങ്ങടങ്ങിഭുവി—പരമപരമാത്മജയ.

25 അനുഭവങ്ങളാകനിനക്കവെനിസുഖമേറെയിനി
അനുജീവിക്കവാളുകൊണ്ടിട്ടുന്ദിനം നീഭ്രമിതന്നിൽ
വരുംനിനക്കുമാധിപത്യമൊരിക്കലെന്നുനീയവന്റെ
നുകംതകർക്കുമിദമരുളി—പരമപരമാത്മജയ.

26 കൊടുത്തവരമേററുകൊണ്ടുഗമിച്ചുപകമൂത്തുതനി
ക്കടുത്തു ദുഃഖം ജനകനുടെമൃതത്തിനുള്ളകാലമന്നു
എടുത്തുപകസോദരനെവധിപ്പെന്നെന്നുമനസിനന്നായി
ഉറച്ചിരുന്നുവേശാവന്നു—പരമപരമാത്മജയ.

27 നരദുരിതമാകുമൊരുപെരിയകടലായതിൻെറ
മറുകരയിലാകുവതിനൊരുതരണമേകീടുവാൻ
പരശരണമാരുമില്ലതവചരണമേയൊഴിഞ്ഞു
വരമരുളുകായതിന്നു—പരമപരമാത്മജയ.

---

24. മതിതപിതൻ=ദുഃഖമാനസൻ.
26. ജനകനുടെ മൃതി=താതമരണം.
27. തവചരണം=നിൻെറപാദം.

# അഞ്ചാം വൃത്തം

യാക്കോബിന്റെ വിവാഹവും, സന്താനലാഭവും.

1 ഉഗ്രമാനസനാദ്യസോദരനിഗ്രഹത്തിനുറച്ചവാ-
റഗ്രെചെന്നറിയിച്ചുതാതനൊടൊക്കയെന്നുജനനിതാൻ
ഉഗ്രഭീതിയോടപ്പുനന്നുവിളിച്ചുയാക്കോവോടോതിനാൻ
ആഗ്രഹങ്ങളശേഷമൻപോടശേഷനാഥ-നമോസ്തുതേ.

2 ശീഘ്രമങ്ങുനടന്നുമാതുലവീടുപുക്കുസുഖേനതൻ
പുത്രിതന്നെവരിച്ചുതത്രവസിക്കഭീതിയൊഴിഞ്ഞുനീ
ഭദ്രമായിവരും നിനക്കഖിലേശ്വരൻ തുണചെയ്തിടും
ഗാത്രജാതരസംഖ്യമാംതവക്രിസ്തുവേശു-നമോസ്തുതേ.

3 ഇപ്രകാരമുരച്ചതന്റെ പിതാക്കളോടുവണങ്ങിയ
ങ്ങപ്പോഴെവിടകൊണ്ടു യാക്കോനടന്നുസുന്ദരഗാത്രവാൻ
അപ്രദേശമതും കടന്നുനടന്നാടവീതടങ്ങൾത
ന്നുൾപ്രവേശനമായിതാനെന്നടന്ന വേശു-നമോസ്തുതേ.

---

ഇരുപത്തിനാലുവൃത്തം 6-ാംവൃത്തത്തിൽ ഉപയോഗിച്ചിരിക്കുന്ന മല്ലികാവൃത്തമാണ് ഇതിലെവൃത്തം.

1. ഉഗ്രമാനസൻ=ഘോരമാനസൻ, ആദ്യസോദരൻ=ജ്യേഷ്ഠസഹോദരൻ, നിഗ്രഹം=വധം, അഗ്രേ=മുമ്പിൽ; ജനനി=മാതാവ്, നമോസ്തുതേ=നിനക്കുനമസ്കാരം ഭവിക്കട്ടെ.

2. ശീഘ്രം=വേഗം, മാതുലൻ=അമ്മാവൻ, ഭദ്രം=മംഗളം ഗാത്രജാതർ=കുടുംബത്തിൽജനിച്ചവർ.

3. സുന്ദരഗാത്രവാൻ=സുന്ദരശരീരത്തോടുകൂടിയവൻ, അടവീതടം=വനപ്രദേശം.

4 പലസ്ഥലങ്ങളലഞ്ഞു താനെനടന്നുലൂസിലമന്നപോ
തലമിതന്നുമറഞ്ഞുസൂര്യനടൻനിറഞ്ഞിരുൾഭൂമിയിൽ
അലസനത്രനിലത്തിരുന്നുതനിച്ചുതൻെറതലയ്ക്കുകീഴ്
ശിലയെവച്ചുകിടന്നുറങ്ങിമഹാത്മനേശു-നമോസ്തുതേ.

5 നിദ്രതന്നിലവന്നുദർശനമായസ്വപ്നമതത്ഭുതം
ചിത്രമാമധിരോഹണിസ്ഥിതി തത്രകണ്ടുധരിത്രിയിൽ
അത്രയല്ലതിനഗ്രമംബരമെത്തിവിഷ്ടപവാതിലും
തത്രതാനെതുറന്നുകണ്ടുമഹാത്മനേശു — നമോസ്തുതേ.

6 ദൈവദൂതരതുടെ താഴെയിറങ്ങിമേൽകയറുന്നതും
ദൈവശാസനമേററുതൻതിരുമുമ്പിൽ
നിന്നവർപുകഴ്ത്തും
ദേവദേവനതിൻെറയഗ്രമണഞ്ഞുനിന്നൊരുകാന്തിയും
ദേവസേവകസൂനുകണ്ടുമഹാത്മനേശു—നമോസ്തുതേ

7 കേട്ടുനിൻെറപിതാക്കളാമബ്രഹാമിനുമിസഹാക്കിനും
ഇഷ്ടദൈവമഹംനിനക്കു സഹായനാകുവതെപ്പൊഴും
ഇഷ്ടനായനിനക്കു ഭൂവിതു ഞാൻ തരും തവസന്തതി
അഷ്ടഭാഗമുഖങ്ങളാണ്ടുവസിക്കുമേശു—നമോസ്തുതേ.

8 ഉർവ്വിമണ്ഡലവാസികളഖിലംപുനസ്ത്രനുജാതരിൽ
സർവ്വവാഴ്വുമേററു ജീവനുയിർപെടുത്തിവസിച്ചിടും

---

4. അലം=ഏററം, അലസൻ=മടിയുള്ളവൻ, ശില=കല്ല്.

5. നിദ്ര=ഉറക്കം, ചിത്രം=മനോഹരം, അധിരോഹണി=ഗോവണി, ധരിത്രി=ഭൂമി, അഗ്രം=അററം, അംബരം=ആകാശം.

6. ദേവസേവകസൂനു=ദൈവഭക്തനായ ഇസഹാക്കിൻെറ പുത്രൻ (യാക്കോബ്).

7. അഷ്ടഭാഗമുഖങ്ങളാണ്ട്=എട്ടുദിക്കിലും വ്യാപിച്ച്.

വാദമില്ലതിനനിന്നൊ വരുത്തുമിസ്ഥലേവീണ്ടു ഞാൻ
സർവ്വംനിറവേററിരക്ഷകൾചെയ്യുമേശൂ—നമോസ്തുതേ.

9 രൂക്ഷവേദനപൂണ്ടുയാക്കൊവുണനൻചൊല്ലിനാനക്ഷണം
മോക്ഷദാലയമാമിതക്ഷയനിസ്ഥലത്തിലിരിപ്പതും
സൂക്ഷ്മമായതറിഞ്ഞതില്ലനമുക്കിതെത്ര ഭയങ്കരം
മോക്ഷവാതിലിതത്രന്തനമശേഷനാഥ— നമോസ്തുതേ

10 രാത്രിപോയദശാന്തരേതലവച്ചുറങ്ങിയകല്ലവൻ
ധാത്രിതന്നിലുയർത്തിവച്ചഭിഷേകമങ്ങുകഴിച്ചുടൻ
കാത്തുദൈവമതെങ്കിലെന്നൊനിനക്കുസത്മമതിസ്ഥലം
പത്തിലൊന്നുതവാംശമാകയശേഷനാഥ—നമോസ്തുതേ.

11 നേർച്ചദേവനിദംകഴിച്ചുനമിച്ചുകൊണ്ടു നടന്നുടൻ
ചേർച്ചയുള്ള ജനംവസിച്ചപുരത്തിലെത്തികുമാരനും
പാർശ്വേനല്ലൊരുക്രൂപസീമനിന്നിന്ന നേരമതിന്നുടെ
പാർശ്വേവന്നാജപാലരെത്തി സമസ്തനാഥ- നമോസ്തുതേ.

---

8. ഉർവ്വിമണ്ഡലം=ഭൂമണ്ഡലം, തനുജാതർ=സന്തതികൾ, [നീമുഖാന്തരവും നിന്റെ സന്തതിമുഖാന്തരവും ഭൂമിയിലെ സർവവംശങ്ങളും അനുഗ്രഹിക്കപ്പെടും-ഉല്പ: 28; 14]

9. രൂക്ഷവേദന=കഠിനവേദന, മോക്ഷദാലയം=മോക്ഷം ദാനംചെയ്യുന്നവന്റെ (ദൈവത്തിന്റെ) ഇരിപ്പിടം, അക്ഷയൻ=ഈശ്വരൻ.

10. ദശാന്തരേ=അവസരത്തിൽ, ധാത്രി=ഭൂമി, സത്മം=ഗൃഹം (ആലയം.)

11. ഇദം=ഇപ്രകാരം, നമിച്ചു=സമസ്കരിച്ചു, പാർശ്വേ=സമീപത്തിൽ, കൂപസമീപേ=കിണററിനടുക്കൽ, അജപാലർ=ആട്ടിടയർ.

12 ഉണ്ടുപോൽനിജപിമ്പുമാതുലപുത്രിമേഷഗണത്തൊടും
വണ്ടണിക്കുഴൽറാഹേലുണ്ടുവരുന്നുവെന്നു ഗ്രഹിച്ചുടൻ
ഇണ്ടലെന്നിയടുത്തുചെന്നുദപാനബന്ധമകററിയാ
കൊണ്ടൽവേണിയുടെയജത്തെനനെച്ചുയേശു —
നമോസ്തുതേ.

13 അശ്രുകൊണ്ടുനനച്ചുദേഹമണച്ചുവസ്ഥ പറഞ്ഞൊരു
വിശ്രുതൻെറ വിശേഷമൊക്കെയുണത്തി
യച്ഛനൊടന്നവൾ
വിഭ്രമത്തൊടുപോന്നുവന്നൊതിരേററുമാതുലനും തദാ
സാശ്രുതംബതകൊണ്ടുപോയിതു ക്രിസ്തുവേശു —
നമോസ്തുതേ.

14 വത്തമാനമശേഷമങ്ങു ഗ്രഹിച്ചുമാതുലനുംനിജ
പത്തനേസുഖമെത്തുമാറുവസിക്കയെന്നരുളേകിനാൻ
മത്തകാശിനിയായമാതുലപുത്രിറാഹേലിലെത്തുമാ
ചിത്തമോടുവസിച്ചുതത്ര—ക്രിസ്തുവേശുനമോസ്തുതേ

15 അബ്ദമേഴജപാലനായിവസിച്ചുവളെ ലഭിപ്പതി
നാബ്ദമെന്നതറിഞ്ഞതില്ലനുരാഗമേറെ മുഴുക്കയാൽ
അബ്ജലോചനയേലഭിച്ചതുമില്ലമൂത്തവളെത്തനി-
ക്കാപ്തയാക്കമാറാക്കകൊണ്ടഥ-ക്രിസ്തുവേശുനമോസ്തുതേ.

---

12. മേഷഗണം = ആട്ടിൻകൂട്ടം, വണ്ടണിക്കുഴൽ = മദനാഹരമായതലമുടിഉള്ളവൾ (സുന്ദരി,) ഇണ്ടലെന്നി = ക്ലേശമെന്നിയെ, ഉദപാനബന്ധം = കിണററിൻെറവായ്ക്കലുള്ളബന്ധനമായകല്ല്, കൊണ്ടൽവേണി = കാർമേഘതുല്യമായതലമുടിഉള്ളവൾ (സുന്ദരി.)

13. അശ്രു = കണ്ണുനീർ, സാശ്രു = കണ്ണുനീരോടെ

14. മത്തകാശിനി = സുന്ദരി

16 വീണ്ടുമത്രയുമാണ്ടിരിക്കുമിതെന്നുറച്ചൊരുശേഷമാ-
ക്കൊണ്ടൽവേണിയെയും വരിച്ചവർ
പെററാരെട്ടു സ്വജാതരും
രണ്ടുദാസികൾപെററീരണ്ടുകുമാരരിങ്ങനെപത്തൊട്ടും
രണ്ടുമത്രലഭിച്ചിരുന്നു—ക്രിസ്തുവേശുനമോസ്തുതേ.

17 ജാതുപോവതിനാശയാക്കൊ തുനിഞ്ഞ
പോതപിമാതുലൻ
നീതുനിഞ്ഞിടവേണ്ടപോകിലൊപോകുമെൻ
ഗതിയെന്നവൻ
ഏതുവേണമതാകിലും തവവേതനംപുനർനൾകുവാൻ
ഏതുമേമടിയില്ലിനിക്കു—ക്രിസ്തുവേശുനമോസ്തുതേ.

18 പാണ്ടുപുള്ളിനിറംകലർച്ചയുമുള്ള ജങ്ങളെ ഏററുകൊ
ണ്ടാണ്ടുതല്പരേരണ്ടുമൂന്നു വസിച്ചജങ്ങളെമേച്ചുതാൻ
പാണ്ടുപുള്ളികളുള്ള ജങ്ങളസംഖ്യമങ്ങുപെരുത്തുപോയ്
പാണ്ടടിഞ്ഞ പടയണഞ്ഞു-ക്രിസ്തുവേശുനമോസ്തുതേ.

19 മാതുലൻെറമുഖം കറുത്തതുകാലമായതു കാൺകയാൽ
മാതുമാരൊടുകൂടിയാത്രതുടങ്ങി യാക്കോബു ഗൂഢമായ്
താതവന്ദിതമായ രൂപമതും കവൎന്നു റാഹേലുതാൻ
ഏതുമെപറയാതെപോയി-ക്രിസ്തുവേശുനമോസ്തുതേ.

---

15. അബ്ദം=കൊല്ലം(വർഷം,) അബ്ജലോചന=താമരക്കണ്ണി (സുന്ദരി,) ആപ്ത=സ്നേഹമുള്ളവൾ.

17 ജാതു=ഒരിക്കൽ, വേതനം=പ്രതിഫലം.

18 തല്പരേ=അനന്തരം.

19 മാതുമാർ=സ്ത്രീകൾ.

20 നാളുമൂന്നുകഴിഞ്ഞശേഷമറിഞ്ഞവസ്ഥകൾ മാതുലൻ
ആളുശേഖരമായിപിമ്പെതുടൎന്നു ശല്യമുറച്ചവൻ
നാളതിൽപരമേശ്വരൻ സ്വപ്നത്തിൽ
വന്നറിയിക്കയാൽ
ചേലതല്ലവിരോധമെന്നുഗ്രഹിച്ചുവേശു-നമോസ്തുതേ.

21 എന്തുയാക്കോബെ ചൊല്ലുനീയറിയാതെ
പോന്നതുമെന്തുനീ
ബന്ധുഭാവമിതെന്നുതന്നെയൊതോന്നിനിൻ
മനതാരതിൽ
ഹന്തമാമറിയിച്ചിതെങ്കിലയപ്പതിന്നു മടിപ്പതോ
ചന്തമോടുതവാൎത്ഥമാകവെ-ക്രിസ്തുവേശുനമോസ്തുതേ

22 എന്നതാകിലുമെന്തുനമ്മുടെ വിഗ്രഹങ്ങൾകവൎന്നുനീ
എന്നവാക്കുകൾകേട്ടുയാക്കൊബുചൊല്ലിനാനതിനുത്തരം
മന്നവാതവപുത്രിമാരെ അയയ്ക്കയില്ലിതിചിന്തയാ-
ലിന്നു ഞാനറിയാതെപോന്നു-ക്രിസ്തുവേശുനമോസ്തുതേ.

23 വിഗ്രഹങ്ങളെടുത്തദേഹമിരിക്കവേണ്ടിനിമേൽദ്ദഢം
ഈഗ്രഹങ്ങളശേഷമിന്നുതിരഞ്ഞുകൊള്ളുകനീസുഖം
ശീഘ്രമോരോപടഗൃഹങ്ങൾതിരഞ്ഞുനോക്കിറാഹേലിനു
ള്ളാഗൃഹേബതചെന്നുകേറി-ക്രിസ്തുവേശുനമോസ്തുതേ.

24 കട്ടരൂപമതിട്ടുകെട്ടിയൊരുഷ്ട്രമേറി വസിക്കുമാ-
മട്ടൽമാനിനിചൊല്ലി താതനൊടൊട്ടുമേമടിയാതെതാൻ

---

20 സ്വപ്നം = ഉറക്കം
21 തവാൎത്ഥം = നിന്റെ വസ്തുക്കൾ.
23 ഈ ഗൃഹങ്ങൾ = ഈ വീടുകൾ, പടഗൃഹം = കൂടാരം.

കഷ്ടമേമലിനീയഹം പുനരെന്നറിഞ്ഞു പൊറുക്കനീ
ഇഷ്ടഹീനമിതായകർമ്മമശേഷനാഥ—നമോസ്തുതേ.

25 വൃത്ഥനായവനുമതിന്നതിക്രുദ്ധനാകിയയാക്കോബും
മിത്രഭാവമുറപ്പതിന്നൊരുമിച്ചുടമ്പടി ചെയ്തുടൻ
പുത്രിമാരൊടുപൌത്രരെയുമനുഗ്രഹിച്ചുലാബാൻസുഖം
പത്തനംപ്രതിപോയ്വസിച്ചു-ക്രിസ്തുവേശുനമോസ്തുതേ.

26 നിർഗ്ഗമിച്ചുപിതൃഗൃഹംപ്രതിയാക്കൊവന്നെതിരെവരും
ഉഗ്രസേനസമം സുമാനസദൂതരെ സതുദൃഷ്ടവാൻ
അഗ്രജൻവരവുംബലത്തൊടുകൂടെയെന്നുഗ്രഹിച്ചുതൻ
വിഗ്രഹം വിറയൽപിടിച്ചു-ക്രിസ്തുവേശുനമോസ്തുതേ.

27 അന്നിശിക്കൊരു ദൈവദൂതനെതിർത്തു
പോരിലണഞ്ഞുമ
ഹോന്നതങ്കലുമാശുമർത്ത്യനിലും ലഭിച്ചൊരുശക്തിയെ
ഇന്നുതൊട്ടിസറായെലാം തവനാമമെന്നുപറഞ്ഞവൻ
മിന്നൽപോലെമറഞ്ഞുപോയി—ക്രിസ്തുവേശു
നമോസ്തുതേ.

28 ഗർവിതൻവരവാശുകണ്ടതികാലമെയിസറായലും
സർവവുംക്രമമാക്കിവച്ചനുശങ്കയേറെമുഴക്കയാൽ
പൂർവമാളികൾപുത്രരുംനടുവെലീയാത്മജരോടുമായി
പർവണമുഖിറാഹെലന്തിമെനിന്നു—
ക്രിസ്തുവേശുനമോസ്തുതേ.

---

24 ഉഷ്ട്രം=ഒട്ടകം, മട്ടൊൽമാനിനി = സുന്ദരി, മലിനീയഹം=ഞാൻ മലിനയാണ്.

26 നിർഗമിച്ചു=പുറപ്പെട്ടു, ദൃഷ്ടവാൻ = കണ്ടു, വിഗ്രഹം = ശരീരം.

27 നിശി=രാത്രിയിൽ.

29 മാനവാഗ്രജനഗ്രെയഗ്രജനെത്തുവൊളവുമെഴുതു
താണു ഭൂമിയിൽവീണനേരമലിഞ്ഞുപോയ് മനമപ്പൊഴെ
പാണികൊണ്ടുപിടിച്ചുയത്തി,പുണന്നു
തൌചപരസ്പരം
കേണുപാരമിരുന്നുമോദമൊടേശുനാഥ—നമോസ്തുതേ.

30 സോദരസുതദാരചാരകദർശനാലതിതുഷ്ടനായ്
സാദരമനുഭൂതമായവിശേഷമെത്രയുമുക്തവാൻ
ആദരാലനുവാദമൊടിരുപേരുമങ്ങുപിരിഞ്ഞുപോയ്
ബാധയെന്നിവസിച്ചുവേറെ—ക്രിസ്തുവേശു
നമോസ്തുതേ

31 യേശുദേവശോ നമോസ്തുതേ,സകലേശനാഥ
നമോസ്തുതേ
യേശോനിൻപിതൃമുമ്പിലൊന്നുണർവെററു
കെഞ്ചടെസങ്കടം
നാശകാലമടുക്കുമപ്പൊഴുതാകിലുംതവരക്ഷയിൽ
ആശഞാൻകരുതീടുവാൻവരമേകുകേശോ—
നമോസ്തുതേ.

---

28 ഗർവിതൻ = ഗവ്വുകലന്നവൻ, പർവണമുഖി = പൂർണ്ണ ചന്ദ്രമുഖി (സുന്ദരി)

29 മാനവാഗ്രജൻ = മനുഷ്യശ്രേഷ്ഠൻ, അഗ്രജൻ = ജ്യേഷ്ഠൻ, പുണന്നുതൌ = അവർ ഇരുവരും ആലിംഗനം ചെയ്തു, കേണു = ദുഃഖിച്ചു.

30 സോദരസുത ദാരചാരകദർശനാൽ = സോദരന്മാർ, സുത ന്മാർ, ഭാൎയ്യമാർ, ദൂതന്മാർ ഇവരുടെ ദർശനംകൊണ്ടു്, അനുഭൂതം = അനുഭവിച്ച.

31. ഉക്തവാൻ = പറഞ്ഞു.

# ആറാം വൃത്തം

## യൌസേപ്പും, സഹോദരന്മാരും

1 വധിപ്പതിന്നാട്ടത്തവൻ കരത്തിൽദേഹരക്ഷയെ
വിധിച്ചവൻപദത്തളിർനമിച്ചുകൊണ്ടിസറായെൽ
തിരിച്ചുതൻകളത്രപുത്രഭൃത്യവർഗ്ഗകാലികൾ
പെരുത്തസംഖ്യയൊട്ടടൻ–കിരസ്തുവേശോപാഹിമാം.

2 നടന്നുസക്കൊത്തുടെതത്രതാൻ ചമച്ചൊരാലയം
കടന്നുവിട്ടുഷേക്കമിലടിച്ചു പാളയങ്ങളെ
ഇടങ്ങളൊക്കയും നിറഞ്ഞഎല്ലെലൊഹിസ്രായേലി
ന്നുടൻകഴിച്ചുപൂജകൾ—കിരസ്തുവേശോപാഹിമാം.

3 ക്ഷിതീശപുത്രനാം ഷീഖാമിറങ്ങിവന്നൊരിക്കലാ
സതീംദീനാം തദാത്മജാമപഹരിച്ചകാരണം
ചതിച്ചുകൊന്നവനയുംഹരിച്ചുസർവവസ്തുവും
മദിച്ചുതത്സഹോദരൌ—കിരസ്തുവേശോപാഹിമാം.

4 ഇദംവിചിത്ര്യതല്പിതാതപിച്ചിരുന്നകാലമാ
ബതൽപുരംഗമിപ്പതിന്നുറച്ചു ദൈവശാസനാൽ

ഇരുപത്തിനാലുവൃത്തത്തിലെ ഏഴാംവൃത്തത്തിൽ ഉപയോഗിച്ചിരിക്കുന്ന പഞ്ചചാമരമാണ് ഇതിലെവൃത്തം.

1. കളത്രം = ഭാര്യ.

2. സക്കോത്തുടെ = സുക്കോത്ത് എന്നസ്ഥലത്തുകൂടെ, ഷേക്കമിൽ = ശേഖേം എന്നപട്ടണത്തിൽ.

3. ക്ഷിതീശപുത്രൻ = രാജകുമാരൻ, സതീംദീനാം = പതിവ്രതയായ ദീനായെ, തദാത്മജാം = അവന്റെ പുത്രിയെ, തത്സഹോദരൌ = ആ രണ്ടുസഹോദരന്മാർ.

അശുദ്ധാവിഗ്രഹങ്ങളെ ഗൃഹത്തിൽനിന്നൊഴിച്ചുടൻ
വിശുദ്ധമാക്കിതൽഗൃഹം-കിരസ്തുവേശോപാഹിമാം.

5 അനത്ഥകാലമായതിൽ ഭജിച്ചുപോന്നദേവനെ
സ്മരിച്ചുകൊണ്ടുബേതലേകഴിച്ചു ദൈവപൂജകൾ
അനാമയൻപരൻതെളിഞ്ഞനുഗ്രഹങ്ങൾനൾകിനാൻ
പിതാക്കളോടുചെയ്തപോൽ—കിരസ്തുവേശോ
പാഹിമാം.

6 പ്രയാണമായനേരമങ്ങടുത്തു റാഹേലിന്നുടെ
പ്രസൂതികാലമെത്തുയുംപ്രസൂതിദുഃഖമഗ്നയായി
പ്രസൂതിതൻറസൂനുവിന്നുപാൽകൊടുത്തുതൽക്ഷണം
പ്രയാതമായിപ്രാണനും—കിരസ്തുവേശോപാഹിമാം.

7 അടക്കിബേത്ലഹേമിൽറാഹലിൻറദേഹമാപുരേ
കടപ്പവാനേറോദേശേശുവെപ്രതിശിശുക്കളെ
ഒടുക്കകൊണ്ടടക്കമില്ലയാതെസാകരഞ്ഞിതെന്നാ
ട്ടുകചൊന്നസാക്ഷികാൺ-കിരസ്തുവേശോപാഹിമാം.

8 അനന്തരംപിതാവിരുന്നിടത്തുചെന്നുചേൻതാൻ
അനന്തഭക്തനാകുമാപിതാവിനെ വണങ്ങിനാൻ
നിരന്തരംപിതാമഹംവണങ്ങിതത്തനയരും
തദന്തരെമരിച്ചവൻ—കിരസ്തുവേശോപാഹിമാം.

---

4. വിചിന്ത്യ=ചിന്തിച്ചിട്ട്, തപിച്ചിരുന്നകാലം=ദുഃഖിച്ചുവസിക്കുന്നകാലം.

6. പ്രയാണം=യാത്ര, പ്രസൂതി=പ്രസവം, സൂനു=പുത്രൻ, പ്രയാതമായിപ്രാണൻ=പ്രാണൻ നിർഗ്ഗമിച്ചു.

7. യേശുവെപ്രതി=യേശുവിനെവധിക്കണമെന്നുദ്ദേശിച്ച്, ഒടുക്കകൊണ്ട്=വധിക്കകൊണ്ട്, സാ=അവൾ.

8. പിതാമഹം=അച്ഛന്റെ അച്ഛനെ (ഇസഹാക്കിനെ) തത്തനയർ=അവന്റെ(യാക്കോബിന്റെ)മക്കൾ.

9 താതനുംമരിച്ചുതത്സഹോദരൻ പിരിഞ്ഞുപിന്നെ
സാദരംഭരിച്ചിരുന്നുയാക്കോബുംതനയരെ
ദ്വാദശതനയരിൽ റാഹേലുപെററമക്കളിൽ
താതനേറിപ്രീതിയും—കിരസ്തുവേശോപാഹിമാം.

10 രൂബനാദിസീമോൻലേവിയൂദായും ലേയാസുതർ
ദാനവൻനപ്തൂാലിബില്ലാപുത്രഗാർദ്ദമാഷരും
ഷില്പപെററവർക്കുപിമ്പിസക്കറും സെബുലനും
യൂദാതൻെറസോദരെരൗ—കിരസ്തുവേശോപാഹിമാം.

11 പിതൃപ്രിയനെവുസെപ്പും സഹോദരൻബനിയാമും
പിതൃപ്രിയാറാഹേലുപെററമക്കൾ രണ്ടുപേരെയും
പിരിഞ്ഞിരിക്കിൽ ദുഃഖമുണ്ടുതാതനേറെജായയെ
പിരിഞ്ഞിരിക്കകൊണ്ടുപോൽ—കിരസ്തുവേശോ
പാഹിമാം.

12 പുറത്തുപത്തുപേരുചെയ്തുവൃത്തിദോഷമൊക്കെയും
അകത്തുവന്നുചൊല്ലുമാപ്പിതാവിനോടെവുസെപ്പും
കൊട്ടുത്തവൻപരാർദ്ധ്യവർണ്ണവസ്ത്രമേകമാകയാൽ
വെറുത്തുതൻെറമൂത്തവർ-കിരസ്തുവേശോപാഹിമാം.

13 ഒരിക്കലൊക്കുമാരനും വചിച്ചു സ്വപ്നമീദൃശം
ശ്രുവിക്കജ്യേഷ്ഠരെവയം വയൽപ്രദേശെകററകൾ

---

9. ദ്വാദശതനയർ=പന്ത്രണ്ടുമക്കൾ.

11. ജായ=ഭാര്യ.

12. പ്രവൃത്തിദോഷം=ദുഷ്പ്രവൃത്തികൾ, പരാർദ്ധ്യവർണ്ണവസ്ത്രമേകം=ശ്രേഷ്ഠവർണ്ണമുള്ള ഒരു വസ്ത്രം.

13. വചിച്ചു=പറഞ്ഞു, ഈദൃശം=ഇപ്രകാരം, ശ്രുവിക്ക=കേൾക്കുക, വയം=നാം, ചുഴന്നു=ചുററി.

മുരുക്കുമപ്പോഴെൻെറ കററയെച്ചുഴന്നുമററവ
വണക്കമൊശ്ശുചെയ്തിതു—കിരുസ്തുവേശോപാഹിമാം.

14 ഉരച്ചവാക്കുകേട്ടവർ പകച്ചുചൊല്ലിനീയിനി
ഒരിച്ചുവാണിരിക്കുമോ കരുത്തരായഞങ്ങളെ
പകച്ചവർകളെങ്കിലുംതനിക്കുകണ്ടദർശനം
ഉരച്ചുവീണ്ടുമപ്പുമാൻ—കിരസ്തുവേശോപാഹിമാം.

15 സൂര്യനംസുധാംശുവുമുഡുക്കളേഴുനാലുമായി
ചാരവെവണങ്ങിനിന്നതു പാലെകണ്ടുവിസ്മയം
സാരമെന്തിതിൻെറ എന്നിതോത്തിരുന്നു താതനും
പാരവൈരമഗ്രജക്കു—കിരസ്തുവേശോപാഹിമാം.

16 ആട്ടമേയ്പതിന്നുപോയ ജ്യേഷ്ഠരെതിരഞ്ഞവ
ക്കാർടലുണ്ടെന്നായെന്നറിഞ്ഞു പോരികെന്നുതാതനും
കാട്ടതോറുമോടിമാട്ടുകേറിവാടിബാലകൻ
തേടിനാൻസഹോദരൻ—കിരസ്തുവേശോപാഹിമാം.

17 കണ്ടുകണ്ടുകാനനങ്ങളൊക്കയും തിരഞ്ഞവൻ
കണ്ടവർപറഞ്ഞുകേട്ടറിഞ്ഞവർഗമിച്ചിടം
മണ്ടിമണ്ടിയങ്ങടുത്തുചെല്ലുമോരുബാലകം
കണ്ടുകൊണ്ടുരച്ചവർ—കിരസ്തുവേശോപാഹിമാം.

18 സ്വപ്നികൻവരുന്നിതാവധിക്കണന്തമാശ്ശുതൽ
സ്വപ്നവുംഫലിപ്പതെവ്വിധത്തിലെന്നുറയ്ക്കണം
ഭഗ്നനായിവൻമൃഗങ്ങളാലിദംവചിക്കണം
ശക്തനാംപിതാവിനോടു-കിരസ്തുവേശോപാഹിമാം.

---

14. പകച്ചു=ദേഷിച്ച്,

15. സുധാംശു=ചന്ദ്രൻ, ഉഡുക്കൾ=നക്ഷത്രങ്ങൾ, പാരവൈരം=അധികമായ ശത്രുത.

19 രൂബനായപൂർവജൻപറഞ്ഞൊഴിഞ്ഞുഹിംസയെ
ആപദാസ്തമുദ്ധരിച്ചുവീണ്ടുകൊൾവതിന്നുടൻ
കൃപമൊന്നിലാക്കുവാനുപായമോതിനാനതും
കോപിതർക്കസമ്മതം—കിരസ്തുവേശോപാഹിമാം.

20 അടക്കമുള്ള ബാലനങ്ങടുത്തുചെന്നനന്തരം
അടുത്തുക്രൂടിയന്ധുവിൽപിടിച്ചുതള്ളിയിട്ടവർ
മിടുക്കരായിഞെളിഞ്ഞിരുന്നടക്കിനാർവശിയുടൻ
അടുക്കൽവന്നൊരുഗണം-കിരസ്തുവേശോപാഹിമാം.

21 സുഗന്ധദ്രവ്യസാധനംവഹിക്കുമുഷ്ട്രജാലമോ
ടസംഖ്യമുണ്ടുവാണിഭന്മാരാകുമിശ്മയേലികൾ
പരന്നിതാവരുന്നതെന്നറിഞ്ഞുയൂദാചൊല്ലിനാൻ
വരുന്നതിന്നറിഞ്ഞിടാ-കിരസ്തുവേശോപാഹിമാം.

22 കൊല്ലുകിൽപ്രയോജനംനമുക്കതെല്ലുമില്ലഹോ
നല്ലതിന്നിവർക്കുവില്ക്കിൽവല്ലതുംലഭിച്ചിടും
ചൊല്ലുകേട്ടത്തുവിററുകാശുമാറിനാനുടൻ
നല്ലൊരുണ്ണിയെയൗസേപ്പെ-കിരസ്തുവേശോപാഹിമാം.

---

18 സ്വപ്നികൻ=സ്വപ്നക്കാരൻ, വധിക്കണന്തമാശു=അവനെവേഗം വധിക്കണം, ഭഗ്നനായി=വധിക്കപ്പെട്ടവനായി, ഇദം=ഇപ്രകാരം, വചിക്കണം=പറയണം.

19. പൂർവജൻ=ജ്യേഷ്ഠൻ, ആപദാസ്തമുദ്ധരിച്ചു=അവനെ ആപത്തിൽനിന്നും ഉദ്ധരിച്ചു.

20. അന്ധു=കിണർ, വശി=ദ്വേഷം.

21. സുഗന്ധദ്രവ്യസാധനം=സുഗന്ധവസ്തുക്കൾ, ഉഷ്ട്രജാലം=ഒട്ടകക്കൂട്ടം, വാണിഭന്മാർ=കച്ചവടക്കാർ, ഇശ്മയേലികൾ = ഇഷ്മായേൽ വർഗ്ഗക്കാർ.

23 സുവർണ്ണവസ്ത്രമൂരിയാട്ടുചോരതന്നിൽമുക്കിനാർ
വിഷണ്ണഭാവമോടുചെന്നുതാതനോടുചൊല്ലിനാർ
അരണ്യേഞങ്ങൾകണ്ടിതുപിതാവെനിൻസുതന്നുടെ
സുവർണ്ണവസ്ത്രമല്ലയല്ലി-കിരസ്തുവേശോപാഹിമാം.

24 ഉടുപ്പുകണ്ടറിഞ്ഞുടൻപിതാവുഭൃതധാത്രിയിൽ
കടുക്കെവീണുരുണ്ടവൻകരഞ്ഞുകൊണ്ടുചൊല്ലിനാൻ
ഉടുപ്പിതെന്റെപുത്രനുള്ളതാഹാകാട്ടുജന്തുവാൽ
കടിച്ചുതിന്നുപോയവൻ-കിരസ്തുവേശോപാഹിമാം.

25 ഇരിക്കവേണ്ടിനിക്കിനിമരിക്കയത്രെനന്നിതെ
ന്നുറക്കവെമുറവിളിച്ചുകൊണ്ടുതാനുടുത്തതും
വലിച്ചുകീറിഭൂമിയിൽകിടന്നുശോകശീലയെ
ധരിച്ചുകൊണ്ടുതാതനും-കിരസ്തുവേശോപാഹിമാം.

26 അടുത്തുനൽകുളൂർത്തവാക്കുരച്ചുമിത്രവർഗ്ഗവും
മടുത്തുപിൻതിരിഞ്ഞുതാപമാറിയില്ലതാതനും
അനർത്ഥമാദിവന്നിടും ഗുണത്തിനെന്നുകേൾപ്പതും
സമസ്തനാഥകല്പിതം-കിരസ്തുവേശോപാഹിമാം.

27 ജയിക്കദേവദേവനിന്നനുഗ്രഹങ്ങൾഞങ്ങളിൽ
വസിക്കവേണമെപ്പൊഴും നശിച്ചിടായ്‌വതിന്നഹോ
പെരുത്തദോഷമൊക്കവെപൊറുത്തുജീവരക്ഷയെ
വരുത്തുകാദയാനിധേ-കിരസ്തുവേശോപാഹിമാം.

---

23. സുവർണ്ണവസ്ത്രം=നല്ലനിറമുള്ളവസ്ത്രം, അരണ്യേ=വനത്തിൽ.
24. ഭൃതധാത്രി=ഭൂമി.
26. അനർത്ഥമാദിവന്നിടും ഗുണത്തിന്=ആപത്തുആദ്യംവരുന്നതു് പിന്നീടുഗുണത്തിനുവേണ്ടിയാണു്.

28 മഹോന്നതാദിനാഥദേവവിശ്വനാഥപാഹിമാം.
സമുന്നതസ്ഥിതൈകജാതപുത്രദേവപാഹിമാം.
പ്രസന്നതാസ്വരൂപനാം ശുഭപ്രദാത്മപാഹിമാം.
വന്ദ്യമാനമർത്ത്യദേവ-ക്രിസ്തുവേശോപാഹിമാം.

---

28. സമുന്നതസ്ഥിതൈകജാത=സമുന്നതനായഏകജാത, പ്രസന്നതാസ്വരൂപനാം ശുഭപ്രദാത്മ=പ്രസന്നരൂപിയും ശുഭം പ്രദാനം ചെയ്യുന്നവനുമായ ആത്മാവേ(പരിശുദ്ധാത്മാവേ,) വന്ദ്യമാനൻ=വന്ദിക്കപ്പെടുന്നവൻ.

## ഏഴാം വൃത്തം

### യൌസേപ്പ്-പെറോവിൻെറ ഭൃത്യന്മാർ

1 വിമലപദഭക്തോത്തമനിസ്രായേലിൻ
കമലമുഖിറാഹേൽ തനയനെയുസേപ്പാം
സകലഗുണമുള്ളോരവനുടയ ദുഃഖം
സകലമതികഷ്ടം-പരമഗുണസിന്ധോ.

2 കടുമതികൾ ചെയ്തോരടവുകമെയോത്തും
അടി മുടിവിറച്ചും ഉടലണിവിയർത്തും
ഉടനുടനെ ബാഷ്പം പൊടുപൊടെ വടിച്ചും
നടമുറതുടർന്നാൻ-പരമഗുണസിന്ധോ.

---

ഇരുപത്തിനാലുവൃത്തം എട്ടാം വൃത്തത്തിൽ ഉപയോഗിച്ചിരിക്കുന്ന സമ്പുടിതം എന്ന വൃത്തമാണ് ഇവിടെ പ്രയോഗിച്ചിരിക്കുന്നത്. പരമശിവശംഭോ എന്നുള്ള പദ്യാന്തരഭാഗത്തിനുപകരം ഇവിടെ പരമഗുണസിന്ധോ എന്നതത്തുല്യമായി പ്രയോഗിച്ചിരിക്കുന്നു.

1 വിമലപദ..............തനയൻ = ദൈവഭക്തനായ ഇസഹാക്കിൻെറ പുത്രൻ യാക്കോബിൻെറ ഭാര്യ സുന്ദരി റാഹേലിൻെറ പുത്രൻ.

3 ജനകനെയുമെൻെറ അനുജനയുമെന്നൊ!
കനിവിനൊട്ട കാണുന്നതിനിടവരുന്നോ!
മനമതിലിത്രേവം നിനവഥമഴത്തും
വനവഴിനടന്നാൻ–പരമഗുണസിന്ധൊ.

4 മമദുരിതമെല്ലാം പറവതിനുതെല്ലും
മമതപുനരില്ലെ ജനകനൊട്ടമെല്ലെ
അഹിതവരരല്ലൊ സഹജനിതരെല്ലാം
അവർ പറകയില്ലെ–പരമഗുണസിന്ധൊ.

5 ശരണമിനിയാരീ ധരണിതലെദേഹ
മരണഭയമല്ലെ പെരികഭയമയ്യൊ
കരുണയുടയൊനെ കനിവിനുതൊഴുന്നോൻ
വരണമഘശാന്തി–പരമഗുണസിന്ധൊ.

6 ഇതിബഹുവിഷാദം നിജഹൃദിവഹിച്ചും
മതിമുഖസരോജം സ്രു്തജലാൽനനച്ചും
മതിമതിനടേതി കതറുമവരോട്ടം
പഥിഗതി തുടന്നാൻ–പരമഗുണസിന്ധൊ.

7 പെരിയമണലാകുന്നറബിമണലൂടെ
അരിയപുരിമിസറേംനഗരിയതിലെത്തി
പെരിയപടനാഥന്നവരവനെ വേഗാൽ
പരിചിനൊട്ടവിററാർ–പരമഗുണസിന്ധൊ.

---

2. കട്ടമതികൾ=ദുർബ്ബുദ്ധികൾ, അടവ്=വഞ്ചന, ബാഷ്പം=കണ്ണുനീർ.

4. അഹിതർ= ശത്രുക്കൾ, സഹജനിതർ = കൂടെ ജനിച്ചവർ (സോദരൻ)

5 അഘം=പാപം, സരോജം=താമര.

6 സ്രു്തജലാൽ=വിയപ്പുവെള്ളത്താൽ, പഥിഗതി=വഴിനടപ്പ്.

8 അരചനഭിധാനം പറയുമിഹഫേറൊ
ഫരിചരവിചാരവരനുപൊത്തിഫേറൊ
പരിവൃഢനിവൻെറ പരിചരനതായി
പരിചിലധിവാസം-പരമഗുണസിന്ധൊ.

9. ഗുണമുടയബാലൻ വിനയഗുണശീലൻ
തുണയവനുദൈവം വിനകളെയൊഴിപ്പാൻ
തരു എവിടെയുണ്ടൊ തണലവിടെയുണ്ടാം
ഗുണമവനുവൃദ്ധി-പരമഗുണസിന്ധൊ.

10 അതുകരുതിമാന്ന്യൻ മതിതെളിവിടനൊടെ
അതുലഗുണധന്ന്യോചിതനു ഗൃഹമെല്ലാം
ചിതമൊടു വിചാരിപ്പതിനവനെയേകി
ഗതിയവനുമുണ്ടായ്-പരമഗുണസിന്ധൊ.

11 വരവധികമുണ്ടായി പെരുകിധനമപ്പോൾ
പെരുകി മൃഗജാലം കൃഷികളുമസംഖ്യം
നരവരനെശസ്സും വരെവരെവളൎന്നും
പരശതമിരട്ടി-പരമഗുണസിന്ധൊ.

12 ധനികനിവനെന്നങ്ങമനുതചമൂപൻ
കനിവിനൊടു വാഴും പൊഴുതു നിജപതി

---

8 അരചൻ=രാജാവ്, അഭിധാനം=നാമം, പരിചരവിചാരവരൻ=അകമ്പടിനായകൻ, പരിവൃഢൻ=അധിപൻ, പരിചരൻ=ഭൃത്യൻ.

9 തരു=വൃക്ഷം, വൃദ്ധി=വർദ്ധനവു.

10 അതുലഗുണധന്ന്യൻ = നിസ്തുല്യങ്ങളായ ഗുണങ്ങളെകൊണ്ടു ശ്രേഷ്ഠൻ.

11. മൃഗജാലം=മൃഗക്കൂട്ടം, യശസ്സ്=കീൎത്തി.

അനുദിനമവന്റെ തനുരുചിവിലോകാ
ദനുരതമുരച്ചാൾ-പരമഗുണസിന്ധോ.

13 വരികരികചാരുതര കൃതശരീരം
ഉരസിമമചേർക്ക വിരസമിഹപോരും
സരസമുഖനിന്നോടൊരു കുറിരമിപ്പാൻ
പെരുതുകൊതി ചിത്തേ-പരമഗുണസിന്ധോ.

14 വിവശതയൊടേവം പറയുമവളോട-
ങ്ങവനു മുരചെയ്താനവിധവചനങ്ങൾ
ഭവതിതവകാന്തൻ അവനമിനിക്കേകി
ഭവനമിനിക്കെല്ലാം-പരമഗുണസിന്ധോ.

15 ജനകനൊട്ടുതുല്യൻ മനുജവരനാഥൻ
ജനനിസമ നീയും സ്പൃഹയുമരുതെന്നിൽ
ജനിതമനദോഷം ജനനി കളകഹാ
അനുസരണമാക-പരമഗുണസിന്ധോ.

16 അതരുതിതൊന്നും പറയരുതു നാഥേ.
ദുരിതമതികഷ്ടം പരനതിവിരുദ്ധം

---

12. അമനുത = വിചാരിച്ചു, ചമൂപൻ = സേനാധിപൻ, തനുരുചിവിലോകാത് = ശരീരകാന്തി ദർശിച്ചതിനാൽ, അനുരതം = അനുരാഗത്തോടെ, ഉരച്ചാൾ = പറഞ്ഞു.

13. ചാരുതരകൃതശരീരാ = സുന്ദരരൂപിണി, ഉരസി = മാറിടത്തിൽ, വിരസമിഹപോരും = രസമില്ലായ്മ മതിയാക്കുക, സരസമുഖ = സുന്ദരമുഖ, കുറി = പ്രാവശ്യം.

14. അവനം = സംരക്ഷണം.

15. ജനനിസമ = അമ്മയ്ക്കുതുല്യ, സ്പൃഹ = ആഗ്രഹം, ജനിതമനദോഷം = ജനിച്ചദുർവിചാരം.

പെരിയതരദോഷകരമിതുകഥംഞാൻ
പരനൊട്ടകരോമി—പരമഗുണസിന്ധോ.

17 ശ്രുവണമിതിന്നില്ലാതവനൊടവളെന്നും
അവരതമുരച്ചാളവനമരുതെന്നാൻ
നിവസനനിവെസെ നിവൃതമൊരുനാളിൽ
ധവനിപിടിപെട്ടാം--പരമഗുണസിന്ധോ.

18 കുലടമുലചേരന്നണയുമൊരുനേരം
കുലടികരെശാടി കുലികനുലഞ്ഞോടി
ലലിതമഹൊലഭിയാഞ്ഞലറി വിളിചെയ്താൻ
ലലനകലഹത്താൽ—പരമഗുണസിന്ധോ.

19 അറിവിന്നെബുറായെൽ ചെറുതുമടിക്രുടാ-
തറയിൽമമവന്നു തെറിമുറതുടന്നു
മുറവിളിമേകേട്ടു ദ്രവനപിതൽവസ്ത്രം
തിറമൊട്ടു പറിച്ചേൻ—പരമഗുണസിന്ധോ.

20 വസനമതുകണ്ടും അസതിമൊഴികേട്ടും
വ്യസനമൊട്ടുനാഥൻ സുകൃതനെവുസേപ്പേ
പ്രസിതപുരിചേർത്തു ദുരിതമപിതത്ര
വിശരണവിഹീനം—പരമഗുണസിന്ധോ.

21 അനുകുലമവന്നു സതതമഖിലേശൻ
അനുഭവ വിശേഷമവിടെയുളവായി

---

16. കഥം = എങ്ങനെ, പരനൊട്ടകരോമി = ദൈവത്തോടുചെയ്യുന്നു.

17 ശ്രുവണമിതില്ലാതെ = ഇതു കേൾക്കാതെ, നിവസനം = ഗൃഹം, ...............

19. ദ്രവൻ = ഓടിപ്പോയവൻ.

20. അസതി = സതിയല്ലാത്തവൾ (കുലട), പ്രസിതപുരി = കാരാഗൃഹത്തിൽ.

ജനമവിടെയുള്ളോൎക്കലിവവനിലേറി
ഫലനതയവനേറി-പരമഗ്ഗുണസിന്ധോ.

22 നരപതിവിരോധാലിരുപരിചരന്മാർ
നിരതമപികാവൽപുരയതിലടഞ്ഞാർ
ഒരുവനശനത്തെഅരചനുകൊടുപ്പോൻ
പരനടചമപ്പോൻ-പരമഗ്ഗുണസിന്ധോ.

23 ഇരുവരിവരോരോസ്വപ്നമപികണ്ടാർ
പൊരുൾപറവതിന്നങ്ങൊരുവിരുതനില്ലാ
വിരസതഭവിച്ചനരരൊടവ്വുസ്വപ്നം
സരസമുരചെയ്താൻ-പരമഗ്ഗുണസിന്ധോ.

24 വദനമപിശോഷിപ്പതിനുവദമൂലം
പ്രതിവദത ഞങ്ങൾക്കുദിതസ്വപ്നത്തിൽ
സ്വയപൊരുളതിരിയാഞ്ഞധികമനതാപം
അതിനവനുമൂചേ-പരമഗ്ഗുണസിന്ധോ.

25 പരമപൊരുളെല്ലൊ പൊരുളുടയനാഥൻ
പറകപറവോൻെറപരിചരവരൌമേ
വരമവരിലേകൻ സുരകവഹനാദ്യം
പരിചിലുരചെയ്താൻ-പരമഗ്ഗുണസിന്ധോ.

---

21. സതതം=സദാ, അലിവ്=ദയ.

22. അശനം=ഭക്ഷണം, അപരനടചമപ്പോൻ=മററവൻ അട (അപ്പം) ഉണ്ടാക്കുന്നവൻ,

24. വദനം=മുഖം, വദമൂലം=കാരണം എന്താണെന്നു വദിച്ചാലും (പറഞ്ഞാലും,) പ്രതിവദത=പറഞ്ഞുതന്നാലും, ഊചേ=പറഞ്ഞു.

25. പൊരുളുടയനാഥൻ=പൊരുളിന്നു ഉടയവനായ ദൈവം, പരിചരവരൌ=പരിചരവരരേ, മേ=എന്നോട്, സുരകവഹൻ=പാനപാത്രവാഹകൻ,

26 ഒരുചുവടുദ്രാക്ഷാലതിക മമകണ്ണിൽ
ത്വരിതമതുകാണായ് ത്രിതയശിഖരൈരേകൾ
ദലമപിതളിർത്തുകുസുമമയമായി
കുലകളുമതുണ്ടായി-പരമഗുണസിന്ധോ

27 ഫലകുലകളെഞാൻ നലമൊടുപറിച്ചു
തലജലവതിതൽകലയെഞെരടീട്ടു
ചലജലനമാക്കീട്ടുലകരശകൈയിൽ
ജലമതുകൊടുത്തേൻ-പരമഗുണസിന്ധോ.

28 മൂന്നുലതകൾകേൾമൂന്നുദിവസങ്ങൾ
മൂന്നിനകമേനീചേർന്നരചനോടു
വാർന്നരസപാനം മാന്ന്യനുകൊടുക്കും
തീർന്നുതവദുഃഖം-പരമഗുണസിന്ധോ.

29 മുന്നമതുപോലെമന്നനൊടുചേർന്നാ
ലന്നുകൃപയൊണ്ടായെന്നെ വിടുവിക്കാ
മെന്നതൌസേപ്പും ചൊന്നതുശ്രവിച്ചി
ട്ടന്നദനുമേകി-പരമഗുണസിന്ധോ.

30 കേൾക്കുശിരസാമേവായ്ക്കുരുചിയേറും
കേക്കടകൾമൂന്നുകുട്ടകൾനിറച്ചു
ആക്കമൊടുകൊത്തികൊക്കിനകമാക്കി
കാക്കകഴവാദി-പരമഗുണസിന്ധോ.

---

26. ദ്രാക്ഷാലതിക=മുന്തിരിവള്ളി,. ത്രിതയശിഖരൈഃ=മൂന്നുശിഖരങ്ങളോടുകൂടി, ദലം=ഇതൾ (ഇല,) കുസുമം=പുഷ്പം.

27. ഉലകരശകൈയ്യിൽ=രാജപാണിയിൽ.

30. കൈക്കടകൾ=അപ്പങ്ങൾ.

31 കഷ്ടമിതുസ്വപ്നം മർത്ത്യപതിനിന്നെ
ദുഷ്ടരെയൊട്ടുക്കും കഴുവിലതേററി
അത്രനിജമാംസം പത്രികളരിക്കും
ദുഷ്ടനുടെനിഷ്ഠാ-പരമഗുണസിന്ധോ.

32 ഇസ്രായെൽസുതന്റെ വചനമതുപോലെ
മിസ്രയധിപന്റെപിറവിദിനമാകും
വിശ്രുതമഹസ്സുന്നാൾകൌശികനെരാജൻ
വിശ്രമിതനാക്കി-പരമഗുണസിന്ധോ.

33 വിരവിനൊടുദ്രാക്ഷാസരകവഹനായി
ട്ടരികിൽമരുവിടാനൊരുവനുനിയോഗം
പരനെയതിദൂരം തരവെ കഴുവേററി
പറവകളരിപ്പാൻ-പരമഗുണസിന്ധോ.

34 ഭുവിമനുജനെന്നുംഭവദുരിതനാഹാ
ദിവിജനകനുണ്ടന്നവനുനിനവില്ലേ
ദിവഭുവിചതസ്മാൽഭവ്യകരഹിതൻ താൻ
ഭവകരുണനായ്നീ-പരമഗുണസിന്ധോ.

---

31. പത്രികൾ=പക്ഷികൾ.

32. വിശദമഹസ്സുന്നാൾ=വിശേഷദിവസം.

33. ദ്രാക്ഷാസരകവഹൻ=പാനപാത്രവാഹകൻ, തരവെ=വൃക്ഷത്തിൽ.

34. ദിവി=സ്വർഗ്ഗത്തിൽ, ഭുവി=ഭൂമിയിൽ, തസ്മാത്=അതിനാൽ, ഭവ്യകരഹിതൻ=നന്മയില്ലാത്തവൻ, ഭവ=ഭവിച്ചാലും.

35 ജയകരുണദാതാ നയകിരണനാഥാ
ജയജഗതിജാതാമയമഹിതദേവ
ഭയതമദിനേ മൽഭയമകലുവാൻനീ
ദയകരുകൃപാത്മൻ-പരമഗുണസിന്ധോ.

---

35. ജയ=ജയിച്ചാലും, കരുണദാതാ=കരുണദാനം ചെയ്യുന്നവനെ, ജഗിതിജാത=ലോകത്തിൽ ജനിച്ചവനെ, ദയകരു=ദയചെയ്യാലും, ഭയതമദിനേ=അതിഭയങ്കരദിനത്തിൽ.

## എട്ടാം വൃത്തം.

### പെറോവിൻെറ സ്വപ്നവും, യൌസേഫിൻെറ ഉന്നതിയും.

1 അന്നാപ്രദപ്രഭുമുന്നാമേപോലുള്ളോ
ന്നുന്നതസ്ഥാനം ലഭിച്ചശേഷം
മുന്നെടമൊക്കെമറന്നൊവുസെപ്പെയും
അന്നവൻ-പാപഹരശരണം.

2 കാരാഗാരംതന്നിലോരാതെകണ്ടവ
നീരാണ്ടുകാലംവസിച്ചശേഷം
പേറോവാംഭൂപന്നുണ്ടായി സ്വപ്നങ്ങൾ
സാരമാം-പാപഹരശരണം.

---

ഇരുപത്തിനാലുവൃത്തം പത്താംവൃത്തത്തിൽ ഉപയോഗിച്ചിരിക്കുന്ന മഞ്ജരിയാണ് ഇതിലെ വൃത്തം.

1. അന്നപ്രദപ്രഭു=പാനപാത്രവാഹകപ്രമാണി, (ബൈബിളിൽ)
2. കാരാഗാരം=കാരാഗൃഹം, ഭൂപൻ=രാജാവ്.

3 അർത്ഥംപറവാൻസമർത്ഥരില്ലാഞ്ഞിട്ടു
പാർത്ഥിവൻദുഃഖിച്ചിരിക്കും കാലം
ഓർത്തുവുസേപ്പിൻെറ വാർത്തയെഭൃത്യനും
കീർത്തിച്ചു-പാപഹരശരണം.

4 മുന്നംനീമന്നവാ ഞങ്ങളിരുപേരെ
വന്ധ്യാഗാരത്തിലടച്ചകാലം
ഒന്നിച്ചൊരുനിശികണ്ടസ്വപ്നപ്പൊരുൾ
ചൊന്നോകൻ—പാപഹരശരണം.

5 നല്ലൊരുബാലകനാകുമെബ്രറായേൽ
ചൊല്ലിയതെല്ലാം ഭവിച്ചുസൂക്ഷ്മം
ചൊല്ലുമിതുമവനിന്നുമല്ലൽതീർന്നി
ട്ടില്ലപോൽ-പാപഹരശരണം.

6 എങ്കിലാനായതമെന്നതുകേട്ടൊരു
കിങ്കരന്മാരോടിച്ചെന്നുചൊല്ലി
അംഗസംസ്ക്കാരങ്ങൾ ചെയ്തുനടകൊണ്ടു
ഭംഗിയിൽ-പാപഹരശരണം.

7 തൃക്കാൽവണങ്ങിനിന്നീടുന്നമർത്ത്യനെ
തൃക്കൺപാർത്തീശൻപറഞ്ഞുമെല്ലെ
കേൾക്കമെൽസ്വപ്നം തിരിപ്പാനറിഞ്ഞുക്രു-
ടാർക്കുമെ-പാപഹരശരണം.

---

3. പാർത്ഥിവൻ=രാജാവ്.

4. ബന്ധ്യാഗാരം=കാരാഗൃഹം, നിശി=രാത്രിയിൽ.

6. ആനായ=ആനയിപ്പിച്ചാലും, തം=അവനെ.

8 ഭക്കൾക്കുന്നശക്തിനിനക്കിതിന്നുണ്ടെന്നു;
യാക്കോതനയനുമുച്ചരിച്ചു
വാക്കിൽഗുണംനൽകുമീശ്വരൻ, ശക്തി
നമുക്കില്ല-പാപഹരശരണം.

9 അപ്പൊഴുതപ്പതിചൊല്ലിനാൻനിദ്രയിൽ
അത്ഭുതസ്വപ്നങ്ങൾകണ്ടേനഹം
നിമ്നഗാതീരസ്ഥനാമെൻെറ ദൃഷ്ടിയു
മപ്പിലായ്-പാപഹരശരണം.

10 കണ്ടേൻകരേറിയോരേഴുപശുക്കളെ
രുണ്ടുതടിച്ചുകൊഴുത്തവറെറ
കണ്ടാൽമനോഹരംകണ്ണിന്നുകൌതുക
മുണ്ടേറെ-പാപഹരശരണം.

11 മേച്ചിൽസ്ഥലങ്ങളിൽ മേഞ്ഞുനിന്നീടുമ്പോൾ
മീച്ചമില്ലാതെമറേറഴുഗോക്കൾ
വേച്ചും വിറച്ചും പശിച്ചും കാണുന്നോർക്കു
കയ്ച്ചുപോം-പാപഹരശരണം.

12 പുഷ്ടിമക്കാലികളേഴുമപ്രാകൃത
ജ്യേഷ്ഠകൾക്കാഹാരമായിപ്പോയി
ഒട്ടും ഭുജിച്ചെന്നുതോന്നിടാപിന്നിട്ടു
ദൃഷ്ടിക്കിൽ-പാപഹരശരണം.

---

8. യാക്കോതനയൻ=യാക്കോബിൻെറ പുത്രൻ. (അവുസേപ്പ്).
9. അപ്പൊഴുതപ്പതി=അപ്പോൾ ആ രാജാവ്, നിമ്നഗാതീരസ്ഥൻ=നദീതീരത്തിൽ സ്ഥിതിചെയ്യുന്നവൻ, അപ്പിൽ=ജലത്തിൽ
11. പശിച്ചും=വിശന്നും.
12. പുഷ്ടിമക്കാലികൾ=കൊഴുത്തപശുക്കൾ, പ്രാകൃതജ്യേഷ്ഠകൾ=മെലിഞ്ഞുവികൃതമായ പശുക്കൾ, ദൃഷ്ടിക്കിൻ=നോക്കിയാൽ.

13 നിദ്രാവെടിഞ്ഞഹം വീണ്ടുമുറങ്ങിപ്പോയി
ഭദ്രമാമേഴ കതൃക്കൾപിന്നെ
താദൃശംനൽക്കണിശങ്ങൾ കണ്ടിട്ടില്ലെൻ
നേത്രങ്ങൾ-പാപഹരശരണം.

14 പിന്നെ പുറപ്പെട്ടു ധാന്യകുലകൾക്കും
ഒന്നത്രെ മൂട്ടുബുസങ്ങളെന്നാൽ
നിന്ദിക്കും കാണികൾ പൂർവ്വവായുക്കളാൽ
ഭിന്നിച്ചും-പാപഹരശരണം

15 മുമ്പിൽവളന്ന കണിശങ്ങളെവേഗം
പിമ്പെവളന്നവ ഭക്ഷിച്ചിട്ടും
കമ്പം കുറഞ്ഞില്ലെ പ്രാകൃതമെപ്പേരും
മുമ്പെപോൽ-പാപഹരശരണം

16 ഏവം കഥിക്കും മഹീശനെനോക്കീട്ടു
ഭാവനയോടു പറഞ്ഞുമെല്ലെ
ദേവൻമഹേശൻ നിനക്കറിയിച്ചിവ
ഭവ്യങ്ങൾ-പാപഹരശരണം.

17 കണ്ടസ്വപ്നങ്ങളോ രണ്ടിനുമേകാത്ഥം
രണ്ടായതു ന്യൂനമുണ്ടാമെന്നും
ആണ്ടവൻ ചൂണ്ടിക്കാണിച്ചിവഹേരാജൻ
കണ്ടാലും-പാപഹരശരണം.

---

13. കതൃക്കൾ = കതിരുകൾ, താദൃശം = അപ്രകാരമുള്ള, കണിശം = കതിർ.

14. ബുസം = പതിർ, പൂർവ്വവായു = കിഴക്കൻകാററു്.

16. കഥിക്കും = പറയും, മഹീശൻ = രാജാവു്.

18 ഏഴുപശുക്കളും ഏഴുകതിരുകളും
ഏഴു വത്സരങ്ങളെന്നറയ്ക
ഏഴതിലുത്തമമേഴും സുഭിക്ഷമാം
വർഷങ്ങൾ—പാപഹരശരണം

19 ക്ഷുത്തടങ്ങാത്തധമങ്ങളേഴും ഭുവം
ക്ഷുത്തടക്കും ക്ഷാമകാലമത്രേ
ക്ഷുത്താൽ സുഭിക്ഷം മറന്നുപോകും മഹീ
ക്ഷിത്തേകേൾ—പാപഹരശരണം

20 നല്ലതുചൊല്ലുവനല്ലലകറവുവാൻ
ഉല്ലാസഭൂമി വിളയുംകാലം
നല്ലകോതമ്പിനെക്കൊണ്ടു നിറച്ചാലു
മില്ലങ്ങൾ—പാപഹരശരണം

21 പട്ടിണിയിട്ടുവലയും ജനങ്ങളെ
തുഷ്ണയൊഴിപ്പിച്ചു പാലിപ്പാനായി
ഉഷ്ണകന്മാരെ നിയോഗിക്കെന്നു കേട്ടു
ധാത്രീശൻ—പാപഹരശരണം.

22 ആരിവനോടു ശരിയെന്നു തസ്യാനു
ചാരികളോടു പറഞ്ഞുമെല്ലെ
നേരെ തിരിഞ്ഞുപറഞ്ഞിവയൊക്കയ്ക്കും
പോരും നീ—പാപഹരശരണം.

---

17. രണ്ടായതോ............മെന്നും = രണ്ടു സ്വപ്നം കണ്ടതു്, നിശ്ചയമായും അതു സംഭവിക്കും എന്നു കാണിപ്പാനാണ്. ആണ്ടവൻ = ദൈവം.

19. ക്ഷുത്തു് = വിശപ്പു്, മഹീക്ഷിത്തേ = രാജാവേ.
21. ഉഷ്ണകർ = സമർത്ഥർ.

23 കണ്ടാലും നിന്നെമൽ രണ്ടാമനാക്കിനേൻ
ഇണ്ടലകററി ഭരിച്ചുകൊൾക
വേണ്ടും പണങ്ങൾ ചിലവിട്ടുകോതമ്പു
കൊണ്ടാലും-പാപഹരശരണം

24 ഇത്ഥംപറഞ്ഞു നിജാംഗുലീയമൂരി
സത്വരം തസ്യാംഗുലത്തിലിട്ടു
പുത്തൻ പീതാംബരം പിന്നെയുടുപ്പിച്ചു
പൃഥ്വീശൻ-പാപഹരശരണം.

25 കണ്ഠാഭരണവും നൽകിയൌസേപ്പിന്നു
കണ്ടാൽമനോജ്ഞമാം സ്യന്ദനവും
മണ്ടുവാനും ഭടരുണ്ടു മഹാജനം
കൊണ്ടാടി-പാപഹരശരണം.

26 പിന്നെപ്പുരോഹിതൻ പൊത്തിഫേറാത്മജാ
കന്നക്കുഴലാൾക്കു കാന്തനായി
നന്ദിച്ചു മന്ദിരവാസികളെല്ലാമാ
നന്ദിച്ചു-പാപഹരശരണം.

27 കൈദാരികങ്ങൾ വിളഞ്ഞു സമൃദ്ധമായി
കൊയ്ത്തുടുപ്പോക്കു മടുപ്പമായി

---

22. തസ്യാനുചാരികൾ=അവന്റെ അനുചരന്മാർ.

24. നിജാംഗുലീയം=തന്റെ മോതിരം, പീതാംബരം=മഞ്ഞ വസ്ത്രം, പൃഥ്വീശൻ=രാജാവ്.

25. മനോജ്ഞം=മനോഹരം, സ്യന്ദനം=തേര്.

26. ആത്മജാ=പുത്രി, കന്നക്കുഴലാൾ=സുന്ദരി.

പൈദാഹമെന്നുള്ള വാക്കും മറവിയാ-
യ്പോയന്നു-പാപഹരശരണം.

28 വൃദ്ധികലർന്നുള്ളൊരബ്ദങ്ങളേഴിലും
ഋദ്ധം ചെയ്തുകോതമ്പോറെക്കൂട്ടി
അർത്ഥം കൊടുത്തുകുടിരക്ഷയെല്ലാംനി
വർത്തിച്ചു-പാപഹരശരണം.

29 പുഷ്ടിജഗത്തിൽ വിവർദ്ധിച്ചകാലത്തി-
ലിഷ്ടസുതന്മാരുണ്ടായി രണ്ടു
ഇട്ടമനേഷഞ്ചാപ്രേമെന്നുനാമങ്ങൾ
ഇഷ്ടർക്കു-പാപഹരശരണം.

30 കാലങ്ങൾ നല്ലതുപോയി മറഞ്ഞയ്യോ
ചേലില്ലാതായി കൃഷികൾക്കൊന്നും
മാലോകരും നിലവിട്ടുവലഞ്ഞുവി
ലാപിച്ചു-പാപഹരശരണം.

31 ഉമ്മാനില്ലയ്യോ നീ ഞങ്ങളെരക്ഷിക്കെ-
ന്നമ്മഹീശമാവലാതിയായി
തിന്മാനൌസേപ്പു നൾകുമെന്നൂചിവാൻ
നന്മയിൽ-പാപഹരശരണം.

---

27. കൈദാരികങ്ങൾ = വിളഭൂമികൾ.

28. വൃദ്ധി = വർദ്ധനവ്, (പുഷ്ടി) അബ്ദം = വർഷം, ഋദ്ധം ചെയ്തു = വർദ്ധിപ്പിച്ചു.

29. ജഗത്തിൽ = ഭൂമിയിൽ, വിവർദ്ധിച്ച = വിശേഷേണവർദ്ധിച്ച, മനേഷഞ്ചാപ്രേമെന്നു = മനസ്സു എന്നും എഫ്റയീം എന്നും.

31 അമ്മഹീശം = ആ രാജാവിനോട്, ഊചിവാൻ = പറഞ്ഞു.

32 ധാന്യപ്പുരകൾ തുറന്നുധനംവാങ്ങി
ധാന്യങ്ങൾ വിററു ജനങ്ങൾക്കെല്ലാം
ധന്യൻപുനരീധനം നൾകിരാജാനാം
മാന്യന്നു-പാപഹരശരണം

33 ഒട്ടനാൾകൊണ്ടു പണങ്ങളും നഷ്ടമായ്
മുട്ടിജനങ്ങളും പട്ടിണിയായ്
അഷ്ടിതരുവയംകെട്ടുപോം മുമ്പേവം
മുട്ടിച്ചു-പാപഹരശരണം.

34 കാള കഴുത കുതിര കാലികളെ
കോളേകൊടുക്കുന്നു കേട്ടവരും
മീളാതെകൊണ്ടുകൊടുത്തു കോതമ്പിനു
കോളായി-പാപഹരശരണം.

35 അത്രെവകാലികളെത്തിയനന്തരം
ക്ഷേത്രങ്ങൾവിററുകോതമ്പുവാങ്ങി
പൃഥ്വീശനല്പത്തിയൊക്കെയെടങ്ങിട്ടേല്പാ
യിത്ഥ്യേവം-പാപഹരശരണം.

36 വിത്തുംനിലങ്ങളുംപിന്നെകുടികൾക്കു
വൃത്തിക്കുനൾകിയവൃഷേഭപ്പുതാൻ
പത്തിൻെറപാതിഭൂപത്യംശമാക്കിന-
ടത്തിച്ചു-പാപഹരണാശരണം.

---

32 രാജാനാംമാന്യൻ=രാജശ്രേഷ്ഠൻ, അഷ്ടി = ഭക്ഷണം; വയം=ഞങ്ങൾ, കെട്ടുപോംമുമ്പ്=നശിച്ചുപോകുന്നതിനുമുമ്പ്.

34. മീളാതെ=മടിക്കാതെ, കോളായി=വിലയായി.

35. ക്ഷേത്രം=ഭൂമി.

36. വൃത്തിക്ക്=കൃഷിപ്രവൃത്തിക്ക്, ഭൂപത്യംശം=രാജഭോഗം.

37 പഞ്ഞംമിസറേനിൽതന്നെയുമല്ലയ്യോ
കഞ്ഞിക്കരിമററെങ്ങുമില്ലാ.
പഞ്ഞമാംകോതമ്പിനന്ന്യരുംവന്നങ്ങു
കെഞ്ചിനാർ-പാപഹരശരണം.

38 പുത്രൻപിരിഞ്ഞെന്ന ചിത്തസംഭ്രമത്തോടെ
പത്തുമേകാത്മജന്മാരുമായി
പത്തനേകാനാനിൽപാർക്കുംയാക്കോബിനും
അത്തലായ്-പാപഹരശരണം.

39 മക്കൾമുഖാമുഖംനോക്കിപറഞ്ഞവ-
യൊക്കയും കേട്ടുപറഞ്ഞുതാതൻ
മൂർക്കന്മാരെനിങ്ങളെന്തിനുതമ്മിൽ കോ-
പിക്കുന്നു-പാപഹരശരണം.

40 ബോധിപ്പിൻനിങ്ങളെജിപ്തിലൊണ്ടുപോൽ
ഗോധൂമമെന്നതുകേട്ടുഞാനും
ചോദിപ്പിൻകിട്ടുമെന്നാലതിനെചെന്നു
സാധിപ്പിൻ-പാപഹരശരണം.

41 എന്നുള്ളവാക്യങ്ങൾകേട്ടിസറായേലിൻ
നന്ദനന്മാർപത്തുപേരുംകൂടി
ഒന്നിച്ചുമററം പരദേശികളുമായ്
ചെന്നങ്ങു-പാപഹരശരണം.

---

38. പത്തുമേകാത്മജന്മാർ = പതിനൊന്നുമക്കൾ
40. ഗോധൂമം = ഗോതമ്പ്.
41. നന്ദനന്മാർ = പുത്രന്മാർ.

42 താണുഭ്രമിതന്നിൽ വീണെവുസേപ്പിന്റെ
ചേണാൎന്നപാദം വണങ്ങിനിന്നു.
കാണേവം കാട്ടും ഗുണഹീനന്മാരിൽ ക്ക-
രുണേശൻ–പാപഹരശരണം.

43 സ്വപ്നങ്ങൾക്കഫലവിഘ്നം വരുത്തുവാൻ
നഗ്നനാക്കിത്തന്നെവിററെങ്കിലും
ഭദ്രംഫലിച്ചുപോയേവംദൈയ്‌വാജ്ഞകൾ
ഭദ്രങ്ങൾ–പാപഹരശരണം.

44 കണ്ടിട്ടുവല്ലഭംകണ്ടുകൂടാത്തവൻ
ഇണ്ടലകററിസുകൃത്തുകൾക്ക
മിണ്ടടക്കിപോലും കണ്ടകന്മാരെയും
പണ്ടേതാൻ–പാപഹരശരണം.

45 ലോകത്തിൻപാപത്തെനീക്കിക്കളെയുന്ന
ദൈവത്തിൻകുഞ്ഞാടാമേശുനാഥ
പാപത്തിൽനിന്നുമാംവേർപെട്ടുത്തീടു നി-
മിഷത്തിൽ–പാപഹരശരണം.

46 രക്ഷിക്കഞങ്ങളെമോക്ഷദനേശുവെ
ശിക്ഷക്കുപാത്രങ്ങളെന്നാകിലും
ശിക്ഷിക്കാതെകരുണാക്ഷികളാലേക-
ടാക്ഷിക്ക–പാപഹരശരണം.

---

42. കാണേവം..........കരുണേശൻ = ദൈവം, ദുഷ്ടന്മാരിൽ ഇങ്ങനെയുള്ള അനുഭവം വരുത്തുമെന്നുകണ്ടാലും

# ഒൻപതാം വൃത്തം

### യൌസെപ്പും-തൻെറ സഹൊദരന്മാരും.

1 തദനപദമാശ്രയിച്ചത്രവന്നോർകളിൽ
കൃതമുഖനറിഞ്ഞു കണ്ടാത്മഭ്രാതാക്കളെ
ഹൃദിമുദപിതാപം മറച്ചുകൊണ്ടുക്തവാ-
നതികഠിനഭാവമൊടു-പാഹിമാം പാലക.

2 പറവിനഹൊനിങ്ങളാരെങ്ങനിന്നെന്നുമാം
പരിചിലുരചെയ്തു കാനാൻദിശിവാസികൾ
അടിയരിവിടെക്കു വിടകൊണ്ടു കോതമ്പു നി-
ന്നാടിപണത്തുകൊള്ളുവാൻ-പാഹിമാം പാലക.

3 കപടമിതു നിങ്ങളൊററാളികളീഭുവി-
ക്കപകടമുടൻവരുത്തീടുവാനാശയാ
അകബലമറിഞ്ഞുപോയീടുവാനല്ലയോ
നികടഭുവിവന്നതും-പാഹിമാം പാലക.

4 അറികതവദാസരപസപ്പരല്ലേ വിഭോ
ഒരു നരനടിക്കിടാങ്ങൾ പന്തിരണ്ടുപേർ

---

ഇരുപത്തിനാലുവൃത്തം പതിനൊന്നാം വൃത്തത്തിൽ കാണുന്ന അതിസമ്മതയാണ് ഇതിലെ വൃത്തം.

1. തദന=പിന്നീട്, പദം=പാദം, കൃതമുഖൻ=സമൎത്ഥൻ, ആത്മഭ്രാതാക്കൾ = സ്വന്തം സഹോദരന്മാർ, ഹൃദി = ഹൃദയത്തിൽ, മുദപിതാപം = സന്തോഷവും, ദുഃഖവും, ഉക്തവാൻ=പറഞ്ഞു.

2. മാം=എന്നോടു്.

3. ഒററാളികൾ=ഒററുകാർ (ചാരന്മാർ), നികടഭുവി=സമീപപ്രദേശത്തു്.

ഒരുവനിന്നില്ലവരജൻ പിതാവന്തികെ
മറിവുപറകല്ലിതു–പാഹിമാം പാലക.

5 അറിവനിതിനാലെ പരമാത്ഥമെല്ലാമഹം
പരിചിലിഹബദ്ധരാം നിങ്ങളിലേകനെ
പിതൃസവിധമാശുവിട്ടാനയസോദരം
പരിചിനൊടു ശീഘ്രമായ്–പാഹിമാം പാലക.

6 ഇതിവദനടച്ചുകാവൽ സ്ഥലേജ്യേഷ്ഠരാം
കുമതികളോടേതി മൂന്നാംദിനേ പിന്നെയും
ഹൃദിഭയമിനിക്കു പരമങ്കലുണ്ടാകയാൽ
മതമിഹ പറഞ്ഞിടാം–പാഹിമാം പാലക.

7 ഒരുവനിഹതാമസിക്കട്ടെ കോതമ്പരി
നരപരരങ്ങു ചേൎത്തിട്ടനുജനോടുമായ്
തിരികെവരവേണമതൊഴിഞ്ഞുഫെറോവിനാ-
ണൊരു കഴിവുമില്ലകേൾ–പാഹിമാം പാലക.

8 തച്ഛ്രുവണനം ചെയ്തുരത്താർ പരസ്പരം
നൽപ്രകൃതവാനട്ടിനം ശ്രുവിയാതെ നാം
ഉൾകമലചഞ്ചലംകണ്ടു മുൻചെയ്തോരു
തൽകമ്മദോഷമിതു–പാഹിമാം പാലക.

---

4. അപസപ്പ്ർ=ഒററുകാർ, =അവരജൻ=അനുജൻ.

5 ബന്ധർ=ബന്ധിതർ, പിതൃസവിധം=പിതാവിന്റെ അടുക്കൽ, ആനയ=കൊണ്ടുവന്നാലും.

6. ഇതിവദൻ=ഇപ്രകാരം പറഞ്ഞവൻ, കുമതികൾ=ദുർബ്ബുദ്ധികൾ, പരമൻ=ഈശ്വരൻ.

7. നരപരർ=മററുള്ളവർ.

8. തച്ഛ്രുവണനം ചെയ്തു=അതുകേട്ട്, ശ്രുവിയാതെ = കേൾക്കാതെ, ഉൾകമലചഞ്ചലം=ഹൃദയ ചാഞ്ചല്യം.

9 അഗ്രജനരച്ചു ഞാനന്നുചൊല്ലീലയോ
ഉഗ്രതകുമാരനൊട്ടു ചെയ്തുപോകായ്കെന്നു
നിഷ്കൃപരുനിങ്ങൾ കേളാതന്നുചെയ്തൊരു
നിഗ്രഹ ഫലോദയം—പാഹിമാം പാലക.

10 ഗദിതവചനം പൊരുൾതിരിപ്പുകൂടാതറി-
ഞ്ഞുദിതമതിതാപം പൊറാഞ്ഞഴുതുമാറിനി-
ന്നതികൃതനുടൻ ദയവിഹീനനിവ സിമയോനെ
അഥബന്ധനം ചെയ്തു—പാഹിമാം പാലക.

11 കല്പന കൊട്ടത്തളപ്പിച്ചു കോതമ്പു പി-
ന്നല്പമതികൾക്കവിദിതം ക്രയമശേഷം
ഉൾപ്പതിപ്പിച്ചു ഭാണ്ഡങ്ങൾ തോറും നമി-
ച്ചപ്പൊഴെ നടന്നിതെ—പാഹിമാം പാലക.

12 സത്രമതിൽ ഗർദ്ദഭനു തീററിനൽകീടുവാ-
നഥരിച്ചേകനുടെ ഭാണ്ഡം തുറന്നപോ-
തെത്രവിലതാൻ കൊട്ടത്തത്രയും കണ്ടുടൻ
തത്രബത ഭീതരായ്—പാഹിമാം പാലക.

13 ജനകപുരമാഗമിച്ചനയമഖിലം പുന
രനുകഥനമോടഴിച്ചഖില ഭാണ്ഡങ്ങളും

---

10. ഗദിതവചനം = പറഞ്ഞവാക്ക്, ഉദിത..........മാറിനിന്നു = ഉളവായ ദുഃഖം സഹിയാതെ മാറിനിന്നുകരഞ്ഞു, ദയവിഹീനൻഇവ = നിർദ്ദയനെപ്പോലെ.

11. ക്രയം = വില, അവിദിതം = അറിയപ്പെടാതെ.

12. ഗർദ്ദഭം = കഴുത.

തന്നുധനമത്രയുമുണ്ടതിലെത്രയ-
മതിഭയമവക്കുമായ്-പാഹിമാം പാലക.

14 മമസുത വിയോഗം വരുത്തിയ്യൂയമഹൊ
മമതനയനില്ലയെവുസേപ്പു സിമയോനപി
സമഗതിവരും ബനിയാമിനിന്നില്ല കേൾ
സമതമമ പോകുവാൻ-പാഹിമാം പാലക.

15 ദുസഹതരമായി ദുർഭിക്ഷമത്രാന്തരേ
സ്വ സുതരോടേവമാദേശ താതൻ തദാ
നിശമയതനിങ്ങൾ ക്രീണീതശസ്യാപുനർ
മിസ്രദിശി ചെന്നുടൻ-പാഹിമാം പാലക.

16 അഥഗദിതവാനെഹൂദാ പിതാവേ വയം
യദിസഹജമസ്മാഭിസാർദ്ധംനപ്രേരയസി
അധിപസമീപം ഞങ്ങൾ പോകയില്ലെത്രയും
അതികഠിനവാനവൻ-പാഹിമാം പാലക

17 ജനകനവദത്സഹജനന്യനുണ്ടേകനെ-
ന്നനുചിതമിദം നിങ്ങളെന്തു ചൊല്ലീടുവാൻ
എന്നജനകുലംപ്രതി ചോദ്യമുണ്ടാകയാൽ
സ്വനിതമെന്നാരിദം-പാഹിമാം പാലക.

---

14. യൂയം=നിങ്ങൾ.

15. ദുർഭിക്ഷം=ക്ഷാമം, അത്രാന്തരേ=തദവസരത്തിൽ, ആദേശ=കല്പിച്ചു, നിശമയത = കേട്ടാലും, ക്രീണീതശസ്യാ = ധാന്യം വാങ്ങിച്ചാലും.

16. ഗദിതവാൻ=പറഞ്ഞു, വയം= ഞങ്ങൾ, യദിസഹജമസ്മാഭിസാർദ്ധംനപ്രേരയസി=ഞങ്ങളുടെകൂടെ സഹോദരനെ നീ അയക്കുന്നില്ലെങ്കിൽ.

18 ഉവ്വകിലിനി ജീവനത്തിൽ കൊതിയെങ്കിലൊ
പലവഴികളില്ലയക്കെന്നിമററീവിധം
പലതരമുരച്ചെഹ്ലദാപിതൂർമ്മാനസ്സാൽ
ചലനമകലെപ്പോക്കി-പാഹിമാം പാലക.

19 എങ്കിലിതുചെയ്ക ദേശോത്തമഫലങ്ങളും
ശങ്കരഹിതാ ബാലകം ദ്വിഗുണമൃദ്രയും
ഗന്ധരസമാദികളിലും ചിലതെടുത്തുടൻ
ചന്തമൊടു പോകുവിൻ-പാഹിമാം പാലക.

20 സകലഗുണവാനഖിലശക്തിമാൻ നിങ്ങളെ
അഖിലമിഹവിട്ടയപ്പാനധിപമാനസേ
കരുണയുണരുവാനരുളുമെ വരം തമ്പുരാൻ
പരിചിൽ നടകൊള്ളുവിൻ-പാഹിമാം പാലക.

21 മിസരനഗരം തദോത്ഥായഗതാവാധിപം
വിശദമഥകൃപ്പിനില്ക്കുന്ന ഭ്രാതാക്കളിൽ

---

17. ജനകനവദത്=അപ്പൻ പറഞ്ഞു, സഹജനന്യൻ=മറെറാരു സഹോദരൻ, എനജനകുലംപ്രതി = ബന്ധുവർഗ്ഗങ്ങളെക്കുറിച്ച്, സ്വനിതം=ശബ്ദിക്കപ്പെട്ടു.

18. അയക്കെന്നിമററ്=അയക്കുക എന്നതൊഴിച്ച് മറെറാന്നും; പിതൂർമ്മാനസാൽ=പിതാവിൻെറ മനസ്സിൽ നിന്നു; ചലനം= ഇളക്കം.

19. ദ്വിഗുണമൃദ്ര=ഇരട്ടി ദ്രവ്യം.

20. തദോത്ഥായ=അനന്തരം എണീററ്; ഗതാം=ഗമിച്ചിട്ട്; അധിപം അധിപനെ; സഹജം = സഹോദരനെ; ആലോകനം ചെയ്തു=കണ്ടു.

നിജസഹജമാലോകനം ചെയ്തു ചൊല്ലിനാൻ
നിജനിശാന്താധിപം-പാഹിമാം പാലക.

22 നയമമനിവേശനം താൻ മനുജാനപി
വ്യയമിട്ടുകഹൊ സജശ്ധിക്കു വൈകാതെ നീ
അത്തുപൊഴുത്തുനീതവാൻ ഭവനമതിലപ്പൊഴെ
അതിഭയമവൎക്കുമായ്-പാഹിമാം പാലക.

23 അവദനഥ വീണ്ടുമാനീത മൃദ്രാഭിനാം
വിവശതയിൽ വീണടിമപെട്ടുപോയ് നാമിനി
ഭവനയജമാനനെ സേവചെയ്യുന്നുര
ച്ചവനൊടിദമൂചിരേ-പാഹിമാം പാലക.

24 പെരുവഴിലമ്പലം പ്രാപ്തരായപ്പൊഴെ
അറികൊടയത്തെഞങ്ങൾകണ്ടതൊള്ളീധനം
തിരികെയത്തുകൊണ്ടുവന്നെ അതാർചെയ്തതെ-
ന്നറിവതില്ലേവയം-പാഹിമാം പാലക.

25 സത്തുകഥിതവാൻ ഭയംപോക്കുഭ്രയാൽസുഖം
സകലനഥദത്തവാനീധനം നിങ്ങടെ
വകധനമെങ്കലുണ്ടെന്നുചൊല്ലിബഹി
സകുലനെയുമാനീയ-പാഹിമാം പാലക.

---

21. നിശാന്താധിപം = ഗൃഹാധിപനോട്.

22. നയ = നയിക്കുക (കൊണ്ടുവരിക); നിവേശനം = ഗൃഹം; താൻമനുജാൻ = ആ മനുഷ്യരെ; ജശ്ധി = സഹഭക്ഷണം.

23. ഇദം ഊചിരേ = ഇപ്രകാരം പറഞ്ഞു.

24. അറികൊടയതേ = യജമാനനേ അറിഞ്ഞാലും.

25. സത്തുകഥിതവാൻ = അവനാകട്ടെ ഇപ്രകാരം പറഞ്ഞു; ബഹി..........ആനീയ = സഹോദരനെയും പുറത്തുകൊണ്ടുവന്നിട്ട്.

26 തദനുമഹിപാലകസേവകാഗ്രേസരൻ
വരുമളവെ കാഴ്ചയും വച്ചുകുമ്പിട്ടവർ
ഗദിതമഥതേന കിം ക്ഷേമമേണ വൃദ്ധരിൽ
വരനുമപിജീവതി-പാഹിമാംപാലക.

27 ജനകനടിയാരുടെ സുഖേനമരുവിന്നിദം
മനുജർ പുനസന്തഃപ്രണേമുഃഭ്രമിഷ്ഠരായി
അനുജബിന്യാമിനം വീക്ഷ്യമാണോക്തവാൻ
അനുജനിവനല്ലയോ-പാഹിമാം പാലക.

28 വത്സധനീകതചമിത്ഥം കഥിച്ചീട്ടുമൊരു
തത്സമയെവത്സലവികാരം മുഴുത്തുപോയ്
തത്സദനകോഷ്ഠമേറിക്കരഞ്ഞീടിനാൻ
സുസ്നേഹചിഹ്നമിതു-പാഹിമാം പാലക.

29 മുഖശുചിവരുത്തിവന്നാശുചൊന്നാനവൻ
സുഖതരമിരുത്തിയപ്പങ്ങൾവിളമ്പുവാൻ
നിജപരിചരന്മാരെനന്തിരിച്ചേതരാൻ
ചിതമൊടുനിരത്തിനാർ-പാഹിമാം പാലക.

---

26. തദനു=പിന്നീട്; മഹീപാലക സേവകാഗ്രേസരൻ=രാജഭൃത്യന്മാരിൻ അഗ്രഗണ്യൻ; ഗദിതം=പറയപ്പെട്ടു; തേന=അവനാൽ; കിംക്ഷേമമേണ.........ജീവതി= വൃദ്ധശ്രേഷ്ഠനായ അവനും ക്ഷേമത്തോടെ ജീവിക്കുന്നുവോ.

27. പ്രണേമു=നമസ്കരിച്ചു; വീക്ഷ്യമാണോക്തവാൻ=കണ്ടിട്ട് പറഞ്ഞു.

28. തത്സദനകോഷ്ഠം=ആ ഗൃഹത്തിലുള്ള ഒരു ഉൾമുറി.

29. എനംതിരിച്ചേതരാൻ=ഇതരന്മാരെ ഇനംതിരിച്ച്.

30 സചിവവരശാസനാലാശ്രുതൻസോദരാൻ
വയസ്സുമുറപോലിരുത്തിയതിവിസ്മയം
മിസറജനമിവരോടുകൂടിയുണ്ണായ്കയാൽ
മറുവരിയിലാക്കിനാൻ-പാഹിമാംപാലക.

31 അപരമെവ്വുസേപ്പുഭക്ഷ്യങ്ങളുത്ഥാപ്യഥ
സപദിതേഭ്യോദത്തവാനപിസാദരം
അവരജനുമററുഭാഗങ്ങളിലഞ്ചുപ-
ങ്കധികമപിനൽകിനാൻ-പാഹിമാംപാലക.

32 സുഖമൊടവരേവരും തേനസാർദ്ധംഭുജി
ച്ചകതളിർതെളിഞ്ഞിരുന്നീടിനാരദ്ദിനം
സകലജനതാപഹരചേഷ്ടിതമിതൊക്കെയും
വകപറകിലത്ഭുതം-പാഹിമാംപാലക.

33 മരിസുതമനോജ്ഞമാം നിൻെറക്കൂട്ടംപിരി-
ഞ്ഞരിയൊരടവീച്ചുഴന്നീടുമാട്ടിൽകിടാ-
വടിയനരിവായിലാമ്മുന്നമെനിൻകൃപാ
വടിയിലമരിച്ചഹൊ-പാഹിമാംപാലക.

---

30. സോദരാൻ=സോദരന്മാരെ, സചിവവരശാസനാൽ=മന്ത്രിമുഖ്യൻെറ കല്പനപ്രകാരം.

31. ഭക്ഷ്യങ്ങളുത്ഥാപ്യ=ഭക്ഷണസാധനങ്ങൾ എടുത്തു്, തേഭ്യോദത്തവാൻ=അവർക്കു കൊടുത്തു.

32. തേനസാർദ്ധം ഭുജിച്ചു്=അവനോടുകൂടെ ഭക്ഷിച്ചു്, സകലജന..................ചേഷ്ടിതം=സർവ്വജനങ്ങളുടെയും ദുഃഖത്തെ നശിപ്പിക്കുന്നവനായ ഈശ്വരൻെറ പ്രവൃത്തി.

33. അടവി=വനം, അരിവായിലാമ്മുന്നമെ = ശത്രുവിൻെറ വായിലാകുന്നതിനു മുൻപെ

# പത്താം വൃത്തം.

യൌസേപ്പും—തൻെറ സഹോദരന്മാരും.

1 നരവരാശ്രിതനിസറായേൽസുതൻ
പുരവിചാരകമരുളിനാൻ
കരുതിവർശാണപുടങ്ങൾധാന്യത്താൽ
പരിപൂരിച്ചാലും—ജയക്രുസ്തോ.

2 വിലധനങ്ങളുമതിലതിലാക്കി-
ട്ടിളയവൻ ചുമട്ടകമെ നീ
ഒളിച്ചുവയ്ക്കാമൽപാനപാത്രത്തെ
പുലരുംമുമ്പിലെ—ജയക്രുസ്തോ.

3 അതുപോലെതന്നെ കൃതവാനാദാസൻ
അതികാലേതന്നെവിസർജ്ജിച്ചാൻ
ബഹുദൂരംപോകുംമുമ്പാദിഷ്ടവാൻ
ഗൃഹപതിയോടു—ജയക്രുസ്തോ.

4 പിടിച്ചുപിൻതുടർന്നിവരെവേഗം നീ
വചിച്ചാലും കട്ടതുചിതമോ
കുടിപ്പതുസ്വാമിഗണിപ്പതുമിതാൽ
ഗ്രഹിച്ചീലെനിങ്ങൾ—ജയക്രുസ്തോ.

---

ഇരുപത്തിനാലുവൃത്തം നാലാംവൃത്തത്തിൽ ഉപയോഗിച്ചിരിക്കുന്ന സമാസമം ആണ് ഇതിലെവൃത്തം.

1. നരവരാശ്രിതൻ=രാജസേവകൻ, പുരവിചാരകം=ഗൃഹവിശാരിപ്പുകാരനോട്, ശാണപുടങ്ങൾ=ചാക്കുകൾ, പരിപൂരിച്ചാലും= നിറച്ചാലും.

3. കൃതവാൻ=ചെയ്തു, വിസർജിച്ചാൻ=അയച്ചു, ആദിഷ്ടവാൻ=കല്പിച്ചു.

5 ഉപകാരത്തിന്നപകരമോന്നിങ്ങ-
ളുപയോഗിച്ചിന്നീയപകാരം
അതുപോലെതന്നൊപ്പിടിക്കൂട്ടംനേരം
പ്രതിവാദിച്ചേവം—ജയക്രിസ്തോ.

6 ഇദമെന്തെപ്രഭുവരുളിച്ചെയ്യുന്നു
ഇതിവിധകർമ്മകരണങ്ങൾ
അതിദൂരംനിൾക്കുന്നഅടിയാരിൽ നിന്നി-
ട്ടതുമല്ലെചൊല്ലാം—ജയക്രിസ്തോ.

7 അറിയാതെകൊണ്ടുഗമിച്ചവിത്തങ്ങൾ
കുറയാതെ വീണ്ടാനയിച്ചില്ലേ
തിരിയാതൊ ഞങ്ങളിതുചെയ്തീടുമോ
നിരുപിച്ചുചൊൽക—ജയക്രിസ്തോ.

8 തവദാസന്മാരിലിതുകണ്ടെത്തീടു-
ന്നാവനിരിപ്പില്ലിതവനിയിൽ
ഭവിക്കട്ടെ അടിമക്കാരായിഞങ്ങളും
ഭവിച്ചീടാമിനി—ജയക്രിസ്തോ.

9 അവനീഭാണ്ഡങ്ങളിറക്കിയോരോന്നെ
അഴിച്ചുശോധനകഴിക്കുമ്പോൾ
അവരജൻശാണപുടത്തിലന്നോര
മതിനെകണ്ടെത്തി—ജയക്രിസ്തോ.

---

4. വചിച്ചാലും = പറഞ്ഞാലും.
7. വീണ്ടാനയച്ചില്ലേ = വീണ്ടും കൊണ്ടുവന്നില്ലേ.
9. അവരജൻ = അനുജൻ.

10 പുനരേതേസ്വസ്വവസനങ്ങൾ കീറി-
ട്ടന്നുജനോട്ടം കൂടൊരുമിച്ചു
അന്നയാനം ചെയ്തുപുരമെത്തിബഹു
മനതാപത്തൊടും—ജയകൃസ്റ്റോ.

11 അധിപസന്നിധൌപതിതാന്നുക്തവാൻ
ഇതുനിങ്ങൾചെയ്തതുചിതമോ
പുരുഷനേഷഞാൻ അറികയില്ലനൊ
നിരുപിച്ചുനിങ്ങൾ—ജയകൃസ്റ്റോ.

12 വദിച്ചുയീഹൂദാതനിച്ചുനാഥനെ
വദിപ്പാനില്ലെന്നാവടിയാർക്ക
പ്രതികാരംദോഷമഖിലങ്ങൾക്കീശ
ഹിതമത്രെയിന്നു—ജയകൃസ്റ്റോ.

13 ഭവതോദാസന്മാർവയമെല്ലാവരു
മവദൽ യൌസേപ്പീദൃശകർമ്മം
ഭവിക്കനില്ലെന്നിൽ പ്രതിരോധിമാത്രം
ഭവതു ദാസനായി—ജയകൃസ്റ്റോ.

14 അടുത്തുപിന്നെയും വചിച്ചുപേറോവി
ന്നടുത്തമാത്യതത്സമനെ കേൾ

10. ഏതേ=ഇവർ, സ്വസ്വവസനങ്ങൾ=സ്വന്തംസ്വന്തം വ
സ്ത്രങ്ങൾ, അന്നയാനം=അണയാത്ര.

11. അധിപസന്നിധൌ=അധിപൻെറ സന്നിധിയിൽ, പതി
താൻ=പതിക്കപ്പെട്ടവരോട്, ഏഷഞാൻ=ഈഞാൻ.

13. ഭവതോദാസന്മാർവയം=ഞങ്ങൾ ഭവാൻെറ ദാസന്മാർ
ആകുന്നു, അവദത്=പറഞ്ഞു, ഈദൃശം=ഇപ്രകാരമുള്ള, പ്രതിരോ
ധിമാത്രം=കുററക്കാരൻ മാത്രം, ഭവതു=ഭവിക്കട്ടെ.

അടിയാരിൽകോപം ജ്വലിച്ചീടായ്കിലൊ
വിടകൊള്ളാമിന്നു—ജയകൃസ്തോ.

15 കനിഷ്ഠനോഭ്രാതാവാസ്തീതിമുന്നാ
മരുളപ്പാടുണ്ടായ്തുനേരം
ജനകാവസ്ഥയുമനുജാവസ്ഥയു-
മറിയിച്ചേനെല്ലോ—ജയകൃസ്തോ.

16 കനിഷ്ഠാമ്മയും ചത്തവൾപെററുള്ളൊരു
വിശിഷ്ടനേകൻവേർവിട്ടാറെ
അരിഷ്ടയിൽപെററകനിഷ്ഠേതാതന്നു
സൗഷ്ഠവമിഷ്ടം—ജയകൃസ്തോ.

17 അരികിൽകാണാഞ്ഞാലവനെതാതന്നു
പെരികെതാപമുണ്ടാകുന്നു
മരണകാലത്തുവിരസനെങ്കിലൊ
പരിതാപമത്രെ—ജയകൃസ്തോ.

18 ഭവതോവാക്യത്തെജനകനൊടുപോയി
തവദാസന്മാർചൊന്നതുനേരം
ഭവിച്ചദുഃഖത്തെ വചിപ്പാനാളല്ലെ
ശ്രവിച്ചാലും സ്വാമി—ജയകൃസ്തോ.

19 പ്രിയനെപോലുംകൈവിട്ടുമല്ലൊ കഷ്ടം
പൊറുതിമുട്ടുമ്പൊളതുമല്ലെ
പ്രതിഭൂഞാനായ്ഭവിക്കകൊണ്ടത്രെ
അയച്ചതുംതാതൻ—ജയകൃസ്തോ.

---

15. ഭ്രാതാവസ്തീതിമുന്നം = സഹോദരൻ ഉണ്ട് എന്നു മുമ്പു്.
16. കനിഷ്ഠാമ്മ = ഇളയമ്മ.
19. പ്രതിഭൂ = മദ്ധ്യസ്ഥൻ (ജാമ്യക്കാരൻ.)

20 വിടകൊണ്ടീടുന്നോൻ അതുകൊണ്ടിന്നുഞാൻ
അടിമയായിടാം മടിയാതെ
വിടണമേയിവനെപൊന്നുടയതെ
തടയാതെകണ്ടു—ജയക്രൂസ്തോ.

21 ഇതുപോലെയുള്ള വചനങ്ങൾകേട്ട
മതിമാനുള്ളംകനിഞ്ഞുപോയ്
ഇതരന്മാരെത്താൻപിറത്താക്കിനിന്നു
സദയമോതിനാൻ—ജയക്രൂസ്തോ.

22 അഹമത്രെയവുസേപ്പാസ്തേകിം പിതാ
സഹജർകേട്ടു വിഷണ്ഡരായ്
സഹിയാഞ്ഞുൾഭ്രമം പറവാനുത്തരം
വഹിയാതെനിന്നു—ജയക്രൂസ്തോ.

23 അട്ടുത്തുപോരുവിൻഭയത്തീമനസാൽ
കെട്ടത്തിസംഭ്രമംത്യജിച്ചാലും
തട്ടത്തീടാനാപത്തയച്ചുമാമിന്നീ
യിടത്തിന്നീശ്വരൻ—ജയക്രൂസ്തോ.

24 അനുചിതംനിങ്ങളനുവർത്തിച്ചേവം
നിനയാതെദോഷം കരുതാതെ
ഇനിയുമഞ്ചാണ്ടേക്കധികദുർഭിക്ഷം
അനശനമുണ്ടാം—ജയക്രൂസ്തോ.

25 കൃതവാനീശ്വരൻപേറോതാതംമാ
മഥതൽഗേഹന്യപ്രഭുമേവം
അധിപംനിശ്ശേഷദേശസ്യോതോപോ
യ്വദതമത്താതം—ജയക്രൂസ്തോ.

---

24 അനശനം = ഭക്ഷണമില്ലായ്മ (ക്ഷാമം)

26 കണ്ടാലും മാമകൈശ്വര്യംതതം
കണ്ടപോൽചെന്നറിയിക്ക
ഇണ്ടൽതീൎന്നിങ്ങ പോന്നീടുവാനും
വേണ്ടി കൊള്ളുവിൻ—ജയക്രൂസ്തോ

27 തദനുപേരോവീവാൎത്തകൾ കേട്ടു
മുദിതവാനഷ്ടമേകിനാൻ
പിതരമാനേതും ശകടങ്ങളെയും
മതിമാനു നൾകി—ജയക്രൂസ്തോ.

28 വസ്ത്രാദിനൾകി സഹജാന്ന്യൌവുസേപ്പു
പിതൃഭക്ഷ്യാൎത്ഥങ്ങൾ വിവിധങ്ങൾ
പത്താണും പത്തുപെൺ കഴുതപ്പു-
റത്തയച്ചങ്ങു—ജയക്രൂസ്തോ.

29 പഥിവിവദരുതിതിയുരചെയ്തു
സദയമഗ്രജനയച്ചുടൻ
പിതുർഗേഹംപ്രാപിച്ചിസ്രയേൽ സുതർ
കഥിച്ചാരീവണ്ണം—ജയക്രൂസ്തോ.

39 ഹേതാതാദ്യാപി ജീവന്നാസ്തേനിന്റെ
പ്രീതനിമിസ്രേന്റെ ദേശത്തിൽ
അധിപതിയൌസേപ്പതിശയമിദം
ശ്രുതവാനിസ്രായേൽ—ജയക്രൂസ്തോ.

---

25. തൽഗേഹസ്യ = അവന്റെ ഗൃഹത്തിന്, നിശ്ശേഷദേശസ്യ=സർവ്വദേശത്തിനും, വദതമത്താതം = എന്റെ അപ്പനോട്ട് പറഞ്ഞാലും.

27. പിതരമാനേതും = പിതാവിനെ കൊണ്ടുവരുന്നതിന്.

28. പിതൃഭക്ഷ്യാൎത്ഥങ്ങൾ = പിതാവിനുള്ള ഭക്ഷണവിഭവങ്ങൾ.

31 മോഹിച്ചുവീണു ബോധിക്കാതേതും
ശോഭിക്കുംനേരം തനയരും
യൌസേപ്പിൻ വാക്യമഖിലവും ചൊല്ലി
ബോധിപ്പിച്ചുടൻ—ജയക്രൂസ്തോ.

31 ശകടങ്ങൾകണ്ടും വചനങ്ങൾകേട്ടും
വികസച്ചിത്തനായുരച്ചേവം
മരിക്കും മുമ്പെ ദപോയ്ക്കാണണം ജീവി
ച്ചിരിക്കുന്നാത്മജം—ജയക്രൂസ്തോ.

33 ഒരുവനിൽ ദ്വേഷമൊരുനാളുമിതിനാ-
ലരുതെന്നുള്ളിലുറയ്ക്കണം
പരമകല്പിതമൊരുവഴിയല്ലെ-
ന്നറികമാനസേ—ജയക്രൂസ്തോ.

34 ജയിക്കദൈവത്തിൻ തനയനെഞങ്ങൾ
ക്കയക്കനീയാശ്വാസപ്രദം
മയക്കം പാപത്താൽ പിടിച്ചലോകക്കി
ങ്ങയക്കണം ബോധം—ജയക്രൂസ്തോ.

---

29. പഥി................ഉരചെയ്തു=വഴിക്ക് നിങ്ങൾ ശണ്ഠകൂടരുത് എന്ന് പറഞ്ഞു.

30. ഹേതാത.........യൗസേപ്പ്=അല്ലയോ പിതാവേ നിൻെറ പ്രിയപുത്രനായ യൗസേപ്പ് മിസ്രയീം ദേശത്തിനധിപതിയായി ഇപ്പോഴും ജീവിച്ചിരിക്കുന്നു.

32. വികസച്ചിത്തൻ = മനസ്സ് വികസിച്ചവൻ (സന്തുഷ്ടൻ) ആത്മജം=പുത്രനെ.

34. ആശ്വാസപ്രദം=ആശ്വാസപ്രദനെ.

# പതിനൊന്നാം വൃത്തം

**ഇസ്രായേലിൻെറ പുത്രന്മാരെ അനുഗ്രഹിക്കുന്നതു.**

1 വിനയധനികരിൽ മകുടമണിനിജ-
തനയനയച്ചൊരുരഥമേറി
ജനകൻ തനയരും തനയതനുജരും
മനസ്സോടൊരുമിച്ചു—യഹോവയെ.

2 തിരിച്ചുബിയർഷീബാംഗമിച്ചു ബലിപൂജാ
കഴിച്ചുപരമാത്മാവചികയാൽ
ഉറച്ചുമതിഖേദം ത്യജിച്ചിട്ടെജിപ്തിന്നു
തിരിച്ചാരവിടേന്നു—യഹോവയെ.

3 മിസരിദിശിഘോഷൻ പുരിചേന്നളവുതം
വിശദംകാണ്മതിനണയുന്ന
തനയവനെക്കണ്ടുധിവസം മുദിതനായി
സപ്നസുഖം മരുവിനാൻ—യഹോവയെ.

---

ഇരുപത്തിനാലുവൃത്തം പതിമൂന്നാം വൃത്തത്തിൽ ഉപയോഗിച്ചിരിക്കുന്ന പല്ലവിനിയാണ് ഇതിലെ വൃത്തം.

1. വിനയധനികരിൽ = വിനയം ധനം ആയുള്ളവരിൽ, മകുടമണി=ശിരോലങ്കാരം, തനയതനയർ=മക്കളുടെ മക്കൾ.

2. ബിയർഷീബാം ഗമിച്ചു=ബേർ—ശേബയിൽ എത്തി.

3. മിസരിദിശി=മിസ്രയീം ദേശത്തിൽ.

4 പിടിച്ചുതഴുകിക്കൊണ്ടൊഴിച്ചു നയനാശ്രു
തൂടച്ചുപരിഷ്വംഗാൽ നയനാംബു
പട്ടത്വംനിറഞ്ഞൊരു യവ്വസേപ്പധികമായ്
തട്ടപ്പിച്ചതിമോദം—യഹോവയെ.

5 മരിക്കാമിനിസുഖമിനിക്കു തനയാനീ
മരിക്കാതിഹ ജീവിച്ചിരിക്കുന്നാൾ
ഉരയ്ക്കും പൊഴുതിതിവചിച്ചു തനയനും
ചുരുക്കിയഭിലാഷം—യഹോവയെ.

6 വിരവോടറിയിച്ചു സഹജർചിലരെയും
പറവൊൻസവിധേചേൎത്തുരുമോദാൽ
പരനാം ജനകനും നൃപനുംവരദാനം
പരിചൊട്ടുടനേകി—യഹോവയെ.

7 തദനു നൃപതിയുമ്മിസരേന്ദിശിതന്നിൽ
റമസേസിതിനാമം പുകഴുന്നാ
പുരിയിലധിവാസമരുളിയിസറായേൽ
കുലജനങ്ങൾക്കു—യഹോവയെ.

8 സുഖമാഢ്യേലാഷേനിൽവസിച്ചു ജനകനും
നിഖിലതനയരും മരുവുന്നാൾ
സ്വകുലംപെരുകിനാൻ പരമകരുണയാൽ
അകമേകുതുകവും—യഹോവയെ.

---

4. നയനാശ്രു=കണ്ണുനീർ, പരിഷ്വംഗാൽ=ആലിംഗനത്താൽ, നയനാംബു=കണ്ണുനീർ.

7. മിസ്രേംദിശിതന്നിൽ=മിസ്രയീം ദിക്കിൽ.

9 മരണസമയമിങ്ങടുത്തെന്നകതാരിൽ
കരുതിയൗസേപ്പാം തനയനെ
അരികെ വിളിച്ചിദം പറഞ്ഞുമമസുത
സരസംശ്രവിക്കനീ—യഹോവയെ.

10 നിനക്കുകൃപയെന്നിലുദിക്കിൽ മമജഡം
അടക്ക താത കല്ലറയതിൽ
കഴിക്കുമിദമിതികഥിക്കശപഥം നീ
ശയിക്കുമവിടെ ഞാൻ—യഹോവയെ.

11 പ്രതിജ്ഞകഴിച്ചേവം ഗമിച്ചുയവുസേപ്പും
ശയിച്ചനുപതാപാൽ നിജതാതൻ
മുഴുത്തോരതിരോഗമറിഞ്ഞു കാണ്മാനായ്
തിരിച്ചുയവുസേപ്പു—യഹോവയെ.

12 മനെസാപ്രെയിമാഖ്യൗ യവുസേപ്പിൻസുതൗ
തനയാനുഭവങ്ങൾക്കൊരുപോലെ
അനുഭോഗികളാക്കി വരദാനവുമേകി
മനസ്സോടിസ്രായേൽ—യഹോവയെ.

13 പുനരാശീർവ്വചനമരുളി സുതരോടു
ശൃണുത വചനങ്ങളഖിലവും
ഇനിമേൽ നിറവേറും നിയതിനിഖിലവും
നിനവിലുണരുവാൻ—യഹോവയെ.

---

10. കഴിക്കും..............നീ = ഇപ്രകാരം ചെയ്യും എന്നു് നീ ശപഥം ചെയ്ക.

12. മനസാപ്രെയിമാഖ്യൗ = മനശാ, എഫ്റായീം എന്നു് പേരുള്ള ഇരുവർ, സുതൗ = രണ്ടുപുത്രന്മാർ, അനുഭോഗികൾ = അനുഭവക്കാർ.

13. ശൃണുത = കേട്ടാലും, നിയതി = വിധി.

14 പ്രഥമമബലമെൻറതനയാഗ്രജരൂബൻ
അതിചതുരനപിലനദിതുല്ല്യം
പ്രഥിതിസ്ഥിരമല്ലാ ജനകശയനീയം
ഗതനായതുകൊണ്ടു—യഹോവയെ.

15 സിമയോനപിലേവി സഹജരിരുവരും
അതിക്രൂരതശസ്ത്രായുധങ്ങൾമേ
മനമേയണയാതെയിവരോടൊരുപോതും
ജന യോജനയിലും—യഹോവയെ.

16 വധിച്ചാരവരേകനരനെയരിശത്തിൽ
ഇടിച്ചാരൊരുകോട്ട സ്വമതിയായി
അതിധികൃതിയോജ്ജ്വലിക്കുമരിശവും
പെരുത്തോരമർഷവും—യഹോവയെ.

17 ചിതറുമവരെ യാക്കോബിൽ പരിചോടെ
വികിരിക്കുമിസ്രയേലിൽ ഞാൻ
സഹജർ പുകഴ്ത്തും യഹൂദയെതവകൈക
ളിരിക്കുമരിഗളേ—യഹോവയെ.

18 പിതൃസ്സന്തതികൾ നിന്നടികുമ്പിടുമെല്ലോ
ഹരിശാബകതുല്ല്യൻ യഹൂദാതനം

---

14. [14-ാം പദ്യംമുതൽ 30-ാം പദ്യംവരെ യാക്കോബു് മക്കളെ പന്ത്രണ്ടുപേരെയും അനുഗ്രഹിക്കുന്നതു്; ഉല്പത്തി 49; 3—27] തനയാഗ്രജൻ=ജ്യേഷ്ഠപുത്രൻ, ജനകശയനീയം=പിതാവിൻെറ കിടക്ക, പ്രഥിതിസ്ഥിരമല്ല=കീൎത്തി അസ്ഥിരമാണു്.

15. സഹജരിരുവരും = ഇരുവരും സഹോദരന്മാരാണു്, ഒരുപോതും=ഒരവസരത്തിലും, യോജന=യോഗം.

16. അമർഷം=കോപം.

17. സഹജർ=സഹോദരർ, അരിഗളേ=ശത്രുവിൻെറ കണ്ഠത്തിൽ.

ഇരയെപിരിഞ്ഞെന്റെ പ്രിയനാം മകനെ നീ
പരിചിൽകരയേറി—യഹോവയെ

19 പതിഞ്ഞുഹരിപോലെയുറങ്ങുന്നവനെയാ
രുണർത്തും ശിലോഹതൻ വരവോളം
ഇരിക്കുമിവനുടെ കുലത്തിൽ നൃപദണ്ഡം
ജനത്തിന്റൊരുമിപ്പും—യഹോവയെ.

20 കഴുതകെട്ടിദ്രാക്ഷാപ്രതതിർലതാതന്മേൽ
കഴുതകുട്ടിസ്വഗോസ്തനിയേലും
കഴുകിദ്രാക്ഷാരസേനുടുപ്പുമാടരക്ത-
രസത്തിൽ തന്നെയവൻ—യഹോവയെ.

21 ചുവന്നും നയനങ്ങളവനു സുരപാനാൽ
വെളുത്തുംരദനങ്ങൾ പശുപാലാൽ
വസിക്കുംതുറമുഖേ സിബുലോനവനുടെ
അതിരായിടും സീദോൻ—യഹോവയെ.

22 ഇരുഭാഗങ്ങളുടെ നടുവെ ഇടയുന്ന
പടുഗർദ്ദഭതുല്യൻ ഇസഹാക്കർ
സുഖമാംസ്ഥിതികണ്ടു ചുമലിൻചുമടേററു
കരദാസനുമായി—യഹോവയെ.

18. പിതൃസ്സന്തതികൾ=പിതാവിന്റെ സന്താനങ്ങൾ, ഹരിശാ
ബകതുല്യൻ=ബാലസിംഹതുല്യൻ.

19. ശിലോഹ=അവകാശമുള്ളവൻ.

20. ദ്രാക്ഷാപ്രതതിർലതാ = മുന്തിരിവള്ളി, ദ്രാക്ഷാരസേന =
മുന്തിരിച്ചാറിനാൽ.

21. നയനങ്ങൾ = കണ്ണുകൾ, സുരപാനാൽ = വീഞ്ഞുപാനം
ചെയ്കതിനാൽ, രദനങ്ങൾ=പല്ലുകൾ, പശുപാലാൽ = പശുവിന്റെ
പാലുകൊണ്ട്.

23 ഭരിക്കുമിസഹാക്കർ കുലത്തിലൊരുത്തൻപോൽ
ഹയത്തിൻകുതികാലേൽ പഥമദ്ധ്യേ
കടിച്ചുചതിക്കുന്നോരണലി സദൃശൻദാൻ
കൊതിച്ചേൻ തവരക്ഷ—യഹോവയെ.

24 ജയിച്ചിട്ടുംഗാദെന്നവനെയൊരുസൈന്യം
ജയിക്കുമവൻതന്നെ അവസാനേ
നൃപഭോജനദാതാവാസേർക്കുന്നുഭവം
സുരസോത്തമഖാദ്യം—യഹോവയെ.

25 അഴിച്ചുവിടപ്പെട്ട മാനോട്ടുപമാനൻ
വചനസുഭഗൻതാൻ നപ്താലി
ഉപകൂപം ചുമരേൽപടരും ഫലയുക്ത
ലതപോൽ യവുസേപ്പും—യഹോവയെ.

26 ശരധാരികളെയ്ത ശരമാരിയിൽ വീണു
പരിവേദനപ്പെട്ടാകിലുമേററം
പരമകൃപകൊണ്ടു ബലമായ് നിജചാപം
കരവും ബലവത്തായി—യഹോവയെ.

---

22 ഗർദ്ദഭം=കഴുത, ഇസഹാക്കർ=യിസ്സഖാർ, കരദാസൻ=ഊഴിയപ്രവൃത്തി ചെയ്യുന്നവൻ.

23. ഹയം= കുതിര, പഥമദ്ധ്യേ = മാർഗ്ഗമദ്ധ്യേ, അണലീസദൃശൻ=സർപ്പതുല്യൻ.

24. നൃപഭോജനദാതാവ് = രാജകീയമായ ഭക്ഷണം നൽകുന്നവൻ, ഖാദ്യം=ഭക്ഷണം.

25. മാനോട്ടുപമാനൻ=മാനിനുതുല്യൻ, വചനസുഭഗൻ=സുന്ദരവാക്കു പറയുന്നവൻ, ഉപകൂപ.....................യവുസേപ്പു = കിണററിനു സമീപം ഭിത്തിയിൽ പടരുന്ന ഫലപൂർണ്ണമായ ലതപോലെയാണ് യൗസേപ്പ്.

26. ശരധാരികൾ=വില്ലാളികൾ, ശരമാരി=അസ്ത്രവർഷം.

27 സകലബലമുള്ളോരിടയൻ യാക്കോബിന്റെ
കുലജാതകമൂലക്കല്ലായോൻ
തപതാതുടയോൻ സർവ്വഗനീശ്വരനേററം
കൃപചെയ്തതുമൂലം—യഹോവയെ.

28 വിയത്തിൽ കുശലങ്ങളുയരങ്ങളിൽ നിന്നും
സമുദ്രഗുണമാഴം തന്നാലും
ഇഹത്തിൽ കുചഗർഭശുഭജാതികളെന്നും
സമസ്തംതവചേരും—യഹോവയെ.

29 പ്രബലം വരമെന്റെ ജനകവരദാനാൽ
സതതാചലയന്തംവരെയേറി
സഹജൈജരപസാരിയവുസേപ്പിൻ ശിരസി
നിവസിച്ചിടുന്നു—യഹോവയെ.

30 വൃകസദൃശനാകും ബനിയാം പുലർകാലെ
ഇരയെപ്പിടികൂടിയദിച്ചീടും
സുഖമായി ദിവസാന്തേപകുതിചെയ്തീടും
വരമീദൃശമേകി—യഹോവയെ.

31 കഴിച്ചുവരദാനം സുതർക്കുസുഖമോടെ
ത്യജിച്ചു നിജദേഹമിസറായേൽ

---

28. വിയത്തിൽ = ആകാശത്തിൽ, കുചഗർഭശുഭജാതികൾ = മുലയുടെയും ഗർഭത്തിന്റെയും അനുഗ്രഹങ്ങൾ.

29. ജനകവരദാനാൽ = ജനകന്മാരുടെ അനുഗ്രഹങ്ങളെ, സതതാചലാന്തംവരെ = ശാശ്വതഗിരികളുടെ അറുതിവരെ, സഹജെ.....................ശിരസി = സഹോദരന്മാരിൽ പ്രഭുവായ യൗസേപ്പിന്റെ തലയിൽ.

30. വൃകസദൃശൻ = ചെന്നായ്ക്കു തുല്യൻ, അദിച്ചിടും = ഭക്ഷിക്കും, ദിവസാന്തേ = വൈകുന്നേരം,

അട്ടത്തുതനയരും ബഹുതപഞ്ജനമൊത്തു
മുഴത്തുമുറവിളി—യഹോവയെ.

32 സുഗന്ധവകചേർത്തുടലോടപിസർവ്വ
ദിഗന്തജനങ്ങളും തപിച്ചേററം
നിബന്ധദിനങ്ങളും കഴിഞ്ഞെഴുപതും
സമന്തെപുറപ്പെട്ടാർ—യഹോവയെ.

33 നൃപസമ്മതിവാങ്ങി മൃതസംസ്ക്രിയ ചെയ്വാൻ
വ്രതമായ് നടകൊണ്ടാർ തനയന്മാർ
തുരഗരഥമേറി തുടരും ബഹുലോക-
പരിചാരകരോടും—യഹോവയെ.

34 അട്ടത്തുനദിയോർദ്ദാൻ കളത്തിലാദടിൻെറ
ഇളച്ചുപരിതപിച്ചൊരു വാരം
സ്ഥലത്തുവസിപ്പോരും ഭ്രമിച്ചുകനത്തൊരു
മനസ്താപമിതെന്നാർ—യഹോവയെ.

35 അബ്രാമുടൻ സാറായിസഹാക്രെബുക്കയും
സുഖമൊടുറങ്ങും മാക്പിലയെന്ന
ഗുഹക്കുള്ളടക്കിത്തതപിതരം യവുസേപ്പും
തിരിച്ചുജനത്തോടും—യഹോവയെ.

36 ജനകമരണംകൊണ്ടഹിതമകതാരിൽ
അനുശംകിതരായ സഹജരിൽ

---

32. സർവ്വദിഗന്തജനങ്ങളും = എല്ലാദിക്കിലുമുള്ള ആളുകളും.
33. മൃതസംസ്ക്രിയ = മൃതദേഹസംസ്കാര കർമ്മം, തുരഗം = കുതിര.
35. പിതരം = പിതാവിനെ.

കനിവൊടനുദിനം പരിപാലനചെയ്യാൻ
ധനികൻ യൌസേപ്പും—യഹോവയെ.

37 സുതസോദരവംശാത്മജരോടൊരുമിച്ചു
സസുഖം പരശതം ദശകാലം
വസനന്നവസാനമണയുന്നതുകണ്ടു
വചനമിദമേകി—യഹോവയെ.

38 മരിക്കുന്നിഹഞാനൊതെരിക്കെന്നമലാത്മാ
വലിക്കും പുനഃകനാൻദിശിക്കന്നു
നയിക്കുമിവിടെനിന്നാവരെന്നുടെയസ്ഥി
അടക്കുന്നതിന്നത്ര—യഹോവയെ.

39 ഗദിതമതുപോലെ മൃതനായതുനേരം
സുതജാതികളൊത്താഗതരായി
വിധിപോലെ ഗദംചേത്തൊരുപെട്ടകെവച്ചു
ചിതപാലനചെയ്യാർ—യഹോവയെ.

40 കരുണാകരതവശരാണാഗതനര
ഭവസങ്കടമപഹരപര
വരദായക നീ മൽജനനഫലപൂർത്തി
യരുളീട്ടമലാത്മൻ—യഹോവയെ.

---

36. അഹിതം=ദ്വേഷം, അനുശംകിതർ=ശങ്കിക്കപ്പെട്ടവർ.

37. പരശതം ദശകാലം=നൂററിപ്പത്തു് സംവത്സരം.

39. ഗദിതമതുപോലെ = പറയപ്പെട്ടതുപോലെ, സുതജാതികളൊത്താഗതരായി = മക്കൾ എല്ലാവരും ഒരുമിച്ചു് വന്നുചേൎന്നു, അഗദം=സുഗന്ധദ്രവ്യങ്ങൾ.

40. കരുണാകര..........അമലാത്മൻ=അല്ലയോ കരുണാനിധേ അങ്ങയെ ശരണം പ്രാപിക്കുന്ന നരന്മാരുള്ള സങ്കടങ്ങൾ നശിപ്പിക്കണമെ. അമലാത്മാവും വരം ദാനം ചെയ്യുന്നവനുമായ നീ എനിക്കു് ജന്മഫലപൂർത്തി നൽകണമേ.

# പന്ത്രണ്ടാം വൃത്തം

1 ഇസ്രായേത്തരുവിത്തബ്രഹാമപി
ഇസഹാക്കങ്കുരമുപമയ്ക്കധുനാ
യാക്കോതായ്ത്തടി പന്തിരുമക്കൾ
ശാഖീശാഖകൾ–മശിഹാശരണം.

2 ഫലവരവെപ്രവചിപ്പാൻവന്ന
വല്ലവമൂശാദിപ്രവരന്മാർ
വൃന്തം ദാവിത്തു പൂമകരം മറിയം
ചന്തമെഴുംകാ–മശിഹാശരണം.

3 പേക്കനിതിന്നു മരിച്ചുനരന്മാ
രീക്കനിതിന്നൊ ജീവിച്ചീടു
രസഫലമാകിലുമതിനെത്തിന്നൊ
രുചിയറിയാവതു–മശിഹാശരണം.

4 നാറിപ്പോകട്ടെന്നുനരാരി
കീറിമുറിപ്പിച്ചാക്കനിയതിനാൽ
വീര്യംനിജ ഭജിതർക്കുകൊടുത്തു
ജീവനനന്തം–മശിഹാശരണം.

---

ഇരുപത്തിനാലുവൃത്തത്തിൽ പതിന്നാലാംവൃത്തത്തിൽ ഉപയോഗിച്ചിരിക്കുന്ന തരംഗിണിയാണ് ഇതിലെ വൃത്തം.

1. ഇസ്രായേൽതരു = ഇസ്രായേൽവൃക്ഷം. വിത്തബ്രഹാം = അബ്രഹാം ആണ് അതിൻെറ വിത്ത്. അങ്കുരം = മുള.

[യാക്കോബ് തായ്ത്തടിയും പന്ത്രണ്ട് മക്കൾ ശാഖകളുമാണ്.]

2. വൃന്തം = ഞെട്ടുപ്പ്.

4. നരാരി = മനുഷ്യശത്രു. ഭജിതർ = ഭക്തന്മാർ.

5 ഇത്തരമൊരുനൽത്തേങ്കനിതിന്നൊരു
നൽത്തരുമിസറേൻപത്തനമുയരെ
എത്തിവളർന്നു കിളത്തിട്ടരചനു-
മത്തൽപിടിച്ചു-മശിഹാശരണം.

6 പടവരുമെപ്പൊഴുതാകിലുമപ്പോൾ
ഇടയന്മാരിവർ വൈരിസമേതം
അടർ ചെയ്തോടിപ്പോവതിനുള്ളോ-
രിടവരുമല്ലോ-മശിഹാശരണം.

7 പെരുകിപ്പോകാതിടയന്മാരെ
നരകിപ്പിച്ചാൽനിലവരുമിത്ഥം
നിരുവിച്ചോരൊ വിട്ടപണിചെയ്‌വാൻ
ഭരമേൽപിച്ചു-മശിഹാശരണം.

8 ഭണ്ഡാരപ്പുര പണിചെയ്‌വതിനാ-
യെണ്ണമതില്ലാതുള്ള ജനത്തെ
ദണ്ഡായുധികൾ പിറകെനടന്നു
ദണ്ഡടിചെയ്താർ-മശിഹാശരണം.

9 ഇഷ്ടികൾ ചുട്ടുണ്ടാക്കാനും പല
മുഷ്ടികളാലടിപെട്ടീടാനും
വെട്ടുക പൂട്ടുക ഭാരം കഷ്ടത
ഒട്ടല്ലധികം-മശിഹാശരണം.

10 പീഡകൾ വർദ്ധിക്കുന്തോറും നര-
പീഡിതർ വർദ്ധിച്ചീടുകമൂലം

6. വൈരി=ശത്രു, അടർ=യുദ്ധം.

8. ദണ്ഡായുധികൾ=ശിക്ഷിക്കുന്നതിനുള്ള ആയുധം ധരിച്ചവർ. ദണ്ഡടിചെയ്താർ=വടികൊണ്ടു് അടിച്ചു.

വാടിയ മുഖമോടധികം കെട്ടവഴി
തേടി നടന്നാർ-മശിഹാശരണം.

11 പെററുവീഴുമ്പൊഴുതാൺകുട്ടികളെ
പെററവരറിയാതെ കൊലചെയ്‌വാൻ
ധാത്രികളോടുനിയോഗിച്ചാനതി
ധൂർത്തൻപറവോ-മശിഹാശരണം.

12 നദിയതിൽനിക്ഷേപിക്കയൊഴിഞ്ഞു
മതിവന്നീടാപുമപത്യാനി
ഹിതമൊടുപരിപാലിക്കാംകന്യകൾ
സൂതികളെങ്കിൽ-മശിഹാശരണം.

13 നാൾതോറുംബഹുബാലകരിങ്ങനെ
സലിലചരങ്ങൾക്കിരയാം കാലം
ലേവിസുതോത്ഭവനമ്രാമിന്നൊരു
സുതനുണ്ടായിതു-മശിഹാശരണം.

14 കോമളരൂപംകണ്ടുപ്രസൂതാ
ഭാമിനിമാസത്രയപര്യന്തം
ഗൂഢംപരിപാലിച്ചൊരുശേഷം
പേടിമുഴുത്തു-മശിഹാശരണം.

---

11. ധാത്രി=വളർത്തമ്മ.

12. പുമപത്യാനി=പുരുഷസന്താനങ്ങൾ.

13. സലിലചരങ്ങൾ=ജലജീവികൾ.
ലേവിസുതോത്ഭവൻ=ലേവിയുടെ വംശത്തിൽ ജനിച്ചവൻ.

14. പ്രസൂതാഭാമിനി = പ്രസവിച്ചവളായ സ്ത്രീ. മാസത്രയ
പര്യന്തം=മൂന്നുമാസംവരെ. ഗൂഢം=രഹസ്യമായി.

15 നളനിർമ്മിതമാം പെട്ടിയിൽ
നളവളർനദിയിൽ മാതാവച്ചു
നളിനമുഖിരാജാത്മജമന്നാൾ
ആളികളോട്ടും-മശിഹാശരണം.

16 ആളികളോടിടകൂടി വിനോദി-
ച്ചാടൽവെടിഞ്ഞുകുളിച്ചദശായാം
പേടകദർശനമുണ്ടായ്ക്കോമള
നാഡിംഭനെയും-മശിഹാശരണം.

17 കാലംകളയാതോടിച്ചെന്നു
ബാലകഭഗനീ ചൊല്ലി നിനക്കായ്
പാലുകൊടുപ്പാനാളുവിളിപ്പേൻ
ബാലികമൗലേ-മശിഹാശരണം.

18 കാതിലനുജ്ഞമുദാകേട്ടുടനെ
മോദസമുദ്രേമുങ്ങിപ്പൊങ്ങി
കാതരമിഴിമാതിൻമൊഴിവേഗം
മാതരമാനയൽ-മശിഹാശരണം.

---

15. നളനിർമ്മിതമാം = ഞാങ്ങണകൊണ്ടു നിർമ്മിച്ച, നളവളർനദിയിൽ = ഞാങ്ങണ വളർന്നു നിൽക്കുന്ന നദിയിൽ, നളിനമുഖി = താമരക്കണ്ണി (സുന്ദരി), രാജാത്മജ = രാജകുമാരി, ആളികൾ = തോഴിമാർ.

16. ദശായാം = അവസരത്തിൽ, പേടകദർശനമുണ്ടായി = പെട്ടി സന്ദർശിച്ചു, ഡിംഭൻ = ശിശു.

17. ഭഗിനി = സഹോദരി.

18. അനുജ്ഞ = അനുവാദം, മോദസമുദ്രേ = സന്തോഷസമുദ്രത്തിൽ, കാതരമിഴിമാതു് = സുന്ദരിയായ സ്ത്രീ; മാതരമാനയത് = മാതാവിനെ കൊണ്ടുവന്നു.

19 രാജകുമാരിതാമവദത്വം
വ്യാജമൊഴിഞ്ഞുമദർത്ഥമിമംപോൽ
പായയദാസ്യാമിതവവേതനം
ആയതമിഴിതേ–മശിഹാശരണം.

20 അത്ഭുതമത്ഭുമന്നിസറായേൽ
അല്പായുർബ്ബാലകരുടെയിടയിൽ
ഇപ്പോളൊരുപുരുഷോത്ഭവവും പുനർ
തല്ലാലനവും–മശിഹാശരണം.

21 ശിശുതകഴിഞ്ഞാമ്പോവനെധാത്രി
വസുമതിപതികന്യക്കു കൊടുത്താൾ
സലിലാഹൃതകാരണമായിനാമം
മൂശേത്യേവം–മശിഹാശരണം.

22 അഹിതജനാനാം പ്രവരെസ്സാകം
സഹിതംരാജസമീപെവളൎന്നു
സഹജാരികൾ സഹസാചെയ്യുന്നതു
സഹിയാതായും–മശിഹാശരണം

---

19. താമവദത് = അവളോടുപറഞ്ഞു, ത്വം = നീ, മദർത്ഥം = എന്റെ പേർക്ക്, ഇമം = ഇതിനെ, പായയ = കുടിപ്പിച്ചാലും, ദാസ്യാമി = ദാനം ചെയ്യുന്നുണ്ട്, തവവേതനം = നിന്റെ പ്രതിഫലം, ആയതമിഴി = ദീർഘലോചന. (സുന്ദരി)

20. അല്പായുർബ്ബാലകർ = അല്പംമാത്രം ആയുസ്സുള്ള കുട്ടികൾ.

21. വസുമതിപതികന്യ = രാജകന്യക, സലിലാഹൃതകാരണാൽ = ജലത്തിൽനിന്നും ലഭിച്ചതുമൂലം, മൂശേത്യേവം = മോശ എന്നിപ്രകാരം.

22. അഹിത..................സ്സാകം = ശത്രുജനമുഖ്യന്മാരോടുകൂടി, സഹജാരികൾ = സഹോദരശത്രുക്കൾ.

23 കനഭാരങ്ങളിലലയുംനിജകുല
ജനദു:ഖത്തെ കണ്ടൊരുനാളിൽ
നിർഭയനൊരുമിസ്രീയൊബ്രഹജം
മർദ്ദനമേകി-മശിഹാശരണം.

24 നാലുദിഗന്തേ നോക്കിക്കണ്ടീ-
ല്ലാരെയുമരികിൽ മൂശാക്രമിയാം
ഖലനെകൊന്നുടൻ സികതാമദ്ധ്യേ
നലമൊടുമൂടി-മശിഹാശരണം.

25 ഗതനഥരണ്ടാംദിനമിസറായേൽ
സുതരപിരണ്ടാളടിപിടികൂടി
കലഹിപ്പതുകണ്ടുരചെയ്തവരിൽ
ബലനൊടുമൂശ-മശിഹാശരണം.

26 എന്തിനടിക്കുന്നിതുനിൻസഹജം
പ്രതിവദനായ് നീ ഞങ്ങടെയിടയിൽ
അധികാരിയൊ ചൊല്ലാരുനിയോഗാൽ
വിധികത്താ നീ-മശിഹാശരണം

27 മിസ്രീയനെ നീ കൊന്നതുപോലെ
ഹിംസിപ്പതിനോ ഭാവിക്കുന്നു
ശ്രുതവാനതുപ്രസ്താവിച്ചെന്നൊരു
ഭീതിപിടിച്ചു-മശിഹാശരണം.

28 തദനുനരാധിപനക്കഥകേട്ടു
കദനം ചെയ്‌വതിനവനെത്തേടി

---

23. നിർഭയ..........ബ്രഹജം=ഭയമില്ലാത്ത ഒരു മിസ്രയീമ്യൻ ഒരു എബ്രായക്കാരനെ.

24. ഖലനെ=ദുഷ്ടനെ, സികതാമദ്ധ്യേ=മണലിന്റെനടുവിൽ

26 പ്രതിവദനായ്=അവൻ പ്രതിവചിച്ചു.

അതിജവനായതിഗ്രൂഢം ഗതവാൻ
മിദിയാൻദേശേ-മശിഹാശരണം.

29 അത്രയൊരന്ധുസമീപസ്ഥിതനായി
തത്രപുരേയജപാറുഹെലിൻ
പുത്രികളേഴജവൃന്ദമൊടവിടെ-
ക്കെത്തിജലത്തിനും-മശിഹാശരണം.

30 ആട്ടിടയന്മാർവന്നങ്ങവരെ
ആട്ടിയകററും പൊഴുതരികെപോയ്
വാട്ടമകന്നുസഹായിച്ചാനജ-
ക്കൂട്ടങ്ങൾക്കും-മശിഹാശരണം.

31 ശീഘ്രംവന്നുകുമാരികൾതാതൻ
കേൾക്കട്ടെന്നാൽ കാരണമപ്പോൾ
സൽക്രിയമൂശാചെയ്തവയെല്ലാം
മക്കൾപറഞ്ഞാർ-മശിഹാശരണം.

32 നിജകന്യകമാർക്കുപകാരകനെ
നിവസിപ്പിച്ചു നിജഭവനത്തിൽ
സിഫോറാമ്മകളെയും നൾകി
തത്ഭാര്യാർത്ഥം-മശിഹാശരണം.

33 തത്രസുഖേനവസിച്ചാൽമൂശ
പത്നിപ്രസൂതാഗേർഷോമാഖ്യൻ

---

28. കദനംചെയ്‌വലിനു് = ഉപദ്രവിക്കുന്നതിനു്, അതിജവനായ്=വളരെ വേഗത്തിൽ, അതിഗൂഢംഗതവാൻ=വളരെ രഹസ്യമായി ഗമിച്ചു.

29. അന്ധുസമീപസ്ഥിതനായി=കിണററിൻെറ സമീപത്തിൽ സ്ഥിതിചെയ്തു.

പുത്രനൊരുത്തനമത്രഭവിച്ചു
അത്തലകന്നു-മശിഹാശരണം.

34 മശിഹാജയജയനിഖിലഗുണാബ്ധേ
നിശമയനിജദാസാർത്തസ്വനിതം
ആശ്രിതജനപരിപാലനലോലുപ
നാശയദുരിതം-മശിഹാശരണം.

35 ജയജയ ക്രിസ്തോജയപരമർത്ത്യ
ജയപരമേശ്വരസുത മമ കർത്താ
ജയ മമ സ്രഷ്ടാ ജയനരഭർത്താ
ജയവല്ലഭഹേ-മശിഹാശരണം.

---

33. പത്നി...........ആഖ്യൻ=ഭാൎയ്യ ഗേർശോം എന്നു് പേരുള്ള കുട്ടിയെ പ്രസവിച്ചു.

34. നിഖിലഗുണാബ്ധേ = സൎവ്വഗുണങ്ങൾക്കും ഇരിപ്പിടമേ, നിശമയ=കേട്ടാലും, നിജദാസാർത്തസ്വനിതം=തന്റെ ദാസന്റെ ദീനശബ്ദം, ലോലുപ=താല്പൎയ്യമുള്ളവനെ, നാശയ=നശിപ്പിച്ചാലും.

# പതിമ്മൂന്നാം വൃത്തം

**മൂശയ്ക്കുദൈവം പ്രത്യക്ഷമായി പറവോന്റെ അടുക്കൽ അയയ്ക്കുന്നതു്.**

1 നരപാലനൊരുദുഷ്ടനധുനാമരിച്ചുപുന-
രൊരുഭൂപനതിദുഷ്ടനഭവദപിമിസ്രേന്റെ
പുരിതന്നിലബ്രഹജരാകെയടിമാഗ്നിയതിൽ
പരിതപ്തരായിബത-ദിവിതാതദേവജയ.

2 അടികൊണ്ടുപിടയുന്നാജനസങ്കടംഝടിതി
. വിടകൊണ്ടുതുടയോൻെറ നികടത്തുനിഖിലാണ്ഡ
മടികണ്ടുപൊരുൾകണ്ടുകടവരികടത്തുതൽ
ക്കടികൊണ്ടുപോവതിനു-ദിവിതാതദേവജയ.

3 ശ്വശുരൻെറപശുപാലനഥമൂശപരമൻെറ
മലയന്നശ്രുതികൊണ്ടുഘോരരേണുകരയേറി
അശടററതീററി നിജമജവൃന്ദമപ്പൊഴുതൊ
രതിശയമതേക്കണ്ടു-ദിവിതാതദേവജയ.

4 വനഗുല്മ ഗണമാശു പിടിപെട്ടു ചുഴലുന്നൊ-
രനലൻെറ കനകാന്തി കനകാഭ കളയുന്ന
തന്നഹന്ത ദഹനാന്തനിവനല്ല ദഹിയാതെ
തൃണമാകെ നിലയുണ്ടു-ദിവിതാത ദേവജയ.

5 ശുചിനാപനഷ്ടദവമാലോകനായഗതി
പ്രസരേ സനീഡവൽ തുടരുമളവെ കേട്ടടനെ
ശിശിരാനലാൽ സ്വനിതമഥ മൂശമൂശയിതി
അശരീരിവാക്യമതു-ദിവിതാതദേവജയ.

---

ഇരുപത്തിനാലുവൃത്തം 17-ാംവൃത്ത ത്തിൽ ഉപയോഗിച്ചിരിക്കുന്ന അതിസ്മിതയാണ് ഇതിലെ വൃത്തം.

1. അഭവത് = ഭവിച്ചു (ഉണ്ടായി), അടിമാഗ്നി = അടിമതച്ചമാകുന്ന അഗ്നി, പരിതപ്തരായി = ഉരുകിയവരായി, ദിവി = സ്വർഗ്ഗത്തിൽ.

3. ശ്വശുരൻ = അമ്മായച്ഛൻ, പശുപാലൻ = ഗോക്കളെ പാലിക്കുന്നവൻ, അശട് = ഭയം (സംശയം), നിജമജവൃന്ദം = തൻെറ ആടുകളെ.

4. ഗുൽമം = പുൽക്കൂട്ടം; അനലൻ = അഗ്നി, കനകാഭ = സ്വർണ്ണനിറം.

5. ശുചിനാ = അഗ്നിയാൽ, ദവം = കാട്, ശിശിരാനലാൻ = തണുത്ത അഗ്നിയിൽനിന്നും, സ്വനിതം = ശബ്ദിക്കപ്പെട്ട.

6 ഉപതിഷ്ഠനഹമസ്മി യിതിവക്തനോടരുളി
സപദീഷ്ടവരനീശനഹമത്രമേദ്ധ്യമപി
ഇഹതിഷ്ഠ പദരക്ഷ തവനീക്കിയതുകേട്ടു
നിജദൃഷ്ടികളെമൂടി-ദിവിതാതദേവജയ.

7 അതികഷ്ടദാസ്യതയിലടിപെട്ടുലഞ്ഞവരെ
അഥവിട്ടയപ്പതിനു മതികെട്ട പെറവോടു
അതുവെട്ടേ പറവതിനു വെളിപെട്ട സർവ്വഗൻ
സതുല്ക്ലിഷ്ട മൂശയൊടു-ദിവിതാതദേവജയ.

8 നരനാരഹം പറവാനവരോടു ശരിയല്ല
പരമേശ തവനാമമതുമില്ലിനിക്കറിവു
തിരിവാകിലും പറകിലവരാചരിച്ചീട്ടമൊ
പരമേകനെ വിടുക-ദിവിതാത ദേവജയ.

9 പടുവാക്കുമില്ലമമ തടിനാക്കുമടിയനു
മടിവാക്കട്ടെക്കിനിദ മിടചേത്തു ചൊല്ലുമൊരു
അടിയാക്കുലത്തിനുടെ തലവൻെറയൊഴിവാക്കി
നടവാക്കി വിവദിച്ചു-ദിവിതാത ദേവജയ,

---

6. ഉപതിഷ്ഠനഹമസ്മി=ഞാൻ സമീപത്തിൽ സ്ഥിതിചെയ്യുന്നു ഇതിവക്തൻ=ഇങ്ങനെ പറഞ്ഞവൻ, സപദീഷ്ടവരനീശൻ=ഉടനെ ഇഷ്ടം നൽകുന്നവനായ ഈശ്വരൻ, അത്രമേദ്ധ്യം=ഇവിടം പരിശുദ്ധമാകുന്നു, ഇഹതിഷ്ഠ=ഇവിടെ നിന്നാലും, പദരക്ഷ=ചെരിപ്പ്.

7. വെട്ടേപറവതിനു=സ്പഷ്ടമായി പറയുന്നതിന്.

9. പടുവാക്ക്=വാക്സാമർത്ഥ്യം; തടിനാക്ക്=തടിച്ച നാക്ക്.

10 വദഗാഛഭവനേവനായതഹമെന്നു
മഘവാ സ്വയംഭൂവിനുടെ വചനമിവയെന്നും
അതു ലോകർ നിരസിക്കിലടയാളമിവകാട്ടു-
കതുലാൽഭുതങ്ങളെ നീ-ദിവിതാതദേവജയ.

11 കരതാരിൽ മരുവീടുമടികോൽ നിലത്തിട്ടുകാ
ണുരഗാകൃതം കരേറയെടുത്തതടിയാകുമതു
ഉരസ്സോടുചേർക്കുകരം കുഷ്ഠം പിടിച്ചു ഹിമ-
നിറമാകുമിവകാട്ടു-ദിവിതാതദേവജയ.

12 ഇതി വേണമാകിൽ നദി ജലധാരചെയ്ക കരേ
നിണമായ്‌വരും സപദി നടകൊൾക മടിയാതെ
തുണ തേസഹോദരനാമഹരോൻ സുവാചകനു-
മനുഗാമിയാകതവ-ദിവിതാതദേവജയ.

13 ഖലനാം നൃപൻ വിടുവാൻ ഇവരെമടിച്ചിടുമൊ-
രളവേ മഹാത്ഭുതമനേകതരമോടുമപി
ചില ദേശദണ്ഡനമിതഖിലം കഴിച്ചുകര-
ബലമോടയച്ചീടുമെ-ദിവിതാതദേവജയ.

---

10 വദഗാഛ = പോയി പറഞ്ഞാലും, ഭവനേവനായതഹം = ഞാൻ ആകുന്നവൻ ഞാൻ ആകുന്നു. (പുറ: 3:14) സ്വയംഭൂ = ദൈവം, അതുലാൽഭുതങ്ങൾ = തുല്യമില്ലാത്ത അൽഭുതങ്ങൾ.

11. ഉരഗാകൃതം = സർപ്പാകൃതിയുള്ള, ഉരസ്സോടു = മാർവിടത്തിൽ, ഹിമനിറം = മഞ്ഞിന്റെ നിറം.

12. നദീ..........കരേ = നദിയിലെ വെള്ളം കരയ്ക്കു കോരി ഒഴിക്കുക, നിണം = രക്തം, സുവാചകൻ = വാഗ്മി, അനുഗാമി = അനുഗമിക്കുന്നവൻ.

14 പരമാജ്ഞയാലെ പുനരവിടേന്നു നടകൊണ്ടു
പറവോൻെറദിശിപുക്ക മൂശ യഹരോനുമായ്
വിരവോടു സഭചേൎത്തു നിജലോകരോടരുളി
പരമേശ ശാസനകൾ-ദിവിതാതദേവജയ.

15 പരമപ്രസാദമിഹസുലഭിച്ചിതെന്നാശ്രുതി
കരളിൽധരിച്ചു നമനം പരനുചെയ്തു ജനം
ഒരുമിച്ചുചെന്നിരുവരും പരമവചനങ്ങൾ
അറിയിച്ചു നൃപനോടു-ദിവിതാതദേവജയ.

16 മഹിപാലശൃണുവചനമിസ്രായലിന്നുടയ
മഹാപരമ കല്പനദിനത്രയപഥം മലയിൽ
മഹസ്സോടു വഴിപാടണപ്പതിനു മമ ജനാൻ
മഹിപാല നീ വിടുക-ദിവിതാതദേവജയ.

17 പ്രജാനാഥനവദദഥ പരനാരസൌതൻെറ
വചസാചരിപ്പതിനു ഞാനറികയില്ലവനെ
സ്വജനവ്രജത്തെ വിടുമിതിമനസിനിനയാതെ
നിജമാൎഗ്ഗേ നടകൊൾക-ദിവിതാതദേവജയ.

18 ജഗതീശവചനങ്ങൾ മുഹുരേകുമവരോടു
വിശദാശയൻ കുപിതനൃപനാശു നിഗദിച്ചു

---

15. നമനം = നമസ്ക്കാരം.

16. മഹിപാല = രാജാവേ, ശൃണു = കേട്ടാലും, ദിനത്രയപഥം = മൂന്നു ദിവസത്തെ വഴി.

17. പ്രജാനാഥനവദത് = രാജാവു പറഞ്ഞു, വചസാചരിപ്പതിന് = വാക്ക അനുസരിക്കുന്നതിന്, സ്വജനവ്രജത്തെ = സ്വന്തം ജനസമൂഹത്തെ, വിടു.........നിനയാതെ = വിട്ടയയ്ക്കും എന്നു മനസ്സിൽ വിചാരിക്കാതെ.

നിജലോകരുടെ വേല നിഖിലം മുടക്കുവതു
നിജവേലയോ കിമിതി-ദിവിതാതദേവജയ.

19 ഇതു നല്ലതരമല്ല ജനമുണ്ടു പെരുകുന്നു
മതിയല്ല പണിയുന്നതിവരൊട്ടു മടിയുന്നു.
അതുകൊണ്ടുപറയുന്നു പരനടവിപൂജയ്ക്കു
ഗതിവേണമെന്നിവരു-ദിവിതാതദേവജയ.

20 പതിവുള്ള വിറകിന്നു മുതലിങ്ങു നിലയാകെ
ചുടുകല്ലുപതിവുള്ള തുകചുട്ടുവാങ്ങുകിദം
അധമന്റെ കഥനങ്ങളധികത്തരനുസരി-
ച്ചതിജാഗ്രൂകരായ്-ദിവിതാതദേവജയ.

21 നിലവിട്ടുവലയുന്ന വിളികേൾപ്പതിന്നരശ-
നലിവൊട്ടുമില്ലജനമഴുതൂചുരവനൊടു
മലവിട്ടതീ ദുഷ്ടരിപുകരേകൊടുപ്പതിനൊ
തലവെട്ടുവാൻ പരശു-ദിവിതാതദേവജയ.

22 കനതാപവശനായ സ്വജനാനുകൂലനോടു
പുനരീശനതിമായനെഹാവാഖ്യനതിശുദ്ധൻ
അനുലാപനായ് സംവിദഹരൊന്നുമായ് മൂശ
അനുയാനനായവദൽ-ദിവിതാതദേവജയ.

---

18. മുഹു:=വീണ്ടും, നിഗദിച്ചു=പറഞ്ഞു.

19. അടവി=വനം.

20. അധമൻ=നീചൻ, കഥനങ്ങൾ=വാക്കുകൾ, അധികൃത്തർ=അധികാരികൾ.

21. അഴുതൂചു:=കരഞ്ഞുപറഞ്ഞു

22. അതിമായ..........ശുദ്ധൻ=അതിമായനും ശുദ്ധനും ആയ യഹോവാ എന്നു പേരുള്ളവൻ, അനുയാനൻ=അനുഗമിച്ചവൻ, അവദത്=പറഞ്ഞു.

23 വിടണം നരാധിപനെ മമലോകരെ സപദി
ഇട്ടകാഗ്രജാ തടിനിലത്തൊരടയാളമായ്
ഉടനാഹരോനിട്ട തടിയുരഗരൂപധൃക്
ഉടലോടിഴഞ്ഞുഭുവി–ദിവിതാതദേവജയ.

24 വിധുരപ്രധാനികളെ വിരവിൽ വരുത്തിയവ-
രധികപ്രഗത്ഭമൊട്ടനിജതടികൾ പാമ്പാക്കി
പ്രഥമപ്രഭൂതഫണിതത്ര പ്രതിഹാരികൃത
ഭുജഗാൻഗ്രസിച്ചുബത–ദിവിതാതദേവജയ.

25 കഠിനംഭവിച്ചു മനതളിരിൽ നൃപന്നുടനെ
ശഠതയ്ക്കുകടികണ്ടു വിട്ടവതിന്നു സർവ്വദാ
ജഢനെത്തീട്ടും വിപദമൊഴിവാക്കിടാനരിമ
ഇടകിട്ടിട്ടന്നതിന്നു–ദിവിതാതദേവജയ.

26 നിഗളിച്ചു നരവൈരി നരകത്തിനിടവച്ചു
നിഗളിച്ചു നരജാതിനിധനത്തെ മുതലിച്ചു
നിഗളത്തിനാലെ വഴി വിവദിച്ചു വലയുന്നു
നിഗളത്തെ നീക്കുകനീ–ദിവിതാതദേവജയ.

---

23 അഗ്രജാ=ജ്യേഷ്ഠാ, ആഹരോനിട്ട തടി=അഹറോൻ നിലത്തിട്ട വടി, ഉരഗരൂപധൃക്=സർപ്പരൂപം ധരിച്ച്.

24. വിധുരപ്രമാണികൾ=ക്ഷുദ്രക്കാർ, അധികപ്രഗൽഭമൊട്ട=അധിക സാമർത്ഥ്യത്തോടെ, പ്രഥമപ്രഭൂതഫണി=ആദ്യം ഉണ്ടായ സർപ്പം, പ്രതിഹാരികൃതഭുജഗാൻ=മന്ത്രവാദികൾ നിർമ്മിച്ച സർപ്പങ്ങളെ, ഗ്രസിച്ചു=വിഴുങ്ങി

26. നിധനം=വധം.

27 ഭവസങ്കടം സദയമകലെക്കളഞ്ഞു സകൃൽ
ഭവതഃകടാക്ഷമഘശമനത്തിനരുളിങ്ങ
ദിവിതന്നിലേതുവിധമതുപോലെ തവയാജ്ഞ
ഭുവിതന്നിലും ഭവതു–ദിവിതാതദേവജയ.

# പതിന്നാലാം വൃത്തം

**മിസ്രേമിൻെറ ശിക്ഷയും— പറവോൻെറ നാശവും.**

1 മൂശേരിതം പരമദ്ഭുതം ത്യജിച്ചുമിസർ
ദേശാധിപൻ വികരുണൻ വാണിരുന്നളവു
ദേശത്തിനും നിജകുലത്തിനുജനത്തിനും
നാശത്തിനിടകൂടി–പാപക്ഷതായനമ.

2 ചെന്നങ്ങുചൊൽക വിട്ടുവാനെൻ ജനങ്ങളെ നീ
നിന്ദിച്ചിട്ടും ജളമതിപ്രൌഢനാം നൃപതി
ഒന്നങ്ങടിക്കനദിനിണമാകുമെന്നീശൻ
അന്നേകിമൂശയൊട്ടു–പാപക്ഷതായനമ.

---

27. സകൃത്=ഒരിക്കൽ, ഭവതഃ=ഭവാൻെറ, അഘശമനം=പാപശാന്തി, ദിവി=സ്വർഗ്ഗത്തിൽ.

ഇരുപത്തിനാലുവൃത്തം 18-ാം വൃത്തത്തിലുപയോഗിച്ചിരിക്കുന്ന സ്തിമിതയാണ് ഇതിലെ വൃത്തം.

1. മൂശേരിതം=മോശയാൽ പറയപ്പെട്ട, പാപക്ഷതായ=പാപം നശിക്കുന്നവന്.

2. ജളമതിപ്രൗഢൻ=ദുർബ്ബുദ്ധികളിൽ പ്രധാനി,

3 ഉടനെ ഗമിച്ചു നൃപനോടേകി മൂശയും
മടിഭൂപനെന്നതു ഗ്രഹിച്ചഹരോൻകരാൽ
തടിനീജലത്തെ വടികൊണ്ടങ്ങടിപ്പിച്ചു
കടുഘോരനീരാക്കി-പാപക്ഷതായനമ

4 രുധിരപ്രവാഹധൃതനദ്യംബുപാനത്തി-
നധികം മടിച്ചു മായാവികളുമപ്പോലെ
എതിരിട്ടടിച്ചുതോയോപരിയുടൻ ജലം
രുധിരത്തൊടൊത്തങ്ങ-പാപക്ഷതായനമ.

5 ദിനമേഴു ശോണിതമയം നദിയതാകിലും
ജലജന്തു ചത്തുടനെ ദുർഗ്ഗന്ധമാകിലും
കനദാഹമുണ്ടാകിലും താൻ വിടുന്നതിനു
മനസ്സില്ല ഭൂപന്നു-പാപക്ഷതായനമ.

6 പുനരീശചരാജ്ഞാനുസാരേണനദ്യുപരി
പ്രസരിച്ചു മണ്ഡൂകയൂഥം വരുത്തിദിശി
ദേഹത്തിലും ശയനഗേഹത്തിലും ബഹുല—
ഭേകങ്ങൾ പ്രവിശന്തി—പാപക്ഷതായനമ.

---

3. തടനീജലം=നദീജലം.

4 രുധിരപ്രവാഹ.........പാനത്തിന്=രക്തപ്രവാഹത്തെ ധരിക്കുന്ന നദിയിലെ ജലം പാനം ചെയ്വാൻ, മായാവികൾ=മന്ത്രവാദികൾ, തോയോപരി=ജലത്തിനു മീതെ, രുധിരം=രക്തം.

5. ശോണിതമയം=രക്തമയം.

6, ഈശചരാജ്ഞാനുസാരേണ=ദൈവകല്പനപ്രകാരം, നദ്യുപരി=നദിയുടെ മീതെ, മണ്ഡൂകയൂഥം=തവളക്കൂട്ടം, ബഹുലഭേകങ്ങൾ=അസംഖ്യം തവളകൾ, പ്രവിശന്തി=പ്രവേശിക്കുന്നു.

7 മായവിനോപിസമമാനയൻ ഭേകകുല—
മായസമേററിനൃപൻ മൂശയോടു യാചിച്ചു
പോയാലുമീശപദസേവയ്ക്കു നീക്കകഴൽ
തേയാചനേന മമ—പാപക്ഷതായനമ.

8 പ്ലവബന്ധനാൽ മുക്തനകതണ്ടു പാരിച്ചു
സുവിഷബന്ധജാതിപോവാൻ വിട്ടുകയില്ലാഞ്ഞു
നിജ ദണ്ഡുംകൊണ്ടു പ്രഹരിച്ചാഹരോന്യൂക
നിവഹം വരുത്തിനാൻ—പാപക്ഷതായനമ.

9 തദനന്തരേശാംബരികളുംമട്ടത്തവദ
നിദമീശ്വരാംഗുലികൃതം കമ്മളുപൻെറ
ഹൃദയംകട്ടത്തുപുനർമൂശാഹരോന്മാരു
മശകങ്ങളുണ്ടാക്കി—പാപക്ഷതായനമ.

10 മാററിദംശാദികളെ നീക്കിരക്ഷിപ്പതിനു
പോററി സമമാക്കി വന്ദിച്ച മിസർ ദേവനാം
കാററിനുമൊരാവതല്ലീശ്വരനിയോഗങ്ങൾ
മാററീടുവാൻ കിമപി—പാപക്ഷതായനമ.

---

7. മായാവിനോപി ......... ഭേകകുലം = മന്ത്രവാദികളും തത്തുല്യം തവളകളെ വരുത്തി, നീക്കകഴൽ = ദു:ഖം നീക്കിയാലും.

8. പ്ലവബന്ധനാൽ മുക്തൻ = തവളയുടെ ഉപദ്രവങ്ങളിൽനിന്നും മോചനം പ്രാപിച്ചവൻ, പ്രഹരിച്ച് = അടിച്ച്, ആഹരോന്യൂകനിവഹം = അഹറോൻ യൂകനിവഹങ്ങളെ (പേൻകൂട്ടങ്ങളെ)

9. ശാംബരികൾ = മന്ത്രവാദികൾ, അവദൻ = പറഞ്ഞു, ഇദം = ഇതു. ഈശ്വരാംഗുലികൃതം = ദൈവത്തിൻെറ കൈയാൽ ചെയ്യപ്പെട്ടതു്, മശകം = കൊതുക്. (നായീച്ച)

10. ദംശാദികൾ = കൊതുക മുതലായവ.

11 മശകങ്ങൾ ഗ്രാമങ്ങളഖിലങ്ങളുംപുക്കി—
തസുഖങ്ങൾ ദേഹങ്ങളഖിലക്കുമുണ്ടാക്കി
അശുഭങ്ങൾ ഗോഷന്റെ പുരമൊന്നൊഴിഞ്ഞു
ള്ള ദിശിയൊക്കെ വർദ്ധിച്ചു—പാപക്ഷതായനമ.

12 ദണ്ഡംപൊറാഞ്ഞുടനെ മൂശയൊടപേക്ഷിച്ചു
പൊണ്ണൻപറഞ്ഞുപരമേശം ഭജിച്ചുമമ
മണ്ണിൽചരിക്കപുനരീശ്വരമപേക്ഷിച്ചു
ദണ്ഡങ്ങൾ തീർക്കുനീ—പാപക്ഷതായനമ.

13 മിസ്രീയലോകരുടെ ധൃണ്യവസ്തുക്കളെഥ
അശ്രാന്തിമാരാധനയ്ക്കരുതു മൂശവദൻ
ഇസ്രായേൽപോവാൻ ദിനത്രയപഥംമലയിൽ
വിശ്രാന്തമാക്കുകനീ—പാപക്ഷതായനമ.

14 പശ്ചാൽ കഥിച്ചു നൃപനാജ്ഞാപയാമിജന—
മിച്ശാനുകൂലമർച്ചിപ്പതിനു പോവതിനു
സ്വച്ഛന്ദരായി ബഹുദൂരം ഗമിക്കരുതു
നിശ്ചിത്യവാക്യമിതി—പാപക്ഷതായനമ.

15 മൂശാർത്ഥനേനമശകങ്ങൾ നശിച്ചളവു
നാശാർദ്ദിതൻ നിജമനോമയം മാററിയഥ

---

12. പരമേശം ഭജിച്ചു=ഈശ്വരനെ സേവിച്ചു്, മമ മണ്ണിൽ =എന്റെ രാജ്യത്തുതന്നെ.

13. ധൃണ്യവസ്തുക്കൾ=അറപ്പുള്ള വസ്തുക്കൾ, വിശ്രാന്തം—വിശ്രമം.

14. പശ്ചാത്=പിന്നീട്ടു്, ആജ്ഞാപയാമി=ഞാൻ ആജ്ഞാപിക്കുന്നു, ഇച്ഛാനുകൂലം=ആഗ്രഹാനുസരണം, അർച്ചിപ്പതിനു=പൂജിക്കുന്നതിനു്, സ്വച്ഛന്ദർ=സ്വതന്ത്രർ.

ഈശാജ്ഞ വാങ്ങി മഹനീയൻ വചിച്ചു മിസർ
ദേശാധിപതിയോടു—പാപക്ഷതായനമ.

16 മൂന്നാം പറഞ്ഞതിനെ മാററിപ്പറഞ്ഞതിനു
മിന്നും വിടായ്കിൽ വരുമാപത്തുമാരിയിനി
വന്നിങ്ങനാളെ മൃഗവൃന്ദങ്ങളെ പരിചെ
കൊന്നങ്ങൊടുക്കീടുമെ—പാപക്ഷതായനമ.

17 കണ്ണത്തിലീവചനമൊന്നും കടപ്പതിനു
വണ്ണിക്കയാൽ വിമതകണ്ടില്ല ദ്വാരമവൻ
വന്ദിച്ചുവന്ന മൃഗവർഗ്ഗങ്ങൾ മററുമഹോ
മണ്ണിന്നുചേൻടനെ—പാപക്ഷതായനമ.

18 ഹയഗർദ്ദഭങ്ങൾ മയഗോമേഷജാതിയുടെ
ചയമാശു ചത്തരുതിവന്നത്രഗോഷനിൽ
ലയമില്ലനാല്ക്കാലിയൊന്നിനുംബാധയുടെ
മയമെങ്കിലും തത്ര—പാപക്ഷതായനമ.

19 കാലിക്കലങ്ങടെലയം കൊണ്ടുമില്ലകടു
ശീലത്തിനൊരുകനിവുമേലും പരാജ്ഞയേ
പാലിച്ചു മൂശകരെ ഭസ്മംഗ്രഹിച്ചുഭുവി
ധൂളിച്ചുതാനുപരി—പാപക്ഷതായനമ.

---

15. മൂശാർത്ഥഃനന=മോശയുടെ അപേക്ഷപ്രകാരം, നാശാർദ്ദിതൻ=നാശപീഡിതൻ, ഈശാജ്ഞ=ദൈവകല്പന

16. മാരി=വസന്ത, മൃഗവൃന്ദം=മൃഗക്കൂട്ടം.

18. ഹയഗർദ്ദഭങ്ങൾ=കുതിരകളും കഴുതകളും, മയഗോമേഷജാതി=ഒട്ടകം, പശു, ആട്ട് ഇവയുടെ വർഗ്ഗം, ചയം=കൂട്ടം, ലയം=നാശം.

19 ഭുവിധൂളിച്ചു=ഭൂമിയിൽ വിതറി.

20 ക്ഷതയുക്തവിടകങ്ങൾ ദേഹങ്ങൾ തോറുമാ
ക്ഷിതിമർത്ത്യമൃഗജാതിയുടെയാകെ ബാധിച്ചു.
ക്ഷിതിഭൃത്തിനും കഠിനമായ്വന്നു മാനസം
ക്ഷതയുക്തനാകയാൽ—പാപക്ഷതായനമ.

21 ഏഴാമതും മഴജലത്താലുമൊരു ദോഷ-
മൂഴീതലത്തിനുളവാകാതിരിപ്പതിനു
തോഷെർജനം കരുതിവന്ദിച്ചദേവകളെ
പാഴാക്കുവാൻ കരുതി—പാപക്ഷതായനമ.

22 മേഘനിർഘോഷമതിനിടയിൽശിലാമിശ്രി-
താഗ്നിവർഷമസഹനീയംഭവിച്ചുടനെ.
ദേഹങ്ങളും വയലിലെ യവഞണങ്ങളും
വേഗംവിനഷ്ടമായി—പാപക്ഷതായനമ.

23 വീണ്ടുംതിരിഞ്ഞുശഠനാംനൃപതിമൂശയൊടു
വേണ്ടുന്നതങ്ങനുവദിച്ചിടുവനീവൃഷ്ടി-
നീണ്ടിങ്ങനിലചെയ്യിടായ്വതിനപേക്ഷിക്ക
വേണ്ടുന്നതെന്നുടനെ—പാപക്ഷതായനമ.

24 ബോധിച്ചിടായ്കിലുമതേതന്നെനൃപതിക്കു
ബോധംവരുത്തുവതിനാബാധപോക്കിയുടൻ
സാധിച്ചുകാര്യമവനിസറായേൽ മക്കളെ വി-
രോധിച്ചുപോവതിനു—പാപക്ഷതായനമ.

---

20. ക്ഷതയുക്തപിടകങ്ങൾ=വ്രണങ്ങളോടു ചേൎന്ന പരുക്കൾ, ക്ഷിതിഭൃത്തു്=രാജാവു്, ക്ഷതയുക്തൻ=വ്രണമുള്ളവൻ.

21. തോഷെ=സന്തോഷത്തോടെ.

22. മേഘനിർഘോഷം = മേഘശബ്ദം, ശിലാമിശ്രിതാഗ്നിവർഷം=കല്ലു പൊഴിയുന്ന അഗ്നിവർഷം.

23. വൃഷ്ടി=മഴ.

25 എട്ടാമത്തും പവനനായമിസർദേവനെ
പെട്ടെന്നുകൊണ്ടതുലശ്ശുകകീടങ്ങളുടെ
പട്ടാളമെദിശിനിറച്ചുധാന്യങ്ങളവ
ശിഷ്ടാപിനഷ്ടിയായി—പാപക്ഷതായനമ.

26 കഷ്ടംനരാധമനതട്ടുന്നുതോന്നുമള
വിഷ്ടംപറഞ്ഞുവിപൽ നീക്കുംതൊഴിൽകളും
പെട്ടന്നുതാനത്തുമറക്കുമൊരുവട്ടവും
ദുഷ്ടന്നു ചട്ടമായി—പാപക്ഷതായനമ.

27 പിന്നീട്ടമക്കശശികൾ മിസറദേവകള-
തെന്നായിരിക്കവെനിതാന്തം നിരന്നാഹ
സ്സൊന്നൊടെമൂന്നുദിവസങ്ങളതിഘോരമായി
വന്നുനിലച്ചുഭുവി—പാപക്ഷതായനമ.

28 മിസ്രീയരന്ധതമസ്സിൽ വീണലഞ്ഞപൊഴ
തിസ്രായേൽ സന്തതികൾ വെളിയിൽപരാജ്ഞയാ
വിശ്രാന്തരത്രപിസഹായെ കഴിപ്പതിന്നു
സശ്രദ്ധരായി ബത-പാപക്ഷതായനമ.

29 ധ്വാന്തേവലഞ്ഞുനിജസ്വാന്തേഭയാൽനൃപ
നപാന്തേവരുത്തിയുപശാന്തിക്കു മൂശയൊ-
ടമാന്തംപറഞ്ഞത്തു മറുത്തവനൊടില്ലിന്നു
നാന്തമ്മിൽ വീക്ഷമിനി—പാപക്ഷതായനമ.

---

25. പവനൻ=കാററ്, അതുലശ്ശുകകീടങ്ങൾ=അസംഖ്യങ്ങളായ തേളുകൾ, പുഴക്കൾ (വെട്ടുക്കിളി എന്നു ബൈബിൾ)

27. അർക്കശശികൾ=സൂര്യചന്ദ്രന്മാർ, അഹസ്സ്=പകൽ.

28. അന്ധതമസ്സ്=കൂരിരുട്ട്, പാരാജ്ഞയാ=ഈശ്വരകൽപ്പനയാൽ, വിശ്രാന്തർ=വിശ്രമിപ്പവർ.

30 ഒത്തായതന്നു നടകൊണ്ടങ്ങു മൂശയഥ
പത്താമതാത്ഭുതമഹൊത്പാതമായതിന്ന
കൎത്താവിനൊത്ത പടിവാതില്പടിക്കലജ-
രക്തം തളിച്ചവരു—പാപക്ഷതായനമ.

31 അററാമരിച്ചു നരരാദ്യപ്രജാതരല-
മററുള്ളമൎത്ത്യർ മിസറേൻ പുരയിലെങ്ങുമെ
തെററില്ലയാതെ മൃഗമാദ്യജമശേഷവേ
രററങ്ങുപോയിനിശി—പാപക്ഷതായനമ.

32 ദിക്കിൽപരക്കവെ മുഴക്കും പ്രലാപമതു
കേൾക്കുന്നു ദുഃഖമൊടയയ്ക്കുന്നു ഭൂപതിയും
കേൾക്കുന്നതൊക്കവെ കൊടുക്കുന്നു ദേശികളാ-
ദിക്കീന്നുപോവതിന്ന—പാപക്ഷതായനമ.

33 ശീഘ്രംഗമിച്ചു പരമേശ്വരജനങ്ങളാ-
തക്കത്തിലാറുലക്ഷം പുരുഷരുള്ളവരു
മക്കൾ കുഡുംബിനി വിദേശീയ ലോകരൊട്ടു
സുക്കോതിൽ വന്നുടനെ—പാപക്ഷതായനമ.

34 മുന്നംമരിപ്പവനടുത്തന്നു ചൊന്നതന്നു
നന്ദിച്ചുമൂശവുസേപ്പിൻെറ കീകസവു-

---

29. ധ്വാന്തേ=ഇരുട്ടിൽ, സ്വാന്തേ=മനസ്സിൽ, ഉപാന്തേ=സമീപം, വീക്ഷം=കാഴ്ച.

30. ഒത്ത്=സമ്മതിച്ച്, അജരക്തം=ആട്ടിൻചോര.

31. ആദ്യപ്രജാ=കടിഞ്ഞൂൽപുത്രൻ, നിശി=രാത്രിയിൽ.

32. ദേശികൾ=ദേശവാസികൾ (മിസ്രയീമ്യർ)

33. സുക്കോതിൽ=സുക്കോത്ത് എന്ന സ്ഥലത്ത്

മന്നായതും സഹനിനായ കനാനിൽകൊണ്ടു
ചെന്നാങ്ങവയ്പതിന്നു—പാപക്ഷതായനമ.

35 കാനാന്നുനേർവ്വഴിയൊഴിച്ചു തല്ലോകരുടെ
ആനായനാനയദിമാംകാനനപഥിഭി-
ർവ്വാനോർപതിരിപുനിപാതനമതിൽനിന്നു
മാനം ലഭിപ്പതിന്നു—പാപക്ഷതായനമ.

36 രാപകലവൎക്കു വഴികാട്ടീടുവാനമ്മ-
ഹാതപമതിന്നു കുടയും പകൽ രജന്യാം
ദീപവുമിവാഗ്നിമേഘസ്തംഭമത്ഭുത-
മകംപടിയവൎക്കുണ്ടു—പാപക്ഷതായനമ.

37 കൂട്ടംജനങ്ങളണിയിട്ടങ്ങു പോമ്പൊഴുതു
കേട്ടങ്ങു നാടവരുവിട്ടെന്നു ദേശപതി
ദുഷ്ടൻ മഹാകഠിനചിത്തൻ പെരുമ്പടകൾ
കൂട്ടിതുടൎന്നുടനെ—പാപക്ഷതായനമ.

38 ഉത്തുംഗരോഷമോടടുത്താശു ഫൊറൊവരി-
കത്തങ്ങുഷൾശതരഥങ്ങൾ ബഹുതേർകളും
പത്തായിരം കുതിരകൾ മഹാപത്തികളൊ-
ടാത്തിങ്ങുവന്നെതിരു—പാപക്ഷതായനമ.

---

34. കീകസം=അസ്ഥി, സഹനിനായ=കൂടെ കൊണ്ടുപോയി.

35. കാനനപഥിഭി=കാട്ടുവഴിയൂടെ (മരുഭൂമിയിലൂടെ), വാ-
നോർപതി=ദൈവം, രിപുനിപാതനം=ശത്രുക്കളുടെ ആക്രമണം.

36 മഹാതപം=വലിയ വെയിൽ, രജന്യാം = രാത്രിയിൽ,
ദീപം=വിളക്ക്, ഇവ=പോലെ.

38. ഉത്തുംഗരോഷം = ഉയൎന്ന കോപം, ഷഡ്ശതരഥങ്ങൾ
=അറുനൂറു രഥങ്ങൾ. പത്തി=കാലാൾപ്പട.

39 മുമ്പൊണ്ടുചെങ്കടലിലോളമിളകുന്നതും
വമ്പിച്ചപാറകൾ കിളൎന്നിടെജനങ്ങളും
പിമ്പെ പരന്നിഹവരുമ്പടകൾ കണ്ടിട്ടു
കമ്പംപിടിച്ചഹൃദി—പാപക്ഷതായനമ.

40 എന്താവതങ്ങു തലമില്ലായ്കയോ ചിതകൾ
കാന്താരമാക്കിടുവാൻവയമമാന്തിച്ചു
സന്താപമൊടിദമുരച്ചിസ്റായെലിൻെറ
സന്താനമപ്പൊഴുതു—പാപക്ഷതായനമ.

41 മുന്നംതുണച്ച ഘനജാലംജനങ്ങളുടെ
പിന്നംതിരിച്ചു രിപുമുന്നം നിറച്ചിരുളെ
മുന്നോട്ടടുപ്പതിനു വശമില്ലയാതങ്ങു
നിന്നുമഹായുധികർ—പാപക്ഷതായനമ.

42 അത്യത്ഭുതം മരുവശം വെളിവുമൂശതൻ
കയ്യാരുകൊണ്ടുപ്രസരിച്ചുദധിമേൽജലം
കയ്യോട്ടുപോലെ വഴി ശുഷ്കംതിരിച്ചുരണ്ടു
ഭിത്തീസമങ്ങളായി—പാപക്ഷതായനമ.

43 ശുഷ്കവഴിയിൽ സാഗരേ ഗമിച്ചിസ്രായൽ
മക്കളെവരാബാലവൃദ്ധമുടനേവരും
നിഷ്കണ്ടകാരികളറിഞ്ഞു കഥയൊക്കയും
ശുഷ്കവഴിയുംകണ്ടു—പാപക്ഷതായനമ.

---

39. കമ്പം=ഇളക്കം, ഹൃദി=ഹൃദയത്തിൽ

40. ചിത=പട്ടട, കാന്താരം=വനം.

41. ഘനജാലം=മേഘക്കൂട്ടം, രിപു=ശത്രു, യുധികർ=യോദ്ധാക്കൾ.

42. ഉദധി=സമുദ്രം, ശുഷ്കം=ഉണങ്ങിയതു്.

44 പിമ്പേതുടൎന്നുകടൽ മദ്ധ്യേ ഗമിച്ചളവു
മുമ്പോട്ടു തേരുരുൾനിലച്ചു ഗതിനിന്നുടൻ
വമ്പൻമഹാബലമറിഞ്ഞുപരമേശന്റെ
കമ്പംപിടിച്ചു ഹൃദി—പാപക്ഷതായനമ.

45 ജഗദീശലോകർ മറുകരചെന്നുചേൎന്നീശ-
നിഗദാജ്ഞകൊണ്ടു പ്രസരിച്ചാശുമൃശയും
നിഗളിച്ചു വൈരികളൊട്ടങ്ങീടുമാറാംഭ-
സ്സൊരുമിച്ചു ചേൎന്നങ്ങു—പാപക്ഷതായനമ.

46 തേരശ്വാരൂഢപടസേനകളമാത്യരും
പോരാളിവീരരുളവററ സന്നാഹമൊടു
ശ്ശൂരൻനൃപാധമനുമാഹന്തമുങ്ങി-
യക്രൂവാരെ മുടിഞ്ഞുടനെ—പാപക്ഷതായനമ.

47 പാപക്കടൽ തിരകളടിയിൽ കിടന്നടിയു-
മാപന്ന മാനുഷകുലം വീണ്ടുകൊൾവതിന്നു
താപിച്ചുമാനുഷകരൈരധിക കഷ്ടതകൾ
പ്രാപിച്ചു—പാപക്ഷതായനമ.

---

43. ശുഷ്കവഴിയിൽ=വരണ്ട നിലത്തുകൂടെ, സാഗരേ=സമുദ്രത്തിൽ, നിഷ്കണ്ടകാരികൾ=നിർദ്ദയരായ ശത്രുക്കൾ.

44. തേരുരുൾ=തേർച്ചക്രം.

45. ജഗദീശലോകർ = ഇസ്രായേൽമക്കൾ, നിഗദം=വാക്ക്, അംഭസ്സ്=ജലം.

46. അശ്വാരൂഢപടകൾ=കുതിരപ്പുറത്തു കയറിയ സേന, അമാത്യർ=മന്ത്രിമാർ, നൃപാധമൻ=നീചനായ രാജാവ്,, അക്രൂവാരേ=സമുദ്രത്തിൽ.

47. ആപന്നമാനുഷകുലം=ആപത്തിൽ പെട്ട മനുഷ്യവർഗ്ഗം, മാനുഷകരൈഃ=മനുഷ്യകരങ്ങളാൽ.

# പതിനഞ്ചാം വൃത്തം

1 അഹമീശ്വരനൊരു കീർത്തനമഥ ചെയ്തിടുമധുനാ
മഹിമാംബുധിയവനെത്തിയ ജയ കാരണമതിനാൽ
ഹയവും തഥ പടുസാദിനമവനംഭസി കടലിൽ
ലയമാക്കിയ ജയവാൻ മമ—ജയകാരണശരണം.

2 ഇതിതൽകൃതനതി മൂശയുമവദദ്ധൃദിമുദിതം
മൃദുഭാഷിണിനിജസോദരിമിരിയാംകരേമുരജാം
ധൃതിചേർത്തപികളവാണികളൊരുമിച്ചഥ സരസം
സ്തുതിപാട്ടൊടു നടനങ്ങളുമഖിലേശ്വരശരണം.

3 ഇദമീശ്വരജനമദ്രിനജയഘോഷമൊടൊരുമി-
ച്ചുദകാശയരഹിതാടവിദിശി ശ്ശൂരതിനിടയിൽ
ഗതരായവരതിദാഹമൊടഥമാരയ വിഷയിം
ത്രിദിനാന്തരേയവർ ചേന്ന ഹ കരുണാകരശരണം.

---

ഇരുപത്തിനാലുവൃത്തത്തിൽ 20-ാം വൃത്തത്തിൽ ഉപയോഗിച്ചിരിക്കുന്ന ശങ്കരചരിതം ആണ് ഇതിലെ വൃത്തം.

1. അഹം = ഞാൻ, അധുനാ = ഇപ്പോൾ, ഹയം = കുതിര, സാദി = കുതിരപ്പടയാളി, അംഭസി = ജലത്തിൽ.

2. ഇതി = ഇപ്രകാരം, തൽകൃതനതി = അവനായി ചെയ്ത നമസ്കാരം, അവദത്ഹൃദിമുദിതം = ഹൃദയത്തിൽ സന്തോഷത്തോടെ പറഞ്ഞു, മിരിയാംകരേ = മിര്യാമിന്റെ കൈയിൽ, മുരജാം = തപ്പിനെ, കളവാണികൾ = സുന്ദരിമാർ, നടനം = നൃത്തം.

3. ഉദകാശയരഹിതാടവി = ജലാശയങ്ങൾ ഇല്ലാത്ത വനം (മരുഭൂമി) ദിശിശ്ശൂർ = ശ്ശൂർ എന്ന ദിക്കിൽ, ഗതരായ് = ചെന്നുചേന്നവരായി, മാരയവിഷയിം = മാറയദേശത്തിൽ, ത്രിദിനാന്തരേ = മൂന്നു ദിവസങ്ങൾക്കുള്ളിൽ.

4 ജലമദ്രിശിപുളിതിക്തകരസമുള്ള തുമതിനാൽ
ഫലമില്ലൊരു സമയേപി ച ജനവർജ്ജിതമേററം
കലഹത്തൊടു ജനമൊത്തവർ വിവദിച്ചു പറഞ്ഞു
ജലതൃട്ടിനു മൊഴിവെന്തിഹ—കരുണാകരശരണം.

5 മനുജാഗ്രജസരനപ്പൊഴുതജിതാശ്രിതനവനെ
പുനരീശ്വരനഥകാട്ടിയ വനപാദപശിഖരം
വനമായതിലവനിട്ടൊരു സമയേ രുചിയുക്തം
വ്യക്തം ബഹുഗുണമായിതു—കരുണാകരശരണം.

6 ഭുവനേ വനസൃതമാകിയ വൃജിനാംബുവുമിതുപോൽ
ലവണാരുചി മധുരിപ്പതിനുള്ളൌഷധകാരി
അവതീർണ്ണനൃസുതനേറിയ മരമാംകുരിശതുതാ-
നവനാതരുമവനിക്കിഹ—കരുണാകരശരണം.

7 പുനരത്രതഗതരേലിമിലവരെത്തിയാരവിടെ
കിണർ ഷഡ്ദ്വയമപി സപ്തതിപനയുണ്ടിഹ
പാർപ്പാൻ
ഗുണമുണ്ടഥ പരമൻ നിജവഴികൾക്കിദമരുളും
ഗുണദോഷമതിടകണ്ടപി—കരുണാകരശരണം.

---

4. പുളിതിക്തകരസം=പുളിരസവും കൈപ്പുരസവും, ജനവർജ്ജിതം=ജനങ്ങൾ വജ്ജിച്ചതു്, തൃട്ടു്=ദാഹം.

5. മനുജാഗ്രജസരൻ=മനുഷ്യശ്രേഷ്ഠൻ, അജിതാശ്രിതൻ=ഈശ്വരഭക്തൻ, വനപാദപം=വനത്തിലെ വൃക്ഷം, വനം=ജലം.

6. സൃതമാകിയ=ഒഴുകുന്ന, വൃജിനാംബു=പാപജലം, ലവണം=ഉപ്പു്, അവതീർണ്ണനൃസുതൻ=അവതരിച്ച മനുഷ്യപുത്രൻ, അവനം=രക്ഷ, അവനി=ഭൂമി.

7. അത്രത=അവിടെനിന്നു, ഗതർ=അവർ ഗമിച്ചു, കിണർ ഷഡ്ദ്വയം=പന്ത്രണ്ടു കിണർ, സപ്തതി=എഴുപതു്.

8 അഥതല്ഗതിഗതരാതതപദവീതടനടുവിൽ
സ്ഥിരരിവരരുളും പരചരണാശ്രയ രഹിതം
പ്രതികൂലമിതുരചെയ്തവരഹരോനൊടുമനുജം
കഥമെന്തിനിയശനത്തിനു—കരുണാകരശരണം.

9 മിസരിട്ടിശിവയമാം പൊഴുതശനത്തിനു കുറവോ
പശിയിപ്പൊഴുതസഹിഷ്ണുത നിഹനിപ്പതിനിവിടെ
അശനായയാമഗ്നികൊണ്ടിഹവനേയാനയതമിദം
അശനേച്ഛുകൾ വിവദിച്ചിതി—
കരുണാകരശരണം.

10 കരുണാകരപരമൻനിജ-ജനവാക്കലഹത്തെ-
കരുതാതരുൾ ചെയ്താനുരുകരുണാംബുധിഗഗനാൽ
വരുമാമിഷമരുണാസ്തമസമയേ പുനരുദയേ
സരസാശനവകയും ബഹു—കരുണാകരശരണം.

11 ഗഗനാനപിഹദധപതിതാൻ ബഹുപതഗാനപി
ജലദാൽ
വിഗദാന്യഥദിവിജങ്ങളാമദനങ്ങളുമഭുജൻ
ഗഹനസ്ഥലചര നാല്പതുവർഷം പരിഭ്രമിച്ചാർ
വിഹിതാശ്രയ വരരാപിച—കരുണാകരശരണം.

---

8. തല്ഗതിഗതർ=ആ വഴിക്കുഗമിച്ചവർ, അശനം=ഭക്ഷണം

9. വയമാംപൊഴുതു്=ഞങ്ങൾ ആയിരുന്ന കാലത്തു്, അസഹിഷ്ണുത=അസഹ്യത, അശനേച്ഛുകൾ = ഭക്ഷണത്തിനു ഇച്ഛിക്കുന്നവർ.

10. ഉരുകരുണാംബുധി=വലിയ കരുണക്കു് ഇരിപ്പിടം; ഗഗനാത്=ആകാശത്തുനിന്നും, ആമിഷം=മാംസം; അരുണാസ്തമസമയേ=സൂര്യാസ്തമനസമയത്തു്, സരസാശനവക=സരസങ്ങളായ ഭക്ഷണസാധനം.

12 കിമിദം പൊരുളതിന്നുള്ളൊരു വാക്കായ്ത്തുമന്നാ-
സമദൃക്ക്സുത സമമാഗതമവനൌ പരമശനം
സമമാനുഷഗണപോഷണമരുളും ഗതിയരുളും
അമലാത്മജ പ്രതിയാതന—കരുണാകരശരണം.

13 ദിവസം പ്രതിയുദയങ്ങളിൽ ശനിവാസരമൊഴികെ
പൊഴിയും പൊഴുതത്തു ചെന്നവരവർ
സംഗ്രഹമകരോൽ
അധികം ചിലർ കുറയച്ചിലർ സ്വരുമിച്ചതുമഫലം
മതിയുള്ളതിലധികം നഹി—കരുണാകരശരണം.

14 വനമത്സരകരരുണ്ടൊരു വരദാത്ഭുതമശനം
പുനരെന്നുമതറിവാൻ തലമുറജാതരു പറവാൻ
ജനനായകനരുളാലൊരു പറയൊമരുനിറയേ
ഘനജങ്ങളെ നിധിവച്ചവർ— കരുണാകരശരണം.

15 നിജലോകരൊടനഘേശ്വരനിതിയാർദ്രതവളരും
പൊഴുതാജ്ജനമതിലോഭികളതിമോഹവിലാസാൽ
വിഷയേഷികൾ പിഴചെയ്തു വരഹരോനെയുമനുജം
പഴിവാക്കുകളുരചെയ്തിതു—കരുണാകരശരണം.

---

11. അധഃപതിതാൻ=താഴെ വീണവയെ; ജലദാത് = മേഘങ്ങളിൽനിന്നു, ദിവിജങ്ങൾ=സ്വർഗ്ഗത്തിൽ ജനിച്ചവ, അദനം=ഭക്ഷണം; അഭുജൻ=ഭക്ഷിച്ചു; ഗഹനസ്ഥലം=വനം; പരിഭ്രമിച്ചാർ=ചുററിക്കറങ്ങി

12 സമദൃക്സുതസമം=ദൈവപുത്രതുല്യം, അവനൌ=അവനിയിൽ.

13. സംഗ്രഹമകരോത്=സംഗ്രഹിച്ചു (ശേഖരിച്ചു)

14. ഓമർ=ഇടങ്ങഴി, ഘനജം=മന്നാ.

15. അനഘൻ=പാപമില്ലാത്തവൻ, വിഷയേഷികൾ=വിഷയേച്ഛ ഉള്ളവർ; അനുജം=അനുജനെയും.

16 ഘനനൽഗതിമനുസൃത്യ ചമനുജാവലി റഫിടിം
വനദേശവുമഭിഗമ്യ ചനിവസൻ ശിബിരാന്തേ
ജനമാവനേ ജലപാനവിരസകാരണമകുർവ്വൻ
അനുകാമികളനുവാക്കുകൾ — കരുണാകരശരണം.

17 കരുണാകരനരുളാൽ പുനരഹരോനുടെയനുജൻ
കരതാർവടി ധരനാബ്രുതനയാഗ്രിമസഹിതൻ
ഗിരിഹോറമ്പിലൊരു പാറയടിച്ചങ്ങതിശയമായ്
തരിതംജലമൊഴുകിച്ചൊരു — കരുണാകരശരണം.

18 ഇഹതൃഡ്ഭ്രമവശരെ മമ സവിധേബ്വതവരുവിൻ
അഹമൻപൊടു തരുവൻ ജലമതു ജീവിനെയരുളും
ഇദമാരൊരു നരജാതകനരുളായവനെതിരാം
പ്രതിയാതനശിലയാമിതു — കരുണാകരശരണം.

19 റഫിടീമതിലവരോടൊരു പടചെയ്‌വതിനണയും
രിപുജാതിയമാലെക്‌ജനമവരോടെതിരിടുവാൻ
നിപുണായുധധരരും പടപതിനൂൻസുതയോശ്ശും
പ്രതിരോധികൾനടകൊണ്ടിതു-കരുണാകരശരണം

---

16. ഘനനൽഗതിമനുസൃത്യ = മേഘഗതി അനുസരിച്ച്; റഫ ടിംവനദേശം = രെഫിദീം മരുഭൂമി, ശിബിരാന്തേ = കൂടാരത്തിനുള്ളിൽ, അകുർവൻ = ചെയ്തു.

17. കരതാർവടിധരൻ = കയ്യിൽ വടി ധരിച്ചവൻ; അബ്രുതന യാഗ്രിമസഹിതൻ = ഇസ്രായേൽ മൂപ്പന്മാരോടു കൂടിയവൻ; ഗിരിഹോ റബ് = ഹോറബ്പർവതം; തരിതം = വേഗം.

18. തൃഡ്ഭ്രമവശരേ = ദാഹപീഡിതരേ.

19. അമാലെക്ജനം = അമാലെക്കിന്റെ ആളുകൾ; നൂൻസുത യോശ്ശും = നൂനിന്റെ പുത്രനായ യോശുവായും; പ്രതിരോധികൾ = ശ ത്രുക്കൾ,

20 പടചെയ്തുളവബ്രാത്മജനചലോപരിനിലയായ്
നെട്ടകൈകളുയൎത്തീശ്വരനമനാൎത്ഥനവിഷയേ
ഇടിവാരികളിടയിൽ പുനരവരോഹിത സമയേ
ചടവാബ്രഹകുലജൎക്കപി—കരുണാകരശരണം.

21 കരമന്നിരുവശവും നരരുദ്ധാരണമേകി
കിരണാസ്തമനമതായതുവരയും പടപൊരുതാർ
ഇരവാൾക്കുടനരിജാതികളഭവൻ ജയമതികൾ
തിരികേശ്വരജനമാഗതർ—കരുണാകരശരണം.

22 ജയകാരണനരുളാൽ നിജജനസന്തതിയറിവാൻ
ജയവാചികമെഴുതി പുനർജ്ജനനായകനവിടെ
ജയദേശ്വരനൊരു വേദിയുമകരോനതിന്നുടെ പേർ
യഹൊവാ നിഷികൃതവാനിതി-കരുണാകരശരണം.

23 പരമാപര ചരണാഗതശരണത്വമൊഴിഞ്ഞാൽ
പരമാരൊരുതരദുസ്തരദുരിതാംബുധിതരണേ
കരുണാകരനായീടണമരുളീടണമഭയം
ദുരിതാരിഗൃഹീതൎക്കിഹ—കരുണാകരശരണം.

---

20. അബ്രാത്മജൻ=അബ്രാമിന്റെ പുത്രൻ (മോശ); അചലോപരി=പൎവ്വതമുകളിൽ, ഈശ്വരനമനം=ദൈവനമസ്കാരം; ഇടിവ് =തോൽവി; അരികൾ=ശത്രുക്കൾ; അവരോഹിതസമയേ=കൈ താഴുമ്പോൾ; ചടവ്=തോൽവി.

21. കിരണാസ്തമനം= സൂൎയ്യാസ്തമനം; ഇരവാൾക്കുടനരിജാതികളഭവൻ=ശത്രുക്കൾ വാളിനു ഇരയായിഭവിച്ചു.

22. ജയദേശ്വരൻ=ജയം ദാനം ചെയ്തദൈവം; വേദി= യാഗപീഠം; യഹൊവാനിഷികൃതവാൻ=യഹോവനിസ്സി എന്നു പേരിട്ടു.

23. അഭയം=രക്ഷ; ദുരിതാരിഗൃഹീതർ=ദുരിതമാകുന്ന ശത്രുവിനാൽ പിടിക്കപ്പെട്ടവർ.

# പതിനാറാം വൃത്തം

1 അദ്രിസീനാ ചുഴന്നാഭ്രനിർഘോഷവും
തത്രധൂപാഗ്നിമിന്നൽ പിണ്ണർ തിങ്ങവേ
ശബ്ദമുച്ചൈ മുഴങ്ങും വിധൌ കാഹളാൽ
കർത്തൃകർത്താവദൽ—സത്യനാദംജയ.

2 ദാസ്യവാസാൽ മിസർദ്ദേശവാസാൽ പുറ-
ത്താശ്ശുനിന്നാനീതവാൻ പ്രഭുസ്തേ പര-
മേശ്വരോഹമരുതന്യ ദൈവങ്ങൾ തേ
മൽസവിധെധ്രുവം—സത്യനാദംജയ.

3 കൊത്തുബിംബത്തെ നീ വയ്ക്കരുതെ നഭ
പൃത്ഥ്വീതോയങ്ങളിൽ വർത്തനം ചെയ്തിടും
വസ്തുരൂപത്തെ നിർമ്മിക്കസേവിക്കനെ-
മിക്കമാത്വംയതോ—സത്യനാദംജയ.

---

ഇരുപത്തിനാലുവൃത്തത്തിലെ 21-A വൃത്തത്തിൽ ഉപയോഗിച്ചിരിക്കുന്ന സ്രഗ്വിണി യാണു ഇതിലെ വൃത്തം.

1. അദ്രി=പർവ്വതം, അഭ്രനിർഘോഷം=മേഘശബ്ദം, ഉച്ചൈ =ഉച്ചത്തിൽ, കർത്തൃകർത്താവദൻ=ദൈവം പറഞ്ഞു.

[രണ്ടാം പദ്യം മുതൽ 11 വരെ, പത്തുകല്പനകൾ=പുറപ്പാടു് 20;3–17]

2. ദാസ്യവാസാത് = അടിമത്വത്തിൽനിന്നു്. ആനീതവാൻ =ആനയിച്ചു, പ്രഭു..............രോഹം=നിങ്ങളുടെ പ്രഭുവായ ദൈവം ഞാൻ ആകുന്നു, ധ്രുവം=നിശ്ചയം.

3. നഭഃപൃത്ഥ്വീതോയങ്ങളിൽ = ആകാശം, ഭൂമി, ജലം ഇവയിൽ; മാ=അരുതു്.

4 തല്പരമേശ്വരാഹം പ്രബല ക്രോധി പാപാൽ
പിതൃക്കർമ്മദോഷായ ഞാൻ മൂന്നുനാൽ
പുരുഷാന്തംവരെ സന്തതിമേൽ പ്രതി
കാരകൃത്തൌവിധം—സത്യനാഥംജയ.

5 മാമ്പ്രിയപ്പെട്ടു മൽ കല്പന കാപ്പവ-
ക്കായിരങ്ങൾക്കനുകമ്പനത്രെ തവ
ദൈവനാമം വൃഥാമാഗ്രഹാത്തയതൊ
തല്കൃതൻ പാതകൻ—സത്യനാഥംജയ.

6 ഓർത്തുകൊൾക ശുഭശാബ്ബതാംനാളിനെ
കാത്തുകൊൾവാനതി ശുദ്ധിയോടെ സദാ
തീർത്തുകൊൾകാ നിജവേല സർവ്വംദിനം
പേർത്തുമാറുള്ളതിൽ—സത്യനാഥംജയ.

7 കിന്തുനാൾ സപ്തമം സൽപ്രഭോർദൈവനാ-
ളുന്നു ചെയ്യായ്ക നീ വേലയൊന്നും തവ
പുത്രനും പുത്രിയും ദാസിദാസാദിമ-
റ്റന്യനും കാലിയും—സത്യനാഥംജയ.

---

4. തല്പരമേശ്വരാ...............ക്രോധി=നിങ്ങളുടെ ദൈവമായ ഞാൻ തീക്ഷ്ണത (ബൈബിൾ) യുള്ളവൻ ആകുന്നു, പിതൃകർമ്മദോഷായ=പിതാക്കന്മാരുടെ കർമ്മദോഷം മുഖേന, മൂന്നുനാൽപുരുഷാന്തം=മൂന്നുനാലു തലമുറ, പ്രതികാരകൃത്തൌവിധം=അങ്ങനെ പ്രതികാരം ചെയ്യുന്നവനാകും

5. ആയിരങ്ങൾക്ക്=ആയിരം തലമുറകൾക്ക്, വൃഥാമാഗ്രഹാത്=വൃഥാ എടുക്കരുത്, തല്കൃതൻപാതകൻ=അതു ചെയ്യുവനാരോ അവൻ പാപിയാകുന്നു.

7. കിന്തു=എന്നാൽ ആകട്ടെ, സപ്തമം=ഏഴാമത്തേതു്.

8 ആറുനാൾ കൊണ്ടഖിലേശനാകാശവും
പാരക്രൂവാരവും വസ്തുസൎവ്വസ്വവും
സൃഷ്ടി ചെയ്തേഴിൽ വിശ്രാന്തവാന്തദ്ദിനം
ശുദ്ധമാക്കിപരാൽ—സത്യനാദംജയ.

9 ദൈവകത്താതവനൾകുമദ്ദിക്കിൽ നിൻ
ഭവ്യകാലങ്ങൾ ദീർഘങ്ങളായീടുവാൻ
താതമാതാക്കളെ മാനമോടെ സദാ
ആദരിച്ചീടുനീ—സത്യനാദംജയ.

10 നീ കുല ചെയ്യരുതു, വ്യഭിചാരവും
മാകുരുമോഷണം ചെയ്തു പോകായ്ക നീ
ത്വത്സമീപസ്ഥൻെറ നേൎക്കനൃതമാം
സാക്ഷി ചൊല്ലായ്ക നീ—സത്യനാദംജയ.

11 ത്വത്സമീപസ്ഥഗേഹത്തെ മോഹിക്കരു
തസ്യജായാഞ്ചദാസ്യാദി തൽഗോചരൌ
തസ്യാന്യവസ്തുക്കളേകദാപി പരി
കാംക്ഷ ചെയ്യായ്ക നീ—സത്യനാദംജയ.

12 ഇപ്രകാരം ദശ കല്പനകൾ പര-
നത്ഭുതനാദമോടുച്ചരിക്കും വിധൌ

---

8. പാരക്രൂവാരവും=ഭൂമിയും സമുദ്രവും, വിശ്രാന്തവാൻ=വിശ്രമിച്ചു, തദ്ദിനം=ആ ദിവസം.

10. മാകുരു=ചെയ്യരുതു്, അനൃതം=അസത്യം.

11. ത്വൽ..............ഗേഹത്തെ = നിൻെറ അയൽക്കാരൻെറ വീടിനെ, തസ്യജായാംച=അവൻെറ ഭാൎയ്യയെയും, ദാസ്യാദി=ദാസ്യർ തുടങ്ങി, ഗോചരൌ=കാളകളും കഴുതകളും, ഏകദാപി=ഒരിക്കൽ പോലും, പരികാംക്ഷ=ആഗ്രഹം.

തല്പ്രതാപങ്ങളെക്കണ്ടുഴന്നു ജനം
വിഭ്രമപ്പെട്ടവർ—സത്യനാദംജയ.

13 ഈശസാന്നിദ്ധ്യഭീത്യാജനയാചനാൽ
മൂശസീനാമുകൾ പുക്കു മദ്ധ്യസ്ഥനായി
ഐശധർമ്മാജ്ഞകൾ വാങ്ങിനാൻ നാല്പതു
വാസരം കൊണ്ടവൻ—സത്യനാദംജയ.

14 മർത്ത്യസംഘം വിളംബം നിമിത്തം മറു
ത്തൊത്തു കൂടീട്ടിദം ചൊല്ലി മൂശാഗ്രജം
തീക്ദൈവങ്ങളെങ്ങൾക്കു വാഗ്ദത്തമാം
ദിക്കിനെത്തിടുവാൻ—സത്യനാദംജയ.

15 ഒട്ടുനാളായ് ഗമിച്ചിട്ടഹോ മൂശതാൻ
പെട്ടുപോയോ വരാഞ്ഞെന്തുവാനിങ്ങനെ
കേട്ടവാക്കതെടുക്കാതെ കണ്ടാഹരോൻ
നാട്ടിനാൻ വിഗ്രഹം—സത്യനാദംജയ.

16 ദാരപുത്രാദികൾക്കുള്ള സ്വർണ്ണങ്ങളെ
സ്വൈരമായ് ചേർത്തുരുക്കിച്ചമച്ചാനൊരു
ഹേമവത്സത്തിനെ കാൺകിസ്രായെൽ നിൻ
ദൈവമെന്നാനിദം—സത്യനാദംജയ.

---

12. ദശകല്പന=പത്തു കൽപ്പന.

13. ഭീത്യാ= ഭീതികൊണ്ട്, ഐശധർമ്മാജ്ഞകൾ = ഈശന്റെ ധർമ്മകൽപ്പനകൾ.

14. വിളംബം=താമസം, മൂശാഗ്രജം=മൂശയുടെ ജ്യേഷ്ഠനായ അഹറോനോട്.

15 പെട്ടുപോയോ=മരിച്ചുപോയോ.

17 വത്സരൂപപ്രതിഷ്ഠോത്സവം ചെയ്തു പോ
തുൽകൃഷ്ടകോപമോടീശ്വരൻ ചൊല്ലിനാൻ
മത്സരക്കൂട്ടമേററുന്ന പാപങ്ങളെ
വത്സരൂപാർച്ചനാൽ—സത്യനാഥംജയ.

18 ഇജ്ജനത്തെ നശിപ്പിച്ചു നിൻസന്തതിം
അഞ്ജസാഹം പെരുപ്പിപ്പനെന്നാനിദം
സജ്ജനാധീശ്വര വാക്യങ്ങൾ കേട്ടടൻ
സജ്ജനാഗ്രേസരൻ—സത്യനാഥംജയ.

19 പ്രാർത്ഥിച്ചു ദൈവകോപം ശമിപ്പിച്ചു താ
നാർത്തികൈക്കൊണ്ടു മൂശാക്ഷണം താഴ്‌വരെ
മർത്ത്യസംഘാർച്ചന മദ്ധ്യമാഗച്ഛനായ്
ക്രൂദ്ധനായേററവും—സത്യനാഥംജയ.

20 പത്തു ദൈവാജ്ഞകളീശ്വരൻ ചാർത്തിയ
കല്പലകകളുമിട്ടുപൊട്ടിച്ചവൻ
കല്പനാലംഘകാൻ ശിക്ഷ ചെയ്‌വാനതി
തല്പരനായവൻ—സത്യനാഥംജയ.

---

16. ദാരപുത്രാദികൾ=ഭാര്യമക്കൾ തുടങ്ങിയവർ, ഹേമവത്സം =സ്വർണ്ണനിർമ്മിതമായ കാളക്കുട്ടി.

17. വത്സരൂപപ്രതിഷ്ഠോത്സവം =കാളക്കുട്ടിയുടെ പ്രതിമയുള്ള പ്രതിഷ്ഠോത്സവം; അർച്ചന=പൂജ.

18. സന്തതിം= സന്തതിയെ; അഞ്ജസാഹം=ഞാൻ ഉടനെ

19. ആഗച്ഛനായ്=വന്നവനായി.

20. കൽപ്പനാലംഘകാൻ=കൽപ്പന ലംഘിച്ചവരെ.

21 വത്സരൂപം പൊടിച്ചാശു തീററീടിനാൻ
ഉത്സുകന്മാരെ മൂവായിരം വാളിനാൽ
നിഗ്രഹിപ്പിച്ചുടൻ ലേവ്യജന്മാർ കരാൽ
വ്യഗ്രതപ്പെട്ടവർ—സത്യനാഥംജയ.

22 കർത്തകർത്താജനമുഗ്രപാപത്തിനാൽ
തല്കൃപയ്ക്കന്യരാക്കി ചമച്ചാകിലും
തല്പ്രീതിഭക്തരോടുള്ള സംവാദനം
ഓർത്തുരക്ഷിക്ക നീ—സത്യനാഥംജയ.

23 ഇത്ഥമാദിസ്തവം ചെയ്തു മൂശെശപരാൽ
ആർത്തിപോക്കീടുമാശ്വാസവാക്യങ്ങളെ
പാർത്തിരിയാതെ വാങ്ങിത്തദാ ലോകരിൽ
ചേർത്തുകൌശല്യവും—സത്യനാഥംജയ.

24 ദേവദേവ തവ കല്പന കാപ്പതി
ന്നാവതില്ലെങ്ങളനിഷ്ടരെന്നാകിലും
ദേഹിദേഹം പിരിയുംപൊഴുതാത്മനാം
ദേഹിരക്ഷാം വിഭോ—സത്യനാഥംജയ.

---

21. നിഗ്രഹിപ്പിച്ചു=വധിപ്പിച്ചു, ലേവ്യജന്മാർ=ലേവിവംശക്കാർ

23. ഇത്ഥമാദിസ്തവം ചെയ്തു=ഇപ്രകാരം സ്തുതിച്ചു; കൌശല്യം =കുശലത (മംഗളം)

24. ദേഹിദേഹം പിരിയും പൊഴുതു്=ആത്മാവു് ശരീരത്തിൽ നിന്നു പിരിയുമ്പോൾ (മരണസമയം); ആത്മനാംദേഹിരക്ഷാം=ആത്മാവിന്നു രക്ഷ ദാനം ചെയ്താലും.

# പതിനേഴാം വൃത്തം.

1 ശാസ്ത്രങ്ങളശേഷം ഗുരു സീനാമലമുകളിൽ
പാർത്തങ്ങു ലഭിച്ചാത്മജനത്തിന്നു കൊടുത്തു.
പേർത്തും വഴിയാത്രയ്ക്കു പദാർത്ഥങ്ങളൊരുക്കി
പാർത്തൊട്ടുദിനം തത്ര— സമസ്തേശനമസ്തേ

2 യജ്വാത്മജരാദാബബിഹൂവാഖ്യപുമാന്മാർ
ആജ്ഞാവിധി ലംഘിച്ചു മദിച്ചീശനു ധൂപാൻ
ഉജ്വല്യ തതോ ഗത്യ മഹേശാദതിരോഷം
തീജ്വാലയിലുൾപ്പെട്ടു— സമസ്തേശനമസ്തേ

3 രണ്ടാണ്ടു കഴിഞ്ഞിങ്ങു തിരിച്ചിട്ടഥ മാസം
രണ്ടാമതിലാരംഭദിനേ യെണ്ണി ജനത്തെ
കണ്ടാ "നണിമാലാനത" മർത്ത്യാഃ പുരുഷാഗ്രേ
ശണ്ഠക്കതിവിരുതായി— സമസ്തേശനമസ്തേ.

4 ലേവ്യാത്മജരായുള്ള വരാബാലകവൃന്ദം
ദേവാലയസേവക്കിരുപത്തീരായിരവും

---

ഇരുപത്തിനാലുവൃത്തം 23-ാം വൃത്തത്തിൽ ഉപയോഗിച്ചിരിക്കുന്ന മദനാർത്തയാണ് ഇതിലെ വൃത്തം.

1. ആത്മജനം = സ്വന്തം ജനം.

2 യജ്വാത്മജർ = അഹറോന്റെ മക്കൾ (നാദാബ്, അബിഹൂവ്) ധൂപാൻ = ധൂപങ്ങളെ; ഉജ്വല്യ = ഉജ്വലിപ്പിച്ചിട്ട്; ഗത്യ = ഗമിച്ച്; മഹേശാത് = ഈശ്വരനിൽനിന്ന്.

3. $\frac{\text{"നണിമാലാനത"}}{0\ 5\ 5\ 3\ 0\ 6}$ = പരല്പേരിൻ പ്രകാരം, ആകെ എണ്ണപ്പെട്ടവർ = 603550 ആകുന്നു.

പൂർവ്വം ശതഗാബ്ദ്വരുഹജാതേതിസലക്ഷ്മം
ദൈവാനുകൂലം കാൺക—സമസ്തേശനമസ്തേ.

5 ആവാഹനിവാസക്രമമത്യത്ഭുതമോക്കിൽ
ദൈവാലയദൂഷ്യം നടുഭാഗത്തുചുററും
മൂശാദികൾ കേഹാദിഗേർഷോന്മീറാരാസ്സുകൾ
പൂർവ്വാദിക്രമംപോലെ—സമസ്തേശനമസ്തേ.

6 യൂദായിസഹക്കർസെബലോൻ പൂർവ്വദിശിക്കും
റൂബൻ സിമയോൻ ഗാദ്ദമവാചി മുഖഭാഗേ
എഫ്രേം മനസാബന്ന്യാമപരേചോത്തരയിൽ
ദാൻ നപ്ത്തലിആശേരും—സമസ്തേശനമസ്തേ.

7 യാത്രയ്ക്കുമതിന്നൊത്ത ക്രമത്തോടിളകീടും
ആദ്യം ഘനജാലം വാഴികാട്ട്യങ്ങ നടക്കും
യൂദാകൊടി മുമ്പുണ്ടു നടുക്കീശ്വരദൂഷ്യം
ദാനും ബലമത്യന്തേ—സമസ്തേശനമസ്തേ.

8 സീനാമലവിട്ടായതപാറാന്മലയുടെ
തബേറയിൽ വന്നാത്രജനം ദുർമ്മുഖമേററി

---

4. ലേവ്യാത്മജർ=ലേവിയുടെ മക്കൾ.

5. ആവാഹിനിവാസക്രമം = ആ സേനയുടെ വാസത്തിന്റെ ക്രമം; ദൈവാലയദൂഷ്യം=സമാഗമനക്കൂടാരം; മൂശാദി..........രാസ്സുകൾ =മൂശ തുടങ്ങിയവർ, കെഹാത്യർ, ഗേർശോന്യർ, മെരാര്യർ എന്നിവർ പൂർവ്വാദിക്രമം പോലെ=കിഴക്കെ ദിക്കു മുതൽ ക്രമം അനുസരിച്ച്.

6. പൂർവ്വദിശിക്ക്=കിഴക്കെ ദിക്കിന്ന്; അവാചി = തെക്കെ ദിക്ക്; അപരേ=പടിഞ്ഞാറെ ദിക്കിൽ; ഉത്തരയിൽ=വടക്കദിക്കിൽ.

7. ഘനജാലം=മേഘക്കൂട്ടം; ദാനംബലമത്യന്തേ=ദാനും സേനയും ഏററവും പിമ്പിൽ.

ദൈവാഗ്നി ദഹിപ്പിച്ചു കളഞ്ഞൊട്ടുജനത്തെ
ദേവാശ്രയരഹിതേഷു—സമസ്തേശനമസ്തേ.

9 പിന്നീടുതിരിച്ചവരത്തൊമ്പതൽ ദിശിപുക്ക
മന്നാമതിയല്ലെന്നു വിവാദിച്ചു ജനൗഘം
പത്രീഗണമാനീതമശിച്ചേറെ ജനങ്ങൾ-
ക്കെത്തി പിടിപെട്ടാർത്തി—സമസ്തേശനമസ്തേ.

10 ഒട്ടേറെജനം വ്യാധിപിടിച്ചവര മരിച്ചു
ശിഷ്ടാനവിത്തും ദൈവനിയോഗാൽ പ്രവയസാ
പെട്ടെന്നു തിരിഞ്ഞാക്കിതദാ സപ്തതിമൂശാ
ഛട്ടങ്ങൾ പകർന്നോട്ടു—സമസ്തേശനമസ്തേ.

11 പോയ്‌വിട്ടഥ തദ്ദേശൌ മസറോത്തതിലെത്തി
നേർവ്വിട്ടഥമറിയാമഹറോനും സഹജേന
വായ്‌വിട്ടു പറഞ്ഞീശപരകോപേയവർപെട്ടു
സാകുഷ്ഠവതിയായി—സമസ്തേശനമസ്തേ.

12 മൂശാർത്ഥനഹേതോ പരിപൂതാപിചദൈവാൽ
സാശാസ്ത്രവിധിക്കൊത്ത പരീക്ഷാദി കഴിച്ചു
നിർഗത്യ പുനക്കാദശുബന്യാന്തരെരിദ്ദമാർ
ദിക്കെത്തി ഇരുന്നത്രെ—സമസ്തേശനമസ്തേ.

---

8. ആയതം=നീളമുള്ള; ദൈവാശ്രയരഹിതേഷു= ദൈവാശ്രയമില്ലാത്തവരിൽ.

9. ജനൗഘം=ജനക്കൂട്ടം; പത്രീഗണം=പക്ഷികൾ; ആനീതം =ആനയിക്കപ്പെട്ട.

10. സപ്തതി=എഴുപതു്.

11. സഹജേന = സഹോദരനാൽ: സാകുഷ്ഠവതിയായി= അവൾ കുഷ്ഠരോഗം ബാധിച്ചവളായി.

12. മൂശാർത്ഥനഹേതോ=മൂശയുടെ പ്രാർത്ഥന ഹേതുവായി; പരിപൂതാ=പരിശുദ്ധയായവൾ; സാ=അവൾ.

13 പാലും മധുവൊഴുകുന്നപിതി പുകൾ
പൊങ്ങിനദേശേ.
കാൽ വയ്പതിനാശങ്കിതരായത്ര മടിച്ചു
ആലോചന ചെയ്തോററരുപോയിടണമേവം
ആലംബനമുണ്ടാക്കി—സമസ്തേശനമസ്തേ.

14 ഈശങ്കലവിശ്വാസജനാലോചന കേട്ടു
മൂശാ പരമേശാദനുവാദാലപസർപ്പാൻ
ദേശേ സ ത്തുചരിതും പുനരീരാറു മനുഷ്യാ
നാശിർവചസാവിട്ടു—സമസ്തേശനമസ്തേ.

15 യോഷ്വാഗ്രിമനവരിൽ ചരരോരോദിശി ചെന്നു
വേഷാദിമറച്ചാന്തരസൂക്ഷ്മങ്ങൾ തിരഞ്ഞു
ദേശേഷ്വദിനം നാല്പതു വിചരിച്ചു തിരിച്ചു.
തോഷൈസ്സ്വകുലം പ്രാപു—സമസ്തേശനമസ്തേ.

16 പോരുംവഴി ഫലപൂരിതദ്രാക്ഷാശിഖരത്തെ
ഭാരത്തടി ചേർത്തിങ്ങു നയിച്ചായതുകണ്ടു
പാരം കൊതിപൂണ്ടാകിലുമാകർണ്യവിശേഷം
പോരും ഗതിയെന്നായി—സമസ്തേശനമസ്തേ.

---

13. ആശംകിതർ=ശങ്കിച്ചവർ; ഒററർ=ഒററുകാർ.

14. അപസർപ്പാൻ=ഒററുകാരെ; ദേശേ=ദേശത്തിൽ; സ=അവൻ; ചരിതും=ചരിക്കുന്നതിന്.

15. യോഷ്വാഗ്രിമനവരിൽ=അവരിൽ പ്രധാനി യോശുവ ആയിരുന്നു; ദേശേഷു = ദേശങ്ങളിൽ; തോഷൈ = സന്തോഷത്തോടെ; പ്രാപു=പ്രാപിച്ചു.

16. ഫലപൂരിതദ്രാക്ഷാശിഖരം=ഫലം നിറഞ്ഞ മുന്തിരിക്കൊമ്പ്; ആകർണ്യ=കേട്ടിട്ട്.

17 കഷ്ടം കുടിതിന്നൊക്കെ മുടിക്കുന്നൊരുദേശം
നെട്ടാംഗ കരുത്തോട്ടമനാക്കാത്മജരാജ്യം
സ്പഷ്ടം പൊടിനാമൊപ്പമവൎക്കുന്നതമേറും
കോട്ടയ്യെത്തിരെന്തൊള്ളൂ—സമസ്തേശനമസ്തേ

18 ഇത്ഥം പ്രതിബന്ധോക്തികൾ ചെയ്തൊട്ടുപറഞ്ഞു
പത്തൊററരു ചിത്തേഷുജനാനാം ഭയമേററി
കത്താൽ ചപലക്കാശ്ശു പെരുത്തീശ്വരവാചാ
ചേൎത്തില്ല മനക്കാമ്പിൽ—സമസ്തേശനമസ്തേ.

19 അയ്യയ്യോ മരിപ്പിപ്പതിനായിട്ടു നയിച്ചോ
പൊയ്യല്ല തിരിക്കാമടിമക്കെത്രെ പൊറുപ്പു
കൈപൊക്കി വിലാപിച്ചു വിലാപിച്ചു ജനൌഘം
കൈ കണ്ട ഗുണംവിട്ടു—സമസ്തേശനമസ്തേ.

20 മൂശാപ്യഹരോനും പരമേശായ വിളിച്ചു
യോഷാചതുകാലേബു കലക്കത്തെയമൎത്താൻ
ശാസിച്ചുപശാസിച്ചവർ യാചിച്ചു പറഞ്ഞു
നീചൎക്കു തെളിഞ്ഞീല—സമസ്തേശനമസ്തേ.

21 കല്പ്രേഷണമുന്നന്ന ജനഭ്രാന്തിവരുത്തും
സച്ചിന്മയകാന്ത്യുത്ഭുതമായത്ര വിളങ്ങി
അച്ചാലെ നമസ്കൃത്യ വിനീതാൎത്ഥനചെയ്തു
ലജ്ജിച്ചു ജനംനിന്നു—സമസ്തേശനമസ്തേ.

---

17. നെട്ടാംഗക......................രാജ്യം = അനാക്കിന്റെ പുത്രന്മാരായ ദീൎഘകായന്മാരും കരുത്തരും വസിക്കുന്ന രാജ്യം.

18. പ്രതിബന്ധോക്തി = തടസ്സവാക്കുകൾ; പത്തൊററർ = പത്തു ഒററുകാർ; ചിത്തേഷുജനാനാം = ജനങ്ങളുടെ മനസ്സിൽ.

21. കല്പ്രേഷണമുന്നന്ന = കല്ലെറിവാൻ ഒരുങ്ങുന്ന; സച്ചിന്മയകാന്തി = ഈശ്വരതേജസ്സ്.

22 തല്പ്രാർത്ഥന കൈക്കൊണ്ടു പരൻ ക്രോധമടക്കി
കല്പിച്ചു വനേ നാല്പതു കാലങ്ങളലഞ്ഞു്
അപ്പാപികൾ വിംശാദധികപ്രായികൾ ചത്തേ
നൽഭൂമി കടക്കാവൂ—സമസ്തേശനമസ്തേ.

23 പെട്ടെന്നു മഹാവ്യാധി പിടിച്ചാശുമരിച്ചു
ദുഷ്ടപ്പിശുനർപത്തുമതെകണ്ടുഭയന്നു
പൊട്ടഗ്ഗുണമദ്ധ്യാപകശിഷ്ടിക്കു വഴങ്ങി
പെട്ടെങ്കിലുമാപത്തു—സമസ്തേശനമസ്തേ.

24 ദൈവാനുമതത്തോടു കടപ്പാൻ നിരസിച്ചോർ
ദൈവാജ്ഞവിനാ ശത്രുജയത്തിന്നു ജനങ്ങൾ
ഭാവിച്ചു തിരിച്ചന്നു മടുത്തോടിബഹൂനാം
ജീവന്നു ലയംവന്നു —സമസ്തേശനമസ്തേ.

25 അക്കാലമലംവാക്കലഹത്തിന്നു മുതൻ
ധിക്കാരികൾ കോറാനപിദാതാനബിറാമും
മുഖ്യസ്ഥത മൂശാഗ്രജയോരേവയവർക്കും
കൈയ്യെത്തണമെന്നോർത്തു—സമസ്തേശനമസ്തേ.

---

22 വിംശാദധികപ്രായികൾ = ഇരുപതു വയസ്സിൽ കൂടുതൽ പ്രായം ഉള്ളവർ.

23 ദുഷ്ടപ്പിശുനർ = ദുഷ്ടരായ ഒററുകാർ; ശിഷ്ടി = ആജ്ഞ.

24. ദൈവാജ്ഞവിനാ = ദൈവകല്പന കൂടാതെ; ബഹൂനാം = ബഹുജനങ്ങളുടെ.

25. മുഖ്യസ്ഥത……………എത്തണം = മോശയെയും അഗ്രജനെയും പോലെ മുഖ്യസ്ഥാനം അവർക്കും കരഗതമാകണം.

26 ലേവ്യോത്ഭവകോറാനിരുന്നൂററമ്പതുപേരും
ധൂപങ്ങൾ ധരിച്ചു ഗുരുവൃത്തിക്കു തുടങ്ങി
ദാതാദികൾ വാടാതെ കലക്കങ്ങൾ വളൎത്തി
വാദേന നിവാസേഷു—സമസ്തേശനമസ്തേ

27 അത്യന്തതേജസ്സു പ്രകാശിച്ചു ജനത്തെ
കത്തും ദഹനമ്മാത്രയിൽ മൂശാസഹരോനും
അൎത്ഥിച്ചു സദാനന്ദ കൃപാലോകരിൽവീണ്ടും
വൎദ്ധിപ്പതിനായിട്ടു—സമസ്തേശനമസ്തേ.

28 ദാതാനബിറാമൌസകുഡുംബം വിഭജിച്ചു
ഭൂവായിലകപ്പെട്ടു നശിച്ചുക്ഷണമാത്രെ
കോറാൻ നിജവൎഗ്ഗൈസ്സഹദേവാഗ്നിയിലായ്‌വെ
ണ്ണീറായി വലംചേൎന്നു—സമസ്തേശനമസ്തേ.

29 അപ്പാതകനാശത്തിനു മൂശാദികൾമൂലം
ഇത്യാദ്യപവാദം പുനരജ്ഞാനികളോതി
അപ്പാപികൾ ദ്വയസപ്തസഹസ്രംഗദതാപെ
ഉൾപ്പെട്ടു നശിച്ചാത്തു—സമസ്തേശനമസ്തേ.

30 അത്രാന്തരെ മൎത്ത്യക്കിഹബാധായപരാജ്ഞാൽ
ഗോത്രം പ്രതിയോരോതടിവച്ചീശപരമുമ്പിൽ
മാത്രം നിശിയൊന്നിൽ തടി ഹാറോൻെറ തളിൎത്തു
പൂത്തൊട്ടു ഫലം കാച്ചു—സമസ്തേശനമസ്തേ

---

28. ദാതാനബിറാമൌ=ദാതാനും അബിറാമും, നിജവൎഗ്ഗൈസ്സഹ=തൻെറ വൎഗ്ഗത്തോടുകൂടെ, വെണ്ണീറായി=ഭസ്മമായി.

29. ദ്വയസപ്തസഹസ്രം=പതിന്നാലായിരം, ഗദതാപെ=ബാധമൂലമുള്ള ദുഃഖത്താൽ.

31 ദൃഷ്ട്വാത്ഭുതമേതൽജനമാരോനെ വരിച്ചു
ഇഷ്ടാത്മ്യധിപത്വം നിജവംശസ്ഥിതമാക്കി
നിഷ്ഠൂരഗണം കഷ്ടത നിറയുന്ന വനത്തിൽ
നഷ്ടം ഗതരായത്ര—സമസ്തേശനമസ്തേ.

32 സർപ്പാദികൾ പൂരിച്ച മഹാഘോരവനങ്ങൾ
ശഷ്പാദികൾ മീളാത്ത മണല്പാറതടങ്ങൾ
അപ്പാദികളില്ലാക്കഴികുന്നംഗുഹയെല്ലാം
അപ്പാംശവിശേഷങ്ങൾ—സമസ്തേശനമസ്തേ.

33 ഭക്ഷ്യത്തിന്നു മന്നാ പരമാത്മാ നിയമിച്ചു
പാനത്തിന്നു ഝരയെയനുയാനം ചെയ്യിച്ചു
വസ്ത്രത്തിന്നജീർണ്ണത്വമതും ചേർത്തുജനത്തെ
കാത്തന്നുദയാംഭോധി— സമസ്തേശനമസ്തേ.

34 ആണ്ടിങ്ങനെ മുപ്പത്തുമൊരെട്ടും വിപിനത്തിൽ
വേണ്ടുംവഴിചുററിച്ചിസ്രായെലെയൊട്ടുക്കം
വീണ്ടും പരദത്തശ്രുതദേശാന്തികദിക്കിൽ
കൊണ്ടാക്കിമഹാത്മാവു—സമസ്തേശനമസ്തേ.

35 സീനാവനെകാദേശതിൽ മൂശാഭഗനീതാൻ
ചേന്നാൾമരണം തത്ര ജലക്ഷോഭികൾവീണ്ടും

---

31. ദൃഷ്ട്വാത്ഭുതമേതൻ = ഈ അത്ഭുതം കണ്ടിട്ട്

32. ശഷ്പം = പുല്ല്, മീളാത്ത = വളരാത്ത, അപ്പ് = ജലം.

33. ഝരം = അരുവി, അനുയാനം = അനുയാത്ര, ദയാംഭോധി = ദയാസമുദ്രം.

34. പരദത്തശ്രുതദേശാന്തികദിക്കിൽ = ഈശപരദത്തവും വിശ്രുതവും ആയ ദേശസമീപം.

ക്ഷീണാത്മകരായിട്ടു വിവാദിച്ചു നിമിത്തം
വീണാപദിമൂശാപി—സമസ്തേശനമസ്തേ.

36 വെള്ളംകൊടിദംചൊല്ലുവതിന്നാജ്ഞയിരിക്കെ
തല്ലാലൊഴുകിച്ചാംബു ശിലാംസൊദ്വയവട്ടം
ചൊല്ലാർന്നദിശപ്രാപ്തിവരാന്മൂശഹരോന്മാ
ക്കില്ലാഗതിയെന്നായി—സമസ്തേശനമസ്തേ.

37 ഏശാവുതന്തുജാത്മജർ വാഴന്ദിശയൂടെ
ദേശത്തൂകടപ്പാൻ വഴിയാചിച്ചിസ്രായേൽ
ദ്ദൂതാളുകളെ വിട്ടു പുരാതദ്വേഷതയോർത്തു
ഏദോമ്പതി കേട്ടില്ല—സമസ്തേശനമസ്തേ.

38 ഏദോമ്യനെ മാനിന്ദ്യതിവാക്യസ്മരണേന
വേദാത്മകരാഹോർമ്മലനെക്കങ്ങുഗമിച്ചു
യജ്ഞാകരൻ പിതാവത്ര മരിച്ചാപദവീതൽ
പുത്രാദ്യജരിന്നായി—സമസ്തേശനമസ്തേ.

39 ആരാദൊരു കാനാൻപതി നേരിട്ടു ജനങ്ങൾ
പോർതല്ലിയൊഴിച്ചപ്പുരദേശങ്ങളശേഷം

---

35. മൂശാഭഗിനി=മോശയുടെ സോദരി (മിര്യാം), ജലക്ഷോഭികൾ=ജലത്തിനുവേണ്ടി ക്ഷോഭിച്ചവർ, ആപദി=ആപത്തിൽ.

36. തല്ലാൽ=അടിയാൽ, അംബു=ജലം, ശില=പാറ; ദ്വയവട്ടം=രണ്ടു പ്രാവശ്യം, ചൊല്ലാർന്ന ദിശപ്രാപ്തിവരാൻ=പ്രസിദ്ധദേശപ്രാപ്തിവരങ്ങൾ.

37. ഏദോംപതി = ഏദോമിന്റെ അധിപൻ, തന്തുജാത്മജർ =പുത്രന്റെ പുത്രന്മാർ, പുരാതദ്വേഷത=പണ്ടുള്ള ശത്രുത.

പാരാതെ നശിപ്പിക്കുമിത്തേവംശപഥേന
നേരെ ചലരായങ്ങു—സമസ്തേശനമസ്തെ.

40 അക്കാലമഹോദുർഗ്ഘടമാർഗ്ഗെത്തിരിയുമ്പോൾ
ഉൾക്കാൺപുതെളിഞ്ഞീല ജനങ്ങൾക്കശനത്തിൽ
ചില്ക്കാതലയച്ചുൾക്കടനാഗങ്ങൾ കടിച്ചു
ദുഷ്ക്കാരികൾ വീണൊട്ടു—സമസ്തേശനമസ്തെ.

41 പാപത്തിനു പിടിപെട്ടുള്ളാപത്തിദമെന്നാ
പാപിഷ്ഠരറിഞ്ഞിട്ടനുതാപിച്ചൊരു നേരം
നാഗപ്രതിരൂപത്തെ ഉയർത്തീട്ടതു പാർപ്പാൻ
നാകപ്പെരുമാളേകി—സമസ്തേശനമസ്തെ.

42 നാഗക്ഷതരാശിച്ചതു വീക്ഷിച്ചു സുഖത്തെ
പ്രാപിച്ചതുപോൽ പാപവിഷം തീണ്ടിയലോകം
ഗാഗുൽത്താമലേനാട്ടിയ ദിവ്യസ്വരൂപത്തെ
ഉൾക്കൺപാർത്തുയിരേക്ക—സമസ്തേശനമസ്തെ.

43 ഹാ! ദുർഗ്ഘടസംസാരപഥേയോറമലഞ്ഞു
മേൽസ്വർഗ്ഗകനാൻ നേക്കു ഗമിക്കും തവലോക
ക്കാപത്തുകൾനീക്കിപരമാശാഗുണശക്തിം
ആവിർഭവമാക്കീട്ടു—സമസ്തേശനമസ്തെ.

---

40. ചിൽക്കാതൽ = ഈശ്വരൻ, ഉൽക്കടനാഗങ്ങൾ = ഭയങ്കര സർപ്പങ്ങൾ.

41. നാകപ്പെരുമാൾ = സ്വർഗ്ഗാധിപൻ.

43. ആവിർഭവമാക്കീട്ടു = ആവിർഭവിപ്പിക്കുക (ഉളവാക്കുക.)

# പതിനെട്ടാം വൃത്തം

1 പരമദത്തകനാൻ ദേശകാമികൾ
പെരിയക്കൂട്ടംപുനസന്മുനാദിയാം
അരിയദേശങ്ങളൂടാൻദാംനദി
അരികിൽവന്നെത്തി—ക്രിസ്തോനമൊസ്തുതെ.

2 തരുവഴി വഴിവിട്ടു പോക്കില്ലിതി
നരപതിസീഹോനോടപേക്ഷിക്കയിൽ
നിരസനംചെയ്തു മോറാധിപൻപട
പരിചിൽക്കൂട്ടിനാൻ—ക്രിസ്തോനമൊസ്തുതെ.

3 പടവട്ടം ബഹുഘോരമപിന്നുപൻ
അടിപെട്ടുപോയിസ്രായേൽജനങ്ങളാൽ
തടവൊട്ടുംകൂടാതാപ്രദേശത്തവർ
കുടിവട്ടമായി—ക്രിസ്തോനമൊസ്തുതെ.

4 എതിർത്തുപിന്നീട്ടവനാഭീമോഗിനെ
അമർത്തി ദേശങ്ങളെയും ജയിച്ചുടൻ
സമർത്ഥരായ്സ്ഥിരിച്ചേര്യാർദ്ദാന്നരികത്തിൽ
തറച്ചുപാളയം—ക്രിസ്തോനമൊസ്തുതെ.

---

24 വൃത്തത്തിലെ 22-ാം വൃത്തത്തിൽ ഉപയോഗിച്ചിരിക്കുന്ന ഉപസർപ്പിണിയാണ് ഇതിലെ വൃത്തം.

2) നിരസനം ചെയ്തു=നിരസിച്ചു, അമോറാധിപൻ=അമോര്യരാജാവ്.

4. ഭീമോഗിനെ=ഭീമനായ ഓഗിനെ.

5 ജയമേററം കൊണ്ടുട്ടക്കം ജനങ്ങളിൽ
ഭയമേററംപൂണ്ടുമോവാബിൻഭൂപതി
ക്ഷയമാക്കംവഴിനോക്കിബാലാക്കടൻ
വ്യയമേററംചെയ്തും—ക്രിസ്തോനമൊസ്തുതെ.

6 കിഴക്കെല്ലാംപുകഠംകൊണ്ടബ്ബാലാമ്മിനെ
വഴക്കിക്കൊണ്ടപന്നാലിജ്ജനനാശനം
കഴിക്കംശാപംകൊണ്ടെന്നോത്തുദൂതരെ
കിഴക്കൊട്ടുവിട്ടു—ക്രിസ്തോനമൊസ്തുതെ.

7 അതിന്നസവ്ഭൂമാന്യസമ്മാനമെ
ന്നാധിപന്നംപോകൊല്ലായെന്നു ദൈവവും
കഥനം ചെയ്കതിൽ മാമോൻ വിളികേട്ടു
ചതിവിലുഠംപ്പെട്ടു—ക്രിസ്തോനമൊസ്തുതെ.

8 കപടമാമുനിപോകുംവഴിയതിൽ
തടവുനിന്നോരുദൈവദൂതാകൃതിം
കഴുതകണ്ടുപിണങ്ങിഅടിപെട്ടി
ട്ടൊഴിഞ്ഞിരുഭാഗം—ക്രിസ്തോനമൊസ്തുതെ.

9 ചുമരിൽപെട്ടുഞെരിഞ്ഞുപാദംമുനി
അരിശപ്പെട്ടടിക്രൂട്ടിദുരാഗ്രഹി
വിഷമപ്പെട്ടടൻനാവക്കഴുതയ്ക്കു
അഴിയപ്പെട്ടുപോയി—ക്രിസ്തോനമൊസ്തുതെ.

10 കഴുത സങ്കടം ചൊന്നതു് കേട്ടിട്ടു
മിഴിമിഴിച്ചത്ഭുതപ്പെട്ടുനോക്കുമ്പോഠം

6. ബാലാം=ബിലയാം (ബൈബിഠം)
8. ദൈവദൂതാകൃതിം=ദൈവദൂതരൂപത്തെ.

വഴിതട്ടപ്പനെകണ്ടുതാൻ ചെയ്യോത്ത
പിഴകളുംനേരെ—ക്രിസ്തൊനമൊസ്തുതെ.

11 വിഹിതകർമ്മനീയെങ്കിലും ദൈവത്താൽ
വിഹിതവാചകമാത്രനാമെന്നാത്തും
നിഗദിച്ചുദൂതനും മറഞ്ഞുമുനി
നിരഗമല്പുരം—ക്രിസ്തൊനമൊസ്തുതെ.

12 പുരമതിൽചെന്നു ബാലാക്കമായുടൻ
പരമ്പരാകംതുടന്നു പലതരം
ഒരു ദോഷംപോലും കാണാഞ്ഞിസ്രായേലിൽ
പരിശ്രമപ്പെട്ടു—ക്രിസ്തൊനമൊസ്തുത.

13 വരമുരപ്പാൻതുടന്നുബാലാമ്മിനെ
പരിഭവത്തോടുകൂട്ടികൊണ്ടുനൃപൻ
വരമൊരടത്തുവച്ചു പരീക്ഷിച്ചു
പരിഹാരത്തിന്നു—ക്രിസ്തൊനമൊസ്തുതെ.

14 രുചിരമെത്രനിൻപാളയംയാക്കോബെ
തവചകൂടാരവുംതഥൈസ്രായേലെ
ഇതുപോലേററംപുകഴ്ത്തുന്നധീരനിൽ
കുപിതനായ് നൃപൻ—ക്രിസ്തൊനമൊസ്തുതെ.

15 പലഭവ്യങ്ങളുമെത്രയുമത്ഭുതം
പലകാലംമുമ്പുചൊന്നാപ്രവാചകൻ

---

11. നിരഗമത് = നിർഗമിച്ചു
14. തഥൈസ്രായേലേ = ഇസ്രായേലേ അപ്രകാരം തന്നെ.

നിദ്രയുമിസ്രായേലിൻെറ ജയങ്ങളും
ബലവുംകാട്ടിനാൻ—ക്രിസ്തോനമൊസ്സുതെ.

16 വരുമൊരുതാരംയാക്കോബിൽനിന്നിതി
വരവുംമെശിഹാരാജ്യപ്രതാപവും
പരദേശഗ്രേക്കരോമ്മാജനങ്ങളാൽ
വരുംവിരോധവും—ക്രിസ്തോനമൊസ്സുതെ.

17 കനകമോഹിതൻകാംക്ഷയുംവ്യൎത്ഥമായി
അനഘനോടുള്ളസംബന്ധവുംപോയി
മനസികോപംനിറച്ചുതിരിച്ചുപോയി
അനഘൻതന്നിലും—ക്രിസ്തോനമൊസ്സുതെ.

18 ഹരംവരുത്താനിസ്രായേൽ കുലത്തിനു
തരമൊന്നും കണ്ടുകിട്ടാഞ്ഞുപിന്നെയും
ദുരിതമാൎഗ്ഗേ വലപ്പാനിസ്രായേലെ
ഗുരുമന്ത്രംചെയ്തു—ക്രിസ്തോനമൊസ്സുതെ.

19 മിദിയനായകാർ സേവിക്കും ദേവൻെറ
പ്രതിബിംബം ബാല്പിയോറിൻമഹോത്സവെ
മദനമദ്യസേവാദിക്കിസ്രായേലിൽ
കുടിചിട്ടുൾപെട്ട—ക്രിസ്തോനമൊസ്സുതെ.

20 വസന്തവന്നുപിടിപെട്ടമൎത്ത്യരെ
അസംഖ്യകൊണ്ടുപോകുമ്പൊളിലിയാസർ

17. കനകം=സ്വൎണ്ണം, വ്യൎത്ഥമായി=നിഷ്ഫലമായി, അനഘൻ
=വിശുദ്ധൻ.
18. ഹരം=നാശം.

തനയനാംഫിനിയാസിന്റെ ഭക്തിയാൽ
വിനയൊഴിച്ചതും—ക്രിസ്ത്യാനമൊസ്തുതെ.

21 മിദിയനായ്യേക്കാരാം ദുഷ്ടജാതിയോ
ടെതിരട്ടഞ്ഞുനൃപാൻബിലയാമപി
തദനുസൈന്യസമേതംജനത്തെയും
കദനംചെയ്തിതു—ക്രിസ്ത്യാനമൊസ്തുതെ.

22 നദിയോർദാനു കിഴക്കു ജയിച്ചുള്ള
സ്ഥലമശേഷമാത്രുബെനും ഗാദിനും
മനസാവംശപാതിക്കുമായ് മൂശതാൻ
പകുതിചെയ്തുടൻ—ക്രിസ്ത്യാനമൊസ്തുതെ.

23 സ്ഥലവിശേഷങ്ങളേററംപറയുന്നാ
ഗിലയാദും ബാഷാനുമററുമിങ്ങനെ
മലദേശങ്ങളവക്ക്വെകാശമായി
കലിതമീവണ്ണം—ക്രിസ്ത്യാനമൊസ്തുതെ.

24 കഴിഞ്ഞുവത്സരംനാല്പതും ചെങ്കടൽ
കടന്നവർകളിൽ യോഷ്വായും കാലെബും
ഒഴിഞ്ഞുമൂശയും മററുള്ളവരെല്ലാം
കഴിഞ്ഞു കാനനെ—ക്രിസ്ത്യാനമൊസ്തുതെ.

25 നദികടന്നാൽ കനാനെത്തിയെന്നുള്ളിൽ
അധികസന്തോഷികൾക്കിടിപെട്ടപോൽ

21. നൃപാൻ= രാജക്കന്മാരെ, കദനം ചെയ്തു = ദുഃഖിപ്പിച്ചു (ബന്ധിച്ചു.)

23. കലിതം=ചെയ്യപ്പെട്ടു. (നൽക്')

മതി നീ ജീവിച്ചതെന്നു മൂശാമഹൊ
കഥിതവാൻ പ്രഭു—ക്രിസ്തോനമൊസ്സുതെ.

26 ഇതിലേററം പുനരെന്തയ്യോ വിസ്മയം
അതുലവിസ്മയകമ്മിയാം മൂശക്കും
വിധിവന്നീലിക്കാനാനകംപൂകുവാൻ
ദുരിതകാരണം—ക്രിസ്തോനമൊസ്സുതെ.

27 വലഞ്ഞുദേശാന്തരിയായ്ഗമിച്ചവൻ
തിരിഞ്ഞുഫേറോയെനിഗ്രഹംചെയ്തവൻ
പുകഞ്ഞസീനാമുകൾപുക്കുകൊണ്ടവൻ
തികഞ്ഞശാസ്ത്രങ്ങൾ—ക്രിസ്തോനമൊസ്സുതെ.

28 അടുത്തു ദൈയ്വമഹത്വത്തെക്കണ്ടവൻ
നടത്തിദൈയ്വജനത്തെ ഭരിച്ചവൻ
കടത്തി കാനനങ്ങൾ വന്നനർത്ഥങ്ങൾ
തടുത്തുകൊണ്ടവൻ—ക്രിസ്തോനമൊസ്സുതെ.

29 മരണകാലമടുത്തെന്നറിഞ്ഞുതാ-
നൊരുമയിൽ ചേർത്തുകൂട്ടിജനങ്ങളെ
ചരിതമെല്ലാം കഴിഞ്ഞവാറം പരൻ
കരുണ ചെയ്തതും—ക്രിസ്തോനമൊസ്സുതെ.

30 സകലധമ്മശാസ്ത്രങ്ങൾ കത്തവ്യമാം
സുകൃതകമ്മങ്ങൾ ന്യായവിധികളും
നിഖിലനീതിമുറകളാചാരവും
നിഗദിച്ചാനന്നു—ക്രിസ്തോനമൊസ്സുതെ.

---

25. മൂശാം=മോശയോടു, കഥിതവാൻപ്രഭു= ദൈവം പറഞ്ഞു
30. നിഗദിച്ചാൻ=പറഞ്ഞു.

31 സുകൃതികൾക്കെത്തുമാനന്ദസൌഖ്യവും
വികൃതികൾക്കുള്ളാപത്തുമരിഷ്ടയും
വിവൃതമാക്കിപറഞ്ഞു മഹാത്മാവു
സുഹൃദനായേററം—ക്രിസ്തോനമൊസ്തുതെ

32 അനുസരണവാക്യങ്ങളെപ്പേരുമെ
ഗുണദോഷിച്ചുകൊടുത്തോരനന്തരം
അനുതാപത്താൽ തിരിവാനസജ്ജനം
പുനരാദേശിച്ചു—ക്രിസ്തോനമൊസ്തുതെ.

33 നിജസമനൊരുദിവ്യപ്രവാചകൻ
വിശദമാമിതിരക്ഷകസാക്ഷിയും
വദന്നപിനിജസ്ഥാനത്തിലാക്കിനാൻ
വിജയന്നൂനജം—ക്രിസ്തോനമൊസ്തുതെ.

34 കൊടുത്തുവേദപ്രമാണമർപ്പിച്ചുതാൻ
പഠിതാമേരുമാ പാർശ്വകരങ്ങളിൽ
പഠിച്ചുഗീതവും സർവ്വദാ സാക്ഷിയാ—
യ്ക്കൊടുത്തുലോകർക്കു—ക്രിസ്തോനമൊസ്തുതെ.

35 അനുഗ്രഹംചെയ്തു ഗോത്രങ്ങളെ തദാ
മനസിമോദമോടേറിനെബോഗിരിം
തനിക്കുൾപ്പൊയ്ക്കൂടാത്തുള്ള ദേശങ്ങളെ
തനിച്ചാദർശിച്ചു—ക്രിസ്തോനമൊസ്തുതെ.

---

31. വിവൃതമാക്കി = തുറന്നു, സുഹൃദൻ = നല്ല ഹൃദയമുള്ളവൻ
32. അസജ്ജനം = ദുർജ്ജനത്തെ, ആദേശിച്ചു = ഉപദേശിച്ചു
33. വദൻ = പറഞ്ഞവൻ, നൂനജം = നൂനിന്റെ പുത്രനെ (യോശുവായെ)
35. നെബോഗിരിം = നെബോപർവ്വതത്തിൽ, ആദർശിച്ചു = കണ്ടു.

36 മരണമുണ്ടായുടന്മലമേലുടൽ
പരമദൂതർ മറച്ചു നിഗ്രൂഢമായി
ചരമകാലമാർക്കെത്തുന്ന ഭവ്യമായി
മരണമീവണ്ണം—ക്രിസ്തൊനമൊസ്തുതെ.

37 മധുരമെത്രയും സ്വർലൊകയാത്രയി
തമലദൈവാത്മദത്തമാം ദേഹിയെ
അമലകൈയ്യിൽ സമർപ്പിച്ചുശാന്തനായ്
ഗമനം ചെയ്തങ്ങ—ക്രിസ്തൊനമൊസ്തുതെ.

38 മരണസിന്ധുവിൽ മുങ്ങിയും പൊങ്ങിയും
പരവശപ്പെട്ടും പാപിക്കു നിന്നുടെ
കരുണയാകുമുഡുപത്തടിയിട്ടു
പരിപാലിക്കനീ—ക്രിസ്തൊനമൊസ്തുതെ.

---

38. ഉഡുപത്തടി=പൊങ്ങുതടി.

**KOTTAYAM PUBLIC LIBRARY**

**KOTTAYAM**

Cl. No. MAI          Acc. No. 21438

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 13 JUL 2000 | | |
| -3 JUL 2017 | | |

If the book is not returned on due date
a fine of 25 Ps. per day will be charged

MAI 24438

കൊച്ചുകുഞ്ഞുറൈറ്റർ കോന്നയിൽ

ക്രൈസ്തവവേദചരിത്രം - മുപ്പത്തി

നാലുവൃത്താം